വോള്യം – 8 ലക്കം –148 മാർച്ച് 2026 മലയാളം – ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www. keralapedia.com

# ഫിലിം വിഷൻ


DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, KX PHARMA, HLL LIFE CARE, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

## MARCH 2026 film fest

## വിശ്വസാഹിത്യവും വിശ്വ സിനിമയും

ചലച്ചിത്രമേള പരമ്പര. ഭാഗം 8 9 10








QUO VADIS
Author - Henryk Sienkiewicz
Director - Jerzy Kawalerowicz
10.00 AM







FAUST
Author - Johann Wolfgang Von Goethe
Director - Alexander Sokurov
02.00 PM







THE MAGIC MOUNTAIN
Author - Thomas Mann
Director - Hans W Geibenderfer
04.30 PM

29 SUNDAY March
Joint Council Hall
Near Press club
Trivandrum

FREE ENTRY TO ALL

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



March Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-IX

filca




ബീന മാത്യു. കഥാകൃത്ത്. നോവലിസ്റ്റ്. ഫിൽക്കയുടെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായിരുന്നു.

ആദരാഞ്ജലികൾ

March Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-IX

filca

# FILM VISION DIGITAL FILM MAGAZINE

## WHAT'S INSIDE MARCH 2026

INDEX


1. വിശ്വ സാഹിത്യവും വിശ്വസിനിമയും ഫിൽക്കയ്ക്ക് 25 വയസ്സ് , 25 സിനിമകൾ -ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 12



2. വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ* ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ എട്ടാം ഭാഗം – ( പ്രതികരണം ) – ജോൺ തോമസ് ( ഫിൽക്ക ) 17



3. ക്വോ വാഡിസ് – വിനോദ് കുമാർ. പി, (ഫിൽക്ക) 22



4. ഹെൻറിക് സിയൻക്വേവിച്ച് : ക്വോ വാദിസ് എന്ന നോവലിന്റെ രചയിതാവ് – ലീലാമ്മ തോമസ് (ഫിൽക്ക ) 25



5. ജെർസി കവാലെറോ : ക്വോ വാഡിസ് എന്ന സിനിമയുടെ സംവിധായകൻ – സുരേഷ്കുമാർ. സി ( ബീം ഫിലിം സൊസൈറ്റി ) 29



6. ഫൗസ്റ്റ് : സാഹിത്യത്തിൽ നിന്ന് സിനിമയിലേക്ക് ഉള്ള ദാർശനിക യാത്ര – പ്രൊഫ. ബേബി പോൾ ( ഫിൽക്ക ) 32



7. ഗേയ്ഥെ ( രചയിതാവ് ) – ജ്യോതിഷ് കുമാർ പി. എസ്. ( ഫിൽക്ക) 35




Website:www.filca.in Email:filcakerala@gmail.com

March Film Festival

ഫിലിം വിഷൻ
Digital Magazine Published by Filca Film Society

World Literature & World Cinema Part-IX

# FILM VISION DIGITAL FILM MAGAZINE

## WHAT'S INSIDE MARCH 2026

INDEX


8. അലക്സാണ്ടർ സൊകുറോവ് : റഷ്യൻ ഫിലിം മാസ്റ്റർ – സാബു ശങ്കർ ( ഫിൽക്ക ) 45



9. ഫൗസ്റ്റിന്റെ അപഥസഞ്ചാരം ( കവിത ) – രാജാംബിക (വൈസ് പ്രസിഡന്റ് , ഫിൽക്ക ) 48



10. മലമുകളിലെ മാന്ത്രികാനുഭവങ്ങൾ ഏറ്റുവാങ്ങിയ ലോലഹൃദയൻ – ജോൺ തോമസ് ( ഫിൽക്ക ) 51



11. തോമസ് മാന്റെ നോവൽ 'മാജിക് മൗണ്ടൻ' ആസ്പദമാക്കിയുള്ള ചലച്ചിത്രം – സാബു ശങ്കർ ( ഫിൽക്ക ) 56



12. തോമസ് മൻ ('മാജിക് മൗണ്ടൻ' ) – ഡോ. പി. അജികുമാർ( ഫിൽക്ക) 59



13. ഹാൻസ് ഡബ്ലിയു. ഗൈസെൺഡോർ ( മാജിക് മൗണ്ടൻ സിനിമയുടെ സംവിധായകൻ) . – ഗിരിജ സുരേന്ദ്രൻ (ഫിൽക്ക ) 62




Website:www.filca.in Email:filcakerala@gmail.com


Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX




എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
കേരളത്തിന്റെ ഭംഗി ലോകത്തെ അറിയിക്കാൻ കേരള ടൂറിസം വകുപ്പിനൊപ്പം നിങ്ങളും പങ്കുചേരൂ. സ്വന്തം നാടിന്റെ ഒരു വീഡിയോ തയ്യാറാക്കി നിങ്ങളുടെ സോഷ്യൽ മീഡിയ പേജിൽ #entekeralamennumsundaram എന്ന ഹാഷ്ടാഗിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക്/ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് (@keralatourism) അപ്ലോഡ് ചെയ്യൂ. തിരഞ്ഞെടുക്കുന്ന മികച്ച ദൃശ്യങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോയിൽ ഉൾപ്പെടുത്തുന്നതാണ്.
Maitri.com
കേരള സർക്കാർ
kerala
God's Own Country

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca



March Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-IX

# വിശ്വസാഹിത്യവും വിശ്വസിനിമയും

## ഫിലിം ഫെസ്റ്റിവൽ പരമ്പര

എല്ലാവർക്കും സ്വാഗതം പ്രവേശനം സൗജന്യം

- ഫിലിം മാഗസിൻ ഓരോ മാസവും പ്രത്യേക പതിപ്പ്
- All editions are availble on www.filca.in

ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്

ഫിൽക്ക ഫിലിം സൊസൈറ്റി 25-ാം വാർഷികം

25 സിനിമകൾ

29 March 2026 | Sunday | @ Joint Council Hall, Near Press Club, Trivandrum


### Film Fest Final Part — March



10:00 AM **QUO VADIS**
Henryk Sienkiewicza - Nobel Prize winner Novelist.
Dir. Jerzy Kawalero
2001/ Poland / 160 min.



2:00 PM **FAUST**
Johann Wolfgang Von Goethe ( Play Writer ).
Dir. Alexander Sokurov / 2011/ Russia/ 134 min.



4:30 PM **THE MAGIC MOUNTAIN**
Thomas Mann. Nobel Prize winner, Novelist.
Dir. by Hans W Geibenderfer
1982 / Austria - France - Germany/ 153 min.

### Film Fest Part - 8 — February

10:00 AM **PRIDE AND PREJUDICE**
Based on the novel by Jane Austen
Directed by Joe Wright /Starring Keira Knightley & Matthew Macfadyen / 2005 / USA , UK, France /127 min

2:00 PM **WUTHERING HEIGHTS**
Film based on Emily Bronte
Dir. by William Wyler & Starring Laurence Oliver & Merle Oberon /1939 /USA/ 103 min

5:00PM **MADAME BOVARY**
Film based on Gustav Flaubert
Directed by Sophie Barthes
2014 / Germany, USA , Belgium/118 min

22 Sunday, February 2026 @ Joint Council Hall, Near Press Club, Trivandrum

### Film Fest Part - 7 — January

9:30AM **GONE WITH THE WIND**
Novel by Margaret Mitchell
Directed by Victor Fleming
1959/ 234 Min/ USA

2:30 PM **MOTHER**
Novel by Maxim Gorky
Directed by : Vsevolod Pudovkin
1926 / 89 Min/ USSR

4:15 PM **THE COUNT OF MONTE CRISTO**
Novel by Alexandre Dumas
Directed by : Matthiew Delaporte & Alexandre de la Patelliere / 2024/ 178 Min/ France

31 Saturday, January 2026 @ Joint Council Hall, Near Press Club, Trivandrum

### Film Fest Part - 6 — November

9:30AM **DOCTOR ZHIVAGO**
Nobel Prize Novelist - Boris Pasternak
Dir : David Lean
1965 / UK -Italy - USA

2:00 PM **WERCKMEISTER HARMONIES**
Nobel Prize Novelist - Krasznahorkai/
Dir. Bela Tarr/2000 / Hungary

4:30 PM **BLINDNESS**
Nobel Prize Novelist - Jose Saramago
Dir. Fernando Meirelless
2008/ Canada, Japan, U.K

30 Sunday, November 2025 @ Joint Council Hall, Near Press Club, Trivandrum

### Film Fest Part - 5 — October

10:00 AM **TIN DRUM**
Nobel Prize winner Gunter Grass
Directed by Volker Schlöndorff
Germany / 2019 / 142 Min.

1:30 PM **WAITING FOR THE BARBARIANS**
Nobel Prize winner J M Coetzee
Directed by Ciro Guerra /
Italy - USA/ 2019 / 112 Min.

3:45 PM **OLDMAN &THE SEA**
Nobel Prize winner Gunter Grass
Directed by Volker Schlöndorff
Germany / 2019 / 142 Min.

26 Sunday, October 2025 @ Joint Council Hall, Near Press Club, Trivandrum

### Film Fest Part - 4 — September

10:00 AM **THE PLAGUE**
Albert Camus
Directed by Luis Peunzo.
1992 /101 Mins / Argentina France- UK

2:00 PM **METAMORPHOSIS**
Franz Kafka
Directed by Chris Swanton
2012 /85 Mins / UK

4:00 PM **RHINOCEROS**
Eugene Ionesco
Directed by Tom O' Horgan.
1974 / 101 Mins / USA

30 Tuesday, September 2025 @ Joint Council Hall, Near Press Club, Trivandrum

### Film Fest Part -3 — August

10:00 AM **ANNA KARENINA**
Leo Tolstoy - Novel - 1878
Film/ 2012 /130 Mins / UK - USA
Directed by Joe Wright

2.30 PM **LES MISERABLES**
Victor Hugo - Novel - 1862
Film/ UK - Germany - USA / 1998/ 134 Min
Directed by Bille August

21 August 2025 Thursday
St. Xavier's College, Thumba



### Film Fest Part -2 — July

10:00 AM **THRONE OF BLOOD**
William Shakespeare ( Macbeth)
1957 / Japan / 110 Mins.
Directed by Akira Kurosawa

01:00 PM **BROTHERS KARAMAZOV**
Fydor Dostoevsky
1958/ USA / 145 Mins
Directed by Richard Brooks

03:35 PM **DON QUIXOT**
Miguel Cervantes
1957 / USSR / 110 Mins.
Directed by Gregory Kozintsev

31 July 2025, Thursday
Cine Paradise Film Club
Faris Odeh College Union 2024-25,
Govt. College for Women



### Film Fest Part -1 — June

Screening 3 PM/
**LOVE IN THE TIME OF CHOLERA**
Gabriel Garcia Marquez/ USA/
2007/ 139 Mins
Dir : Mike Newell

Screening 5:45 PM/
**HAMLET**
William Shakespeare/
USSR / 1964 / 140 Min.
Dir : Gregory Kozintsev

21 June 2025, Saturday
State Central & Public Library Auditorium



FILCA FILM SOCIETY in association with Joint Council, KX Pharma, HLL Life Care, Sindoor Eco Stay, BEAM FS, Chalachithra Academy, AFSO (Association of Film Societies) & other Organizations.

filcakerala@gmail.com 80 890 360 90 www.filca.in


വിശ്വ സാഹിത്യവും വിശ്വ സിനിമയും
ചലച്ചിത്രമേള : പരമ്പര അവസാന ഭാഗം
29 മാർച്ച് 2026 (ഞായർ)
ജോയിന്റ് കൗൺസിൽ ഹാൾ
ഫിൽക്ക ഫിലിം സൊസൈറ്റി 25-ാം വർഷം
25 സിനിമകൾ
ജോയിന്റ് കൗൺസിൽ, ബിം ഫിലിം സൊസൈറ്റി, ചലച്ചിത്ര അക്കാദമി, KX ഫാർമ, HLL ലൈഫ് കെയർ
കേരള പീഡിയ ഓൺലൈൻ ന്യൂസ് ചാനൽ, കേരള വിഷ്വൽ എൻസൈക്ലോപീഡിയ
പ്രവേശനം സൗജന്യം
•LEKTURA SZKOLNA•
FILM JERZEGO KAWALEROWICZA
QUO VADIS
NA PODSTAWIE POWIEŚCI HENRYKA SIENKIEWICZA
10:00 AM
ക്വോ വാഡിസ്
നോബൽ പ്രൈസ് നോവലിസ്റ്റ് : ഹെൻറിക് സീൻകീവിച്ച്
സംവിധാനം : ജേർസി കവാലറോവിച്ച്
2001 / പോളണ്ട് /160 മിനിറ്റ്
Alexander Sokurov
Faust
2.00 PM
ഫൗസ്റ്റ്
നാടകകൃത്ത് : ജൊഹാൻ വോൾഫ്ഗാങ് വോൺ ഗോയ്ഥേ
സംവിധാനം : അലക്സാണ്ടർ സൊകുറോവ്
2011 / റഷ്യ / 134 മിനിറ്റ്
Rod Steiger Hans Christian Blech Charles Aznavour
THOMAS MANN'S
THE MAGIC MOUNTAIN
"has a HYPNOTIC PULL... with first rate performances" -DVD Talk
4.30 PM
മാജിക് മൗണ്ടൻ
നോബൽ പ്രൈസ് നോവലിസ്റ്റ്: തോമസ് മൻ
സംവിധാനം : ഹാൻസ് ഗീബെൻഡെർഫെർ
1982 / ഓസ്ട്രിയ, ഫ്രാൻസ്, ജർമ്മനി / 153 മിനിറ്റ്
filcakerala@gmail.com 80 890 360 90 Film magazine @ www.filca.in

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

# വിശ്വസാഹിത്യവും വിശ്വസിനിമയും : ഫിൽക്കയ്ക്ക് 25 വയസ്സ്, 25 സിനിമകൾ



**ഡോ. ബി. രാധാകൃഷ്ണൻ**
( പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി )

ഒരു ദേശത്തിന്റെ സാംസ്കാരിക മുന്നണി സമ്പന്നമാവുമ്പോഴാണ് സമൂഹത്തിലും ഗുണകരമായ, മൂല്യവത്തായ പ്രതിഫലനങ്ങൾ ഉണ്ടാവുന്നത് . യുക്തിഭദ്രമായ അറിവിലും വൈജ്ഞാനിക ലഭ്യതയിലും ചലനങ്ങൾ സംഭവിക്കുമ്പോൾ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പുരോഗമനം സംഭവിക്കുന്നു . കലയും സാഹിത്യവും സിനിമയും നാടകവും ഉൾപ്പടെയുള്ള ബോധരൂപീകരണം ജനകീയ പ്രസ്ഥാനങ്ങൾക്കും വഴിവെളിച്ചമേകുന്നു .

കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം ഇന്ത്യയിൽ തന്നെ മുന്നിട്ട് നിന്ന കാലഘട്ടമുണ്ടായിരുന്നു .കേരള സമൂഹത്തിന്റെ ചരിത്രത്തിൽ കലാവിഭാഗങ്ങൾ നിർവഹിച്ച പങ്ക് സുപ്രധാനമാണ് . ലോകത്ത് കലാസാംസ്കാരിക മണ്ഡലത്തിൽ എന്ത് സംഭവിക്കുന്നുവെന്നും കേരളം എവിടെ നിലകൊള്ളുന്നുവെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. ഒരു ഫിലിം സൊസൈറ്റിയുടെ സാംസ്കാരിക ധർമ്മം അർത്ഥവത്തായി , സമൂഹത്തിനും യുവതലമുറയ്ക്കും പ്രയോജനകരമായി നിറവേറ്റുക എന്ന ലക്ഷ്യത്തിൽ ഫിൽക്കയുടെ 25-)o വാർഷിക പദ്ധതിയായി, 'വിശ്വസാഹിത്യവും വിശ്വസിനിമയും ' എന്ന ചലച്ചിത്രമേള പരമ്പര അവതരിപ്പിക്കാൻ നിശ്ചയിച്ചു . സാബു ശങ്കറിനെ അതിന്റെ ചുമതല ഏൽപ്പിച്ചു . രണ്ടു വർഷം മുൻപേ ഫിലിം സൊസൈറ്റിയുടെ കൂട്ടായ്മയിൽ ഈ പദ്ധതി ഫിൽക്ക മുന്നോട്ടു വെച്ചു. അന്തരിച്ച ഷാജി.എൻ. കരുൺ പ്രോത്സാഹനം നൽകി . മറ്റു ഫിലിം സൊസൈറ്റി ഭാരവാഹികളും പിന്തുണച്ചു.

വിശ്വസാഹിത്യ കൃതികളും രചയിതാക്കളും സിനിമകളും സംവിധായകരും സമൂഹത്തിനു വ്യക്തമായി പരിചയപ്പെടാൻ ഫിൽക്കയുടെ ഡിജിറ്റൽ ഫിലിം മാഗസിൻ ഓരോ ലക്കവും പ്രത്യേകം ആസൂത്രണം ചെയ്തു . സ്ഥിരമായ വായനയ്ക്കും ഉപയോഗത്തിനും പ്രതിമാസ ഫിലിം ഫെസ്റ്റിവൽ സംബന്ധിച്ച മാഗസിൻ ഫിൽക്കയുടെ വെബ്സൈറ്റിൽ സൂക്ഷിക്കാനും നിശ്ചയിച്ചു . www.filca.in യിൽ ഓരോ ലക്കവും ലഭ്യമാണ് .

ഒട്ടേറെ പ്രതിസന്ധികൾ നേരിട്ടു കൊണ്ടാണ്. ഈ ചലച്ചിത്രമേള സംഘടിപ്പിച്ചത്. എല്ലാവർക്കും പ്രവേശനം സൗജന്യമായിരുന്നു . മാഗസിനിൽ പരസ്യങ്ങൾ ക്ലേശിച്ചു കണ്ടെത്തിയാണ് ഫെസ്റ്റിവൽ ചെലവ് നടത്തിയത് . പരസ്യങ്ങൾ നൽകി സഹായിച്ച എല്ലാ സ്ഥാപനങ്ങളോടും നന്ദി പറയുന്നു . ഫിൽക്ക

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

ഫിലിം സൊസൈറ്റി അംഗങ്ങളെ കൂടാതെ മറ്റുള്ളവരും ചെറുലേഖനങ്ങൾ തയ്യാറാക്കി ഈ പദ്ധതിയെ വിജയിപ്പിച്ചു .

വിശ്വസാഹിത്യവും വിശ്വസിനിമയും എന്ന ഫിലിം ഫെസ്റ്റിവൽ പതിപ്പുകളിലെ ഉള്ളടക്കം ഒരു പുസ്തകമാക്കാൻ ഫിൽക്ക ഫിലിം സൊസൈറ്റി തീരുമാനിച്ചിട്ടുണ്ട്. പൊതു സമൂഹത്തിനും സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കും ഈ ഗ്രന്ഥം പ്രയോജനപ്രദമായിരിക്കും .

2025 ജൂൺ മുതൽ ഓരോ മാസവും രണ്ടും മൂന്നും സിനിമകൾ പ്രദർശിപ്പിച്ചുകൊണ്ട് 2026 മാർച്ച് മാസത്തിൽ ഈ പ്രത്യേക പരമ്പരയിലെ 25 സിനിമകൾ പൂർത്തിയാവുകയാണ് .

## പ്രദർശിപ്പിച്ച സിനിമകൾ താഴെ കൊടുക്കുന്നു .




**21 ജൂൺ 2025 ശനി / പബ്ലിക് ആൻഡ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി / ഉദ്ഘാടനം - ജോർജ്ജ് ഓണക്കൂർ & പ്രേംകുമാർ .**

1. **ലവ് ഇൻ ദി ടൈം ഓഫ് കോളറ**/ നോവലിസ്റ്റ് - ഗബ്രിയേൽ ഗാർസിയ മാർകേസ് / സംവിധായകൻ - മൈക്ക് ന്യൂവെൽ / അമേരിക്ക / 2007.

2. **ഹാംലെറ്റ്** / നാടകകൃത്ത് - വില്യം ഷേക്സ്പിയർ / സംവിധായകൻ - ഗ്രിഗറി കൊസിന്റ് സേവ് / യു.എസ്.എസ്.ആർ / 1964.




**31 ജൂലൈ 2025 വ്യാഴം / ഗവ.കോളേജ് ഫോർ വിമൻസ് / ഡോ.ഉമാജ്യോതി, പ്രിൻസിപ്പൽ . ഡോ . ആശ ജീവൻസത്യൻ, സിനി പാരഡൈസ് ഫിലിം ക്ലബ് , ഫിദ എ ഫാത്തിമ, ചെയർപേഴ്സൺ .**

3. **ത്രോൺ ഓഫ് ബ്ലഡ്** ( മാക്ബെത് )/ നാടകകൃത്ത് - വില്യം ഷേക് സ്പിയർ / സംവിധാനം - അകിര കുറൊസാവ/ ജപ്പാൻ /1957 .

4. **ദി ബ്രദേഴ്സ് കരമസോവ്** / നോവലിസ്റ്റ് - ഫിദോർ ഡോസ്റ്റോവ്സ്കി / സംവിധായകൻ - റിച്ചാർഡ് ബ്രൂക്ക്സ് / അമേരിക്ക / 1958.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

5. **ഡോൺ കിക്സോട്ട്** / നോവലിസ്റ്റ് - മിഗുവേൽ സെർവാന്റസ് / സംവിധായകൻ - ഗ്രിഗറി കൊസിന്റ്സേവ് / യു.എസ്.എസ്.ആർ / 1957.




**21 ഓഗസ്റ്റ് 2025 വ്യാഴം / സെന്റ് സേവിയേഴ്സ് കോളേജ് തുമ്പ / വിജയകൃഷ്ണൻ, പ്രൊഫ.ഡോ.തോമസ് സ്കറിയ, മെലിസ്സ ഹിലരി ഇംഗ്ലീഷ് ആൻഡ് മീഡിയ സ്റ്റഡീസ് മേധാവി, ഡോ. ഗിഫ്റ്റി എൽസ വർഗീസ്.**

6. **അന്ന കരെനീന** / നോവലിസ്റ്റ് - ലിയോ ടോൾസ്റ്റോയി / സംവിധായകൻ - ജോ റൈറ്റ് / യുകെ - അമേരിക്ക / 2012 .

7. **ലേ മിസറബിൾസ്** / നോവലിസ്റ്റ് - വിക്ടർ ഹ്യൂഗോ / സംവിധായകൻ - ബില്ലി ഓഗസ്റ്റ് / യുകെ - ജർമ്മനി - അമേരിക്ക / 1998 .




**30 സെപ്റ്റംബർ 2025 ചൊവ്വ / ജോയിന്റ് കൗൺസിൽ ഹാൾ**

8. **ദി പ്ലേഗ്** / നോവലിസ്റ്റ് - ആൽബേർ കാമു / സംവിധായകൻ - ലൂയിസ് പെയുൻസോ / അർജന്റീന - ഫ്രാൻസ് - യുകെ / 1992.

9. **മെറ്റമോർഫസിസ്** / നോവലിസ്റ്റ് - ഫ്രാൻസ് കാഫ്ക / സംവിധായകൻ - ക്രിസ് സ്വാൻടാൻ / യുകെ / 2012.

10. **ദി റൈനോസോർസ്** / നാടകകൃത്ത് - യൂജിൻ അയണെസ്കോ / സംവിധായകൻ - ടോം ഓ ഹോഗൻ / അമേരിക്ക / 1974.



March Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

**26 ഒക്ടോബർ 2025 ഞായർ / ജോയിന്റ് കൗൺസിൽ ഹാൾ**

11. **ടിൻ ഡ്രം** / നോവലിസ്റ്റ് - ഗുന്തർ ഗ്രാസ് / സംവിധായകൻ - വോൾകർ ഷോളോൺ ഡ്രോഫ് / ജർമ്മനി / 1979.

12. **വെയ്റ്റിംഗ് ഫോർ ദി ബാർബേറിയൻസ്** / നോവലിസ്റ്റ് - ജെ . എം . കോട്സെ / സംവിധായകൻ - സിറോ ഗുവേര / ഇറ്റലി അമേരിക്ക / 2019.

13. **ഓൾഡ്മാൻ ആൻഡ് ദി സീ** / നോവലിസ്റ്റ് - ഏർണെസ്റ്റ് ഹെമിംഗ്‌വേ / സംവിധായകൻ - ജോൺ സ്റ്റർജെസ് / അമേരിക്ക / 1958 .




**30 നവംബർ 2025 ഞായർ / ജോയിന്റ് കൗൺസിൽ ഹാൾ .**

14. **ഡോ . ഷിവാഗോ** / നോവലിസ്റ്റ് - ബോറിസ് പാസ്റ്റർനാക്ക് / സംവിധായകൻ - ഡേവിഡ് ലീൻ / യുകെ ഇറ്റലി അമേരിക്ക / 1965 .

15. **വേർക്ക് മീസ്റ്റർ ഹാർമണീസ്** / നോവലിസ്റ്റ് - ക്രസ്ന ഹോർകെ / സംവിധായകൻ - ബേല താർ / ഹംഗറി / 2000.

16. **ബ്ലൈൻഡ്നെസ്സ്** / നോവലിസ്റ്റ് - ജോസേ സരമാഗോ / സംവിധായകൻ - ഫെർണാണ്ടോ മെറിലിസ് / കാനഡ ജപ്പാൻ യുകെ / 2000 .




**31 ജനുവരി 2026 ശനി / ജോയിന്റ് കൗൺസിൽ ഹാൾ**

17. **ഗോൺ വിത്ത് ദി വിൻഡ്** / നോവലിസ്റ്റ് - മാർഗരെറ്റ് മിച്ചൽ / സംവിധായകൻ - വിക്ടർ ഫ്ലെമിംഗ് / അമേരിക്ക / 1959.

18. **മദർ** / നോവലിസ്റ്റ് - മാക്സിം ഗോർക്കി / സംവിധായകൻ - വി.പുഡോഫ്കിൻ / യൂ എസ് എസ് ആർ / 1926 .

19. **ദി കൗണ്ട് ഓഫ് മോണ്ടിക്രിസ്റ്റോ** / നോവലിസ്റ്റ് - അലക്സാണ്ടർ ഡ്യൂമ / സംവിധായകർ - മാത്യൂ ഡെലാപോർട്ടെ - അലക്ൻസാഡറെ ഡി ലാ പറ്റെലിയർ / 2024.

March Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-IX







**22 ഫെബ്രുവരി 2026 ഞായർ / ജോയിന്റ് കൗൺസിൽ ഹാൾ**

20. **പ്രൈഡ് ആൻഡ് പ്രെജുഡിസ്** / നോവലിസ്റ്റ് - ജെയിൻ ഓസ്റ്റിൻ / സംവിധായകൻ – ജോ റൈറ്റ് / അമേരിക്ക യുകെ ഫ്രാൻസ് / 2005 .

21. **വുതറിങ് ഹൈറ്റ്സ്** / നോവലിസ്റ്റ് – എമിലി ബ്രോണ്ടി / സംവിധായകൻ – വില്യം വെയ്‌ലർ / അമേരിക്ക / 1939 .

22. **മാഡം ബോവറി** / നോവലിസ്റ്റ് – ഗുസ്താവ് ഫ്ലോബേ /സംവിധായക – സോഫി ബാർതസ് / ജർമ്മനി അമേരിക്ക ബെൽജിയം / 2014 .

**29 മാർച്ച് 2026 ഞായർ / ജോയിന്റ് കൗൺസിൽ ഹാൾ.**

23. **ക്വോ വാഡിസ്** / നോവലിസ്റ്റ് – ഹെൻറിക്ക് സീൻകെവിച് / സംവിധായകൻ – ജേർസി കവലെറോ/ പോളണ്ട് / 2001.

24. **ഫൗസ്റ്റ്** / നാടകകൃത്ത് – ജോഹൻ വോൾഫ്ഗാങ് വോൺ ഗൊയ്ഥെ / സംവിധായകൻ – അലക്സാൻഡർ സൊകുറോവ് / റഷ്യ / 2011 .

25. **മാജിക് മൗണ്ടൻ** /നോവലിസ്റ്റ് – തോമസ് മാൻ / സംവിധായകൻ – ഹാൻസ് ഗീബെൻഡർഫെർ / ഓസ്ട്രിയ ഫ്രാൻസ് ജർമ്മനി / 1982 .



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

(പ്രതികരണം)

# വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ എട്ടാം ഭാഗം



**ജോൺ തോമസ്**
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റി രൂപം കൊണ്ടിട്ട് ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാകുന്നതുമായി ബന്ധപ്പെട്ട് നൂതനവും വ്യത്യസ്തത പുലർത്തുന്നതും അർത്ഥവത്തുമായ പരിപാടിയാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്.

ഇരുപത്തിയഞ്ച് വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കി 'വിശ്വസാഹിത്യവും വിശ്വസിനിമയും' എന്ന തലക്കെട്ടിൽ ഇരുപത്തിയഞ്ച് സിനിമ കളുടെ ഫെസ്റ്റിവൽ പരമ്പര.

പ്രസ്തുത പരമ്പരയുടെ ഭാഗമായി മൂന്ന് സിനിമകൾ അടങ്ങുന്ന എട്ടാം ഭാഗം 2026 ഫെബ്രുവരി 22 ന് തിരുവനന്തപുരം ജോയിന്റ് കൗൺസിൽ എ.സി.ആഡിറ്റോറിയത്തിൽ അരങ്ങേറി.

19-ാo നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ വിശ്വകലയിൽ റിയലിസം എന്ന കാഴ്ചപ്പാട് ആവിഷ്കരിക്കപ്പെട്ടു. കാൽപ്പനിക ലോകത്തെ വർണ്ണനകളും അതിഭാവുകത്വ സന്ദർഭങ്ങളും അതിമാനുഷിക കഥാപാത്രങ്ങളും നാടകീയ സംഭവങ്ങളും നിറഞ്ഞ പരിപ്രേക്ഷ്യത്തിൽ നിന്നും ജീവിതഗന്ധിയായ കഥാപാത്രങ്ങളും സന്ദർഭങ്ങളും സ്വാഭാവിക കഥാപരിണാമങ്ങളും സാമൂഹിക യാഥാർത്ഥ്യവും പ്രതിഫലിക്കുന്ന സൗന്ദര്യാത്മക അവബോധമാണ് റിയലിസം.സാഹിത്യ ചരിത്രത്തിൽ ആദ്യകാലറിയലിസ്റ്റിക് സങ്കേതം ആവിഷ്കരിച്ച മൂന്ന് വിശ്വപ്രസിദ്ധ നോവലുകൾ ആസ്പദമാക്കിയുള്ള ക്ലാസിക് സിനിമകളായിരുന്നു എട്ടാം ഭാഗത്തിൽ.

ജെയ്ൻ ഓസ്റ്റിന്റെ പ്രസിദ്ധമായ നോവൽ 'പ്രൈഡ് ആന്റ് പ്രിജുഡീസ്' (അഹന്തയും മുൻവിധിയും) ആസ്പദമാക്കി ജോ റൈറ്റ് സംവിധാനം ചെയ്ത 2025 ലെ അതേ പേരിലുള്ള സിനിമ, എമിലി ബ്രോണ്ടിയുടെ പ്രസിദ്ധ കൃതി 'വുതറിംഗ് ഹൈറ്റ്സ്'നെ അടിസ്ഥാനമാക്കി അമേരിക്കൻ സംവിധായകൻ വില്യം വെയ്‌ലർ സംവിധാനം ചെയ്ത 1939 ലെ അതേ പേരിലുള്ള സിനിമ,



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

വിഖ്യാതനായ ഫ്രഞ്ച് എഴുത്തുകാരൻ ഗുസ്താവ് ഫ്ലാബോറിന്റെ നോവൽ'മദാം ബോവറി'യെ ആസ്പദമാക്കി സോഫി ബാർത്തെസ് സംവിധാനം ചെയ്ത 2014 ലെ അതേ പേരിലുള്ള സിനിമ എന്നിവയായിരുന്നു പരമ്പരയുടെ എട്ടാം ഭാഗമായി അവതരിപ്പിക്കപ്പെട്ട സിനിമകൾ.

ആദ്യമായി അവതരിപ്പിക്കപ്പെട്ടത്, ഇംഗ്ലീഷ് എഴുത്തുകാരി ജെയ്ൻ ഓസ്റ്റിന്റെ പ്രൈഡ് ആന്റ് പ്രിജുഡീസ് എന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട നോവലിനെ അടിസ്ഥാനമാക്കിയുള്ള സിനിമയായിരുന്നു.



അക്കാലത്തെ ഇംഗ്ലിൽ ഗ്രാമീണ ജീവിതം നയിക്കുന്ന മധ്യവർത്തി കുടുംബങ്ങളിലൊന്നിൽപ്പെട്ടയാളാണ് ബെന്നറ്റ്. ഭാര്യയും അഞ്ച് പെൺമക്കളും അടങ്ങുന്ന കുടുംബം. വിവാഹപ്രായമായ മൂത്ത മൂന്ന് പെൺമക്കൾക്ക് ഉചിതരായ ഭർത്താക്കന്മാരെ കണ്ടെത്തുക എന്ന ശ്രമകരമായ ജോലിയാണ് ആ കുടുംബം പ്രത്യേകിച്ചും അമ്മ നേരിട്ട പ്രധാന പ്രശ്നം.

അങ്ങനെയിരിക്കെ ധനികനും അവിവാഹിതനുമായ ബിൻജിലി തൊട്ടടുത്ത് താമസം ആരംഭിച്ചപ്പോൾ ബെന്നറ്റ് കുടുംബാംഗങ്ങളുടെ മനസ്സ് ആശാനിർഭരമാകുന്നു. പ്രതീക്ഷിച്ചത് പോലെ അയാൾ സംഘടിപ്പിച്ച പാർട്ടിയിൽ വച്ച് ബെന്നറ്റിന്റെ മക്കളിൽ മൂത്തവളായ ജെയിനിൽ അയാൾ അനുരക്തനാകുന്നു. ഭദ്രമല്ലാത്ത സാമ്പത്തികസ്ഥിതിയുള്ള തങ്ങളുടെ കുടുംബത്തിന് ആ വിവാഹസ്വപ്നം സാധ്യമാണോ എന്ന് സന്ദേഹം പിതാവായ ബെന്നറ്റ് പ്രകടിപ്പിക്കുന്നതായി നാം കാണുന്നു. തന്റെ മക്കൾ ബുദ്ധികൊണ്ടും അറിവുകൊണ്ടും തങ്ങൾക്ക് അനുയോജ്യരായ വരന്മാരെ മാത്രം വരിച്ചാൽ മതി എന്ന നിലപാട് സ്വീകരിക്കുന്നു ശുഭാപ്തി വിശ്വാസിയായ അയാൾ.എന്നാൽ ബിൻജിലിയുടെ സഹോദരീ ഭർത്താവിന്റെ സുഹൃത്തായ ഡാർസി, ബെന്നറ്റിന്റെ മക്കളിൽ രണ്ടാമത്തവളും ബുദ്ധിമതിയും സജീവമായ മനസ്സിന്റെ ഉടമയുമായ എലിസബത്തിനെ പങ്കാളിയാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നു എന്ന് ബെന്നറ്റ് കുടുംബം ആഗ്രഹിക്കുന്നു. ആകാരം കൊണ്ടും കുലമഹിമ കൊണ്ടും വേറിട്ട് നിൽക്കുന്ന സമ്പന്നനായ ഡാർസിയും എലിസബത്തും തമ്മിലുള്ള ബന്ധത്തിൽ അഹന്തയും മുൻവിധിയും കാരണം തടസ്സങ്ങൾ ഏറെ ഉണ്ടാവുന്നുണ്ടെങ്കിലും പരസ്പരം അറിഞ്ഞു കഴിയുമ്പോൾ അടുപ്പവും പ്രണയവും ഉടലെടുക്കുന്നു.

പ്രതിബന്ധങ്ങളെല്ലാം ഒഴിവായി ഇവർ പരസ്പരം വിവാഹ ബന്ധത്തിലൂടെ ഒത്തു



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca




ചേരാൻ തീരുമാനമെടുക്കുന്നതിനെ ജെയ്ൻ ഓസ്റ്റിൻ കാവ്യാത്മകമായി ചിത്രീകരിച്ചിട്ടുണ്ട്. മറ്റൊരു മകൾക്ക് കൂടി പ്രണയബന്ധത്തിലൂടെ ഭർത്താവിനെ ലഭിക്കുമ്പോൾ മൂന്ന് പെൺമക്കൾ വിവാഹിതരാകാൻ പോകുന്ന കുടുംബാംഗങ്ങളുടെ സന്തോഷം പ്രത്യേകിച്ചും അച്ഛന്റെ സന്തോഷം സിനിമയിൽ ദർശിക്കാൻ കഴിയും.

നിസ്സാരമായ സംഭവങ്ങളെ പോലും സൂക്ഷ്മമായി ദർശിക്കാനും ആ സൂക്ഷ്മദർശനം മനോഹരമായി ചിത്രീകരിക്കാനും കഴിഞ്ഞ നോവലാണ് ഒരു പ്രൊട്ടസ്റ്റന്റ് പുരോഹിതന്റെ മകളായിരുന്ന ജെയ്ൻ ഓസ്റ്റിൻ രചിച്ച 'പ്രൈഡ് ആന്റ് പ്രിജുഡീസ്'. സംഭവ ബഹുലമായ നോവലിൽ നിന്നും സിനിമയ്ക്ക് അനുയോജ്യമായ അംശങ്ങൾ മാത്രം എടുത്ത് ഭാവഗാംഭീര്യം ഒട്ടും നഷ്ടപ്പെടാതെ തന്റെ സിനിമയിലൂടെ ആവിഷ്കരിക്കാൻ ജോ റൈറ്റിന് കഴിഞ്ഞിട്ടുണ്ട്. എടുത്തു പറയേണ്ട ഒന്നാണ് എലിസബത്തും ഡാർസിയും തമ്മിലുള്ള പ്രണയം സഫലമാകുന്നതായി ചിത്രീകരിച്ചു കൊണ്ട് സിനിമ അവസാനിപ്പിച്ച രീതി. അന്നത്തെ ഇംഗ്ലണ്ടിൽ പെൺമക്കൾ അധികമുള്ള മദ്ധ്യവർത്തി കുടുംബങ്ങൾ അവർക്ക് ഉചിതരായ വരന്മാരെ കണ്ടെത്താൻ നേരിടുന്ന ബുദ്ധിമുട്ടുകൾ നോവലിലും സിനിമയിലും രസകരമായി ആവിഷ്കരിച്ചിട്ടുണ്ട്.

വിഖ്യാത ഇംഗ്ലീഷ് എഴുത്തുകാരി എമിലി ബ്രോണ്ടിയുടെ പത്തൊമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട നോവൽ 'വൂതറിംഗ് ഹൈറ്റ്സ് 'എന്ന പ്രശസ്ത നോവലിനെ ആസ്പദമാക്കി പ്രസിദ്ധ ഹോളിവുഡ് സംവിധായകൻ വില്യം വെയ്‌ലർ സംവിധാനം നിർവഹിച്ച 1939 - ലെ അതേ പേരിലുള്ള സിനിമയായിരുന്നു മേളയിൽ രണ്ടാമതായിപ്രദർശിപ്പിച്ചത്. ഉത്തര ഇംഗ്ലിലെ 'മൂർ'എന്നറിയപ്പെടുന്ന വിജന ഭൂമിയിൽ കർക്കശനായ ഒരു ആംഗ്ലിക്കൻ പുരോഹിതന്റെ മകളായി ജനിച്ച് കേവലം മുപ്പത് വയസ്സ് വരെ ജീവിച്ച് രോഗബാധിതയായി മരിച്ച ഒരു യുവതിയുടെ അസാധാരണമായ ഭാവനയിൽ വിരിഞ്ഞ അസുലഭ കൃതിയാണ് വുതറിംഗ് ഹൈറ്റ്സ്.

മൂർ പീഠഭൂമിയിൽ ജീവിച്ചിരുന്ന സാമാന്യം ധനികനായ ഒരു മാന്യനായിരുന്നു ഹേർട്ടൻ ഏൺഷോ. ലിവർപൂളിലെ ഒരു തെരുവിൽ ഉറ്റവരോ ഉടയവരോ ഇല്ലാതെ വിശന്നു നിലവിളിച്ചിരുന്ന ഒരു അനാഥ ബാലന് അദ്ദേഹം ഹീത്ത് ക്ലിഫ് എന്ന പേരുമിട്ട് എടുത്തു വളർത്തി.

ആ കുടുംബത്തിലെ മകന്റെയും മകളുടെയും ചങ്ങാതിയായി അവൻ വളർന്നു. മകൾ കാതറിനും ഹീത്ത് ക്ലിഫും തമ്മിൽ



വിജനമായ മൂർ പശ്ചാത്തലമാക്കിയുള്ള സാഹസി കാനുഭവങ്ങളിലൂടെ ഇഴയടുപ്പമുള്ള ബന്ധം ഉടലെടുക്കുകയും അത് പ്രണയമായി വളരു കയും ചെയ്യുന്നു.

പിതാവിന്റെ മരണത്തെ തുടർന്ന് കുടുംബത്തിന്റെ ചുമതല ഏറ്റെടുത്ത മകൻ, ഹീത് ക്ലിഫിനെ വെറുമൊരു ജോലിക്കാരനായി നിലനിർത്തി തേജോവധം ചെയ്യുന്നു.നാടുവിട്ടുപോയ ഹീത്ത് ക്ലിഫ് വർഷങ്ങൾക്ക് ശേഷം ധനികനായി തിരിച്ചെത്തി വുതറിംഗ് ഹൈറ്റ്സ് എന്ന കാതറിന്റെ കുടുംബ വീട് സ്വന്തമാക്കുന്നു.

തൊട്ടടുത്ത ധനിക ഭവനത്തിൽ വിവാഹം ചെയ്തു കൊടുക്കപ്പെട്ടെങ്കിലും ഉള്ളിൽ ഹീത്ത് ക്ലിഫിനോടുള്ള സ്നേഹവായ്പ് അവൾ നിലനിർത്തിയിരുന്നു. മരണക്കിടക്കയിൽ ആയ കാതറിനുമായി ഹീത്ത് ക്ലിഫ് പുന:സമാഗമിക്കുന്നു.

അവൾ മരിച്ചാലും തന്റെ അന്ത്യത്തോളം അവൾ തന്നെ സന്ദർശിച്ചുകൊണ്ടിരിക്കണം എന്ന് ഹീത്ത് ക്ലിഫ് അവളോട് അപേക്ഷിക്കുന്നു. കാതറിനോടുള്ള തന്റെ പ്രണയത്തിന്റെയും അവളെ തന്നിൽ നിന്നും അപഹരിച്ചെന്ന് താൻ കരുതുന്നവരുടെ നേരെയുള്ള പൈശാചിക പ്രതികാരത്തിന്റെയും കഥയാണ് നോവലിൽ ചിത്രീകരിച്ചത്. കാതറിന്റെ മരണത്തെ തുടർന്ന് ശിഷ്ടമുള്ള ജീവിതം ഓരോ നിമിഷവും അവളെ ഓർത്തോർത്തും അവളുമായി സമാഗമിച്ചു ചെലവഴിച്ച ഹീത്ത് ക്ലിഫിനെയാണ് നാ ം കാണുന്നത്. ജീവിച്ചിരുന്നപ്പോൾ കാറ്റ്വീശുന്ന മലയിടുക്കുകളിൽ അവർ സംഗമിച്ചിരുന്നതുപോലെ കാതറിന്റെ മരണത്തെ തുടർന്നും രണ്ടുപേരുടെയും മരണത്തിനുശേഷവും അവരുടെ സന്തോഷഭരിതമായ കൂടിക്കാഴ്ച നടക്കുന്നുന്നാണ് മൂർ നിവാസികൾ കരുതുന്നത്

പ്രേമത്തിന്റെ വേദനയും ആനന്ദവും നിഷ്ഠൂരതയും അന്ധമായ ശക്തിയും അത്ഭുതകരമായി ചിത്രീകരിക്കപ്പെട്ട നോവലാണിത്. ആ നോവലിലെ വൈകാരികാംശം ഒരു വലിയ പരിധിവരെ റിയലിസ്റ്റിക് ശൈലിയിൽ നിർമ്മിച്ച ഈ സിനിമയിൽ നില നിർത്താൻ ശ്രമിച്ചിട്ടുണ്ട് ഹോളിവുഡ് സംവിധായകൻ വില്യം വെയ്‌ലർ. മേളയിൽ അവസാനമായി അവതരിപ്പിക്കപ്പെട്ട സിനിമ നോവൽ സാഹിത്യത്തിലെ നാഴികല്ലുകളിൽ ഒന്നായി കണക്കാക്കുന്ന ഗുസ്താവ് ഫ്ലാബോർ രചിച്ച ഫ്രഞ്ച് നോവൽ മദാം ബോവറിയെ ആസ്പദമാക്കി സോഫി ബാർത്തെസ് സംവിധാനം ചെയ്ത് 2014 -ൽ റിലീസ് ചെയ്യപ്പെട്ട അതേ പേരിലുള്ള സിനിമയായിരുന്നു.

തന്റെ പിതാവിനെ ചികിത്സിക്കാൻ എത്തിയ ഡോക്ടർ ചാൾസ് ബോവറി, വായനാശീലം ഉള്ളവളും സുന്ദരിയും അമ്മയുടെ മരണ ത്തോടെ ഗൃഹഭരണത്തിൽ ശ്രദ്ധയുള്ളവളു മായ എമ്മയിൽ അനുരക്തനാകുന്നു . അവളുടെ പിതാവിന്റെ അനുവാദത്തോടെ വിവാഹം കഴിക്കുന്നു.



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



ഗ്രാമീണ ഡോക്ടർ എന്ന നിലയിൽ പരിമിത വരുമാനവും വൈദ്യവൃത്തിയിൽ അതീവ താൽപര്യവും ഉള്ള ഭർത്താവിന്റെ സാമീപ്യത്തിൽ പോലും അവളെ വിരസതയും അന്യതാ ബോധവും അലട്ടാൻ തുടങ്ങി. തന്നിൽ താൽപര്യം പ്രകടിപ്പിക്കുന്ന പുരുഷനുമായുള്ള സംഗമം, ധനികനുമായുള്ള സഹവാസത്തിൽ താൽപര്യം കണ്ടെത്തുക, ആർഭാടത്തിന് വേണ്ടി കടം പറഞ്ഞും സാധനങ്ങൾ വാങ്ങുക ഇവയെല്ലാം അവളുടെ സ്വഭാവത്തിന്റെ ഭാഗമായി മാറുന്നു. വന്നു ചേർന്ന ആൺസുഹൃത്തുക്കൾ ഒന്നൊയന്നായി അവളെ വിട്ടു പോകുന്നു. ഭാരിച്ച കടം മാത്രം ബാക്കിയായ അവൾ ആത്മഹത്യയിൽ അഭയം തേടുന്നു.അവളുടെ കുടുംബത്തിന്റെ തകർച്ചയിലേക്കാണ് അത് എത്തിച്ചേരുന്നത്. പ്രാക്ടീസ് കുറഞ്ഞ് വരുമാനം നിലച്ച ഭർത്താവും മരിക്കുന്നതോടെ ചെറുപ്രായത്തിൽ തന്നെ തൊഴിൽ ചെയ്ത് ജീവിക്കാൻ വിധിക്കപ്പെടുന്നു അവരുടെ ഏക മകൾ.

ഈ നോവലിന്റെ പ്രസക്തഭാഗങ്ങൾ ആത്മാംശം നഷ്ടപ്പെടാതെ സിനിമയിൽ ആവിഷ്കരിക്കഷ്കരിക്കപ്പെട്ടിരിക്കുന്നു. ഓസ്ട്രേലിയൻ നടി മിയ വസിക്കോവ്സ്ക എമ്മയെ അവതരിപ്പിച്ചിരിക്കുന്നു.

സാഹിത്യ വിദ്യാർഥികൾക്കും സാഹിത്യ വായനയിൽ തൽപരരായവർക്കും തൃപ്തിയേകുന്ന മൂന്ന് സിനിമകൾ ആയിരുന്നു പരമ്പരയുടെ എട്ടാം ഭാഗമായി 2026 ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ചത്. ക്വോവാദിസ്, ഫൗസ്റ്റ് , മാജിക് മൗൻ എന്നീ മൂന്നു സിനിമകൾ ഉൾക്കൊള്ളുന്ന, മാർച്ച് മാസത്തെ ചലച്ചിത്രമേളയോടെ ഈ പരമ്പരയിലെ 25 സിനിമകൾ പൂർത്തിയാവും. ●



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

# ക്വോ വാഡിസ്



വിനോദ് കുമാർ. പി,
(ഫിൽക്ക)



1896 ൽ ഹെൻറിക് സിയാൻകീവിച്ചിൻെറ.. (നോബൽ പ്രൈസ് 1905 ) ഇതേ പേരിലുള്ള കൃതിയെ അടിസ്ഥാനമാക്കി ജെർസി കവാലറോവിച്ച് സംവിധാനം ചെയ്ത് 2001-ൽ പുറത്തിറങ്ങിയ ഒരു പോളിഷ് ചലച്ചിത്രമാണ് ' ക്വോ വാഡിസ്. '


നീറോയുടെ ദുഷിച്ച റോമൻ ഭരണത്തിന്റെ കീഴിൽ ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ചരിത്ര സാങ്കല്പിക പ്രണയകഥയും അതിന്റെ സംഘർഷവും കോർത്തിണക്കുകയാണ് ഈ കലാസൃഷ്ടിയിൽ.

റോമൻ സൈനികനായ മാർക്കസ് വിനീഷ്യസ് തന്റെ അമ്മാവനായ പ്രഭു പെട്രോണിയസിനെ കാണാൻ അയാളുടെ കൊട്ടാരത്തിൽ എത്തുന്നതോടെയാണ് സിനിമ ആരംഭിക്കുന്നത്.

ക്രിസ്ത്യൻ യുവതിയും ബാർബേറിയൻ ബന്ദിയുമായ ലിജിയയെ തനിക്ക് ഇഷ്ടമാണെന്ന് വിനീഷ്യസ് അയാളോട് പറയുന്നു. തുടർന്ന് വിനീഷ്യസ് ലിജിയയെ കാണുകയും തന്റെ ഇഷ്ടം അറിയിക്കുകയും ചെയ്യുന്നുവെങ്കിലും അവൾ അയാളെ നിരസിക്കുന്നു.

എന്നാൽ എല്ലാ റോമൻ ബന്ദികളുടെ മേലും അധികാരമുള്ള നീറോയെ സ്വാധീനിച്ച് വിനീഷ്യസിന് ലിജിയയെ നൽകാൻ പെട്രോണിയസ് ശ്രമിക്കുന്നു. തുടർന്ന് ഒരു നാൾ നീറോ അവളെ പാലറ്റൈൻ കുന്നിലെ വിരുന്നിൽ പങ്കെടുക്കാൻ ക്ഷണിക്കുന്നു. അന്ന് രാത്രി വിനീഷ്യസിന്റെ വീട്ടിലേക്ക് കൊണ്ടുപോകുന്നതിനിടയിൽ അവൾ രക്ഷപെടുന്നു.

നിരാശനായ വിനീഷ്യസ് അവളെ എങ്ങനെയെങ്കിലും കണ്ടെത്തി തന്റെ ഭാര്യയാക്കാൻ തീരുമാനിക്കുന്നു. അവളെ കണ്ടെത്താൻ ക്രോട്ടൺ എന്ന ഗ്ലാഡിയേറ്ററിനൊപ്പം അദ്ദേഹം ഒരു ക്രിസ്ത്യൻ പരിപാടിയിൽ പങ്കെടുക്കുവാൻ പോകുന്നു.ലിജിയയെ പിന്തുടർന്നശേഷം, വിനീഷ്യസ് അവളെ തട്ടി കൊണ്ടു പോകാൻ ശ്രമിക്കുന്നുവെങ്കിലും പരാജയപ്പെടുന്നു.





തുടർന്ന് ഗുരുതരമായി പരിക്കേൽക്കുന്ന വിനീഷ്യസിനെ ലിജിയയും കൂട്ടാളികളും പരിപാലിക്കുന്നു. അവസാനം ലിജിയ അവന്റെ സ്നേഹം തിരിച്ചറിയുന്നു. എന്നാൽ ഒരു അക്രൈസ്തവനെ വിവാഹം കഴിയില്ലെന്ന നിലപാടിൽ അവൾ വീണ്ടും വിനീഷ്യസിനെ വിട്ട് അപ്രത്യക്ഷയാകുന്നു.

ആരോഗ്യം വീണ്ടെടുത്ത ശേഷം വിനീഷ്യസ് ലിജിയയുടെ ഒളിത്താവളത്തേക്ക് ഒറ്റയ്ക്ക് പോകുന്നു. ലിജിയയുടെ രക്ഷാധികാരികളായ പത്രോസിനും പൗലോസിനും മതം മാറാമെന്ന് വാഗ്ദാനം ചെയ്തു കൊണ്ട് ലിജിയയുമായി അയാൾ വിവാഹ നിശ്ചയം നടത്തുന്നു.

ഒരുനാൾ നീറോ ചക്രവർത്തിയുടെ അഭാവത്തിൽ റോം അഗ്നിക്കിരയാവുന്നു. ലിജിയയെ രക്ഷിക്കാൻ വിനീഷ്യസ് റോമിലേക്ക് മടങ്ങുന്നു. ലിജിയയെയും വിനീഷ്യസിനെയും തീയിൽ നിന്ന് രക്ഷിച്ച ശേഷം പത്രോസ് അവനെ സ്നാനപ്പെടുത്തുന്നു.

നീറോ റോമിലേക്ക് മടങ്ങി ട്രോയിയെക്കുറിച്ചുള്ള തന്റെ കവിത പരസ്യമായി ആലപിക്കുമ്പോൾ, ജനക്കൂട്ടം തീ കത്തിച്ചതിനെ അപലപിക്കുന്നു. ജനങ്ങളെ സമാധാനിപ്പിക്കാൻ നീറോയുടെ ഉപദേഷ്ടാക്കൾ തങ്ങൾക്ക് ക്രിസ്ത്യാനികളെ ബലിയാടുകളായി ആവശ്യമാണെന്ന് അയാളെ അറിയിക്കുന്നു. എന്നാൽ ഇതിനെ പെട്രോണിയസ് എതിർക്കുന്നു.

തുടർന്ന് അധികാരികൾ ക്രിസ്ത്യാനികളുടെ ഒളിത്താവളം കണ്ടെത്തുകയും, ലിജിയ ഉൾപ്പെടെ എല്ലാപേരും അറസ്റ്റിലാവുകയും ചെയ്യുന്നു. തീയുടെ പ്രതികാരമായി ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്ന ഒരു പരമ്പര വിനോദത്തിന്റെ രൂപത്തിൽ നീറോ അരങ്ങിൽ ആസൂത്രണം ചെയ്യുന്നു.

തൽഫലമായി സിംഹങ്ങളുമായി ദുർബലരായ മനുഷ്യർക്ക് പോരാടേണ്ടിവരുകയും അവർ കൊല്ലപ്പെടുകയും ചെയ്യുന്നു. ഈ ക്രൂരതയിൽ റോമൻ ജനക്കൂട്ടം ഞെട്ടിപ്പോകുന്നു. റോമൻ പൊതുജനങ്ങൾക്ക് വേണ്ടി ഒരു ആഡംബര വിരുന്നൊരുക്കാൻ ക്രിസ്ത്യാനികളെ കുരിശുകളിൽ തീയിട്ട് ചുടുന്നു.

അതേസമയം, ലിജിയയെയും അവളുടെ അംഗരക്ഷകനായ ഉർസസിനെയും അവസാന



ഷോയ്ക്കായി മാറ്റി നിർത്തി. അവിടെ അവർ അരങ്ങിൽ ഒരു അറോക്കിന് മുന്നിൽ പ്രത്യക്ഷപ്പെടുന്നു. ലിജിയയെ കെട്ടിവെച്ചു കൊണ്ടുള്ള കൂറ്റൻ കാള. ലിജിയയെ രക്ഷിക്കാനുള്ള പോരാട്ടം. എന്നാൽ ഉർസസിന് ആ മൃഗത്തിന്റെ കഴുത്ത് ഒടിക്കാൻ കഴിഞ്ഞപ്പോൾ, ജനക്കൂട്ടത്തിന് അതിൽ മതിപ്പുളവാകുകയും രണ്ടുപേരെയും വെറുതെ വിടാൻ നീറോയെ നിർബന്ധിക്കുകയും ചെയ്യുന്നു. നീറോ അവരെ വെറുതെ വിടുന്നു.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

തുടർന്ന് അവൾ വിനീഷ്യസിനെ വിവാഹം കഴിക്കുന്നു. ഇരുവരും സിസിലിയിലെ അവന്റെ മാളികയിലേക്ക് താമസം മാറുന്നു. പെട്രോണിയസിനെ വധിക്കാൻ നീറോ ചക്രവർത്തിയുടെ ഉത്തരവിറങ്ങുന്നു. തുടർന്ന് പെട്രോണിയസ് ആത്മഹത്യ ചെയ്യുന്നു. ശേഷമുണ്ടായ കലാപത്തെ തുടർന്ന് രക്ഷപെടാൻ ശ്രമിക്കുന്ന നീറോ കൊല്ലപ്പെടുന്നു.

നോബൽ സമ്മാനജേതാവായ സിയാൻ കീവിച്ച് റോമിലെ നിരവധി ചരിത്ര സംഭവങ്ങളെ വിശദമായി പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്ത ശേഷമാണ് ഈ നോവൽ രചിച്ചിരിക്കുന്നത്. അതു കൊണ്ടു തന്നെ ചരിത്രഭാവനയിലൂന്നിയ ഒരു വായനാനുഭവം തീർച്ചയായും ലഭിക്കും.

'Quo vadis, Domine?' എന്നതിന്റെ ലാറ്റിൻ അർത്ഥം 'കർത്താവേ, നീ എവിടേക്കാണ് പോകുന്നത്?' എന്നാണ്. ബൈബിളിലെ ഒരു സംഭവ വിവരണമാണ് ഇതിന് ആസ്പദം. എവിടേക്കാണ് പോകുന്നത്? ഈ ചോദ്യം പോളിന്റെ രാഷ്ട്രീയ പശ്ചാത്തലത്തിലും പ്രസക്തമായിരുന്നു. എക്കാലത്തും മനുഷ്യൻ സ്വയം ചോദിക്കേണ്ടതായ ചോദ്യം.

പത്രോസ് റോമിൽ നിന്ന് ഓടിപ്പോകുകയാണ് . എന്നാൽ വഴിയിൽ വച്ച് കുരിശുമായി വരുന്ന യേശുവിനെ കണ്ടുമുട്ടുകയും റോമിലേക്ക് എന്തിനാണ് പോകുന്നതെന്ന് ചോദിക്കുകയും ചെയ്യുന്നു. യേശു പറയുന്നു, 'നീ എന്റെ ജനത്തെ ഉപേക്ഷിച്ചാൽ, ഞാൻ രണ്ടാമതും ക്രൂശിക്കപ്പെടാൻ റോമിലേക്ക് പോകുന്നു'. യേശുവിന്റെ രൂപം അപ്രത്യക്ഷമായി. പത്രോസ് ഭയത്തിൽ നിന്ന് മോചിതനായി. എല്ലാ വിപത്തുകളെയും നേരിടാൻ റോമിലേക്ക് തിരികെ പോകുന്നു. എത്ര മഹനീയവും അർത്ഥസമ്പുഷ്ടവുമാണ് ഈ വരികൾ. ഇത് തന്നെയാണ് ഈ കൃതിയെ ഇതിഹാസകാവ്യമെന്ന് ലോകം വിലയിരുത്തുന്നതും.

മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡിനുള്ള 74-ാമത് അക്കാദമി അവാർഡിലേക്ക് ക്വോ വാഡിസ് നാമ നിർദേശത്തിന് അയക്കുകയുണ്ടായി. തിരക്കഥയുടെ ബലം കൊണ്ടും അഭിനേതാക്കളുടെ മികച്ച പ്രകടനം കൊണ്ടും വാണിജ്യപരമായും കലാപരമായും സാങ്കേതികമായും വിജയം നേടിയ ചിത്രം കൂടിയാണ് ക്വോ വാഡിസ്. ലോക സാഹിത്യത്തിൽ ' ക്വോ വാഡിസ്' എന്ന ചോദ്യത്തിന് നിരവധി വ്യാഖ്യാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

# ഹെൻറിക് സിയൻക്യേവിച്ച് :
## ക്വോ വാദിസ് എന്ന നോവലിന്റെ രചയിതാവ്.



ലീലാമ്മ തോമസ്
(ഫിൽക്ക)



Henryk Sienkiewicz

ചരിത്രവും മനുഷ്യാത്മാവും വാക്കുകളാൽ ജീവിച്ച മഹാകഥാകൃത്ത്. 1905 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ പോളിഷ് നോവലിസ്റ്റ്. (Henryk Sienkiewicz).

ഒരു എഴുത്തുകാരൻ ഒരു ജനതയുടെ ആത്മാവാകുമ്പോൾ ചരിത്രം പുസ്തകങ്ങളിൽ മാത്രം ജീവിക്കുന്നില്ല.അത് മനുഷ്യരുടെ ഓർമ്മകളിലും വേദനകളിലും പ്രതീക്ഷകളിലും ജീവിക്കുന്നു.ചിലപ്പോഴൊക്കെ ഒരു രാജ്യംതോറ്റു പോകാം. സ്വാതന്ത്ര്യം നഷ്ടപ്പെടാം. ജനതയുടെ ശബ്ദം നിശബ്ദമാക്കപ്പെടാം. പക്ഷേ അത്തരം സമയങ്ങളിൽ ഒരു എഴുത്തുകാരൻ ഉയിർത്തെഴുന്നേൽക്കും.

അവൻ വാളുകൊണ്ട് അല്ല, വാക്കുകളാൽ പോരാടും.അവന്റെ കഥകളിൽ ഒരു ജനതയുടെ ഓർമ്മകളും അവരുടെ നഷ്ടപ്പെട്ട അഭിമാനവുംവീണ്ടും ജീവിക്കും.

അങ്ങനെ തന്റെ ജനതയുടെ ചരിത്രവും ആത്മാവും വാക്കുകളിൽ വീണ്ടും ജനിപ്പിച്ച മഹാകഥാകൃത്ത് ആണ് Henryk Sienkiewicz.

"A writer is not merely a storyteller; he is the voice of a nation's soul.‘

ലോകസാഹിത്യത്തിൽ ചില എഴുത്തുകാർ വെറും കഥകൾ എഴുതുന്നവരല്ല. അവർ അവരുടെ ജനതയുടെ ചരിത്രവും വേദനയും പ്രതീക്ഷയും വാക്കുകളിലൂടെ സംരക്ഷിക്കുന്ന ആത്മശബ്ദങ്ങളാണ്. അതാണ് സാഹിത്യം. പോളണ്ടിന്റെ പ്രശസ്ത നോവലിസ്റ്റായ Henryk Sienkiewicz അത്തരത്തിലുള്ള മഹാനായ എഴുത്തുകാരനാണ്.

ചരിത്രം, ദേശസ്നേഹം, മനുഷ്യധൈര്യം, ആത്മീയതഇവയെല്ലാം ചേർന്ന മഹത്തായ കഥകളിലൂടെ അദ്ദേഹം പോളിഷ് സാഹിത്യത്തെ ലോകവേദിയിലേക്ക് ഉയർത്തിയ ഒരു മഹാകഥാകൃത്ത് ആയിരുന്നു.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

ദേശത്തിന്റെ ദുഃഖവും സ്വാതന്ത്ര്യവും കണ്ട ബാല്യമായിരുന്നു അദ്ദേഹത്തിന്റേത്.

1846-ൽ പോളണ്ടിലെ വോളാ ഒക്രെയ്സ്ക ഗ്രാമത്തിൽ ജനിച്ച സിയൻക്യേവിച്ചിന്റെ ബാല്യം തന്നെ രാഷ്ട്രീയ പ്രതിസന്ധികളാൽ ചുറ്റപ്പെട്ടിരുന്നു.ആ കാലത്ത് പോളണ്ട് സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു രാജ്യമായിരുന്നു. ജനതയുടെ ആത്മാഭിമാനവും സ്വാതന്ത്ര്യസ്വപ്നവും അടിച്ചമർത്തപ്പെട്ടിരുന്ന കാലം. രാഷ്ട്രീയ ശക്തികളോട്, നേതൃത്വങ്ങളോട് എന്നും ചോദിക്കേണ്ടുന്ന ചോദ്യം . Quo Vadis ?

ഈ വേദനയും പ്രതീക്ഷയും അദ്ദേഹത്തിന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. ദേശത്തിന്റെ ചരിത്രവും സംസ്കാരവും മറക്കാതിരിക്കാനുള്ള ഒരു ദൗത്യം പോലെ അദ്ദേഹം എഴുത്തിനെ സ്വീകരിച്ചു. യുവാവായിരിക്കുമ്പോൾ അദ്ദേഹം പത്രപ്രവർത്തകനായും യാത്രാവിവരണക്കാരനായും പ്രവർ



ത്തിച്ചു. എന്നാൽ അദ്ദേഹത്തിന്റെ യഥാർത്ഥ പ്രതിഭ തെളിഞ്ഞത് ചരിത്ര നോവലുകളിലാണ്.

അദ്ദേഹത്തിന്റെ രചനകൾ നമ്മെ പഠിപ്പിക്കുന്നത് ഒരു വലിയ സത്യമാണ്: ചരിത്രം വെറും സംഭവങ്ങളുടെ പട്ടികയല്ല; അത് മനുഷ്യരുടെ സ്വപ്നങ്ങളും ഭയങ്ങളും വിശ്വാസങ്ങളും ചേർന്ന ജീവിച്ചിരിക്കുന്ന അനുഭവമാണ്. സിയൻക്യേവിച്ചിന്റെ സാഹിത്യജീവിതത്തിലെ ഏറ്റവും വലിയ സംഭാവനയാണ്

The Trilogy എന്ന ചരിത്ര നോവൽ പരമ്പര.

പോളിന്റെ സ്വാതന്ത്ര്യസമരവും ദേശീയ അഭിമാനവും ഈ കൃതികളിൽ മഹത്തായ സാഹിത്യരൂപത്തിൽ പുനർജ്ജീവിക്കുന്നു. ഒരു ജനതയുടെ ആത്മവിശ്വാസം സാഹിത്യത്തിലൂടെ ഉയർത്താൻ കഴിയുമെന്ന് ഈ നോവലുകൾ തെളിയിച്ചു.
ഈ ത്രയത്തിലെ പ്രധാന കൃതികൾ:

**With Fire and Sword.**
**The Deluge.**
**Fire in the Steppe.**

ഈ കൃതികളിൽ യുദ്ധങ്ങളും വീരതയും മാത്രം അല്ല. മനുഷ്യന്റെ ധൈര്യവും വിശ്വാസവും ദേശസ്നേഹവും അതിന്റെ ഉള്ളിൽ സ്പന്ദിക്കുന്നു.

"Through history, he spoke not only of battles, but of the courage that lives in every human heart."

Quo Vadis.. മനുഷ്യജീവിതത്തോട് എന്നും ചോദിക്കുന്ന ചോദ്യം.1896-ൽ പ്രസിദ്ധീകരിച്ച സിയൻക്യേവിച്ചിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നാണ് Quo Vadis. ലാറ്റിൻ ഭാഷയിലെ ഈ വാക്കിന് അർത്ഥം: “"Where are you going?"..
.. "നീ എവിടേക്കാണ് പോകുന്നത്?”



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

ഈ ചോദ്യം വെറും ഒരു യാത്രയെക്കുറിച്ചുള്ളതല്ല; മനുഷ്യജീവിതത്തിന്റെ ദിശയെ കുറിച്ചുള്ള ഒരു ആഴമുള്ള ചോദ്യം കൂടിയാണ്. ക്രിസ്തീയ പാരമ്പര്യത്തിൽ പ്രസിദ്ധമായ ഒരു കഥയാണ് ഇതിന് പിന്നിൽ. റോമിൽ ക്രിസ്ത്യാനികൾക്കെതിരായ പീഡനം ശക്തമായപ്പോൾ Saint Peter ഭയന്ന് നഗരം വിട്ട് പോകുകയായിരുന്നു. അപ്പോൾ വഴിയിൽ കുരിശ് ചുമന്ന് വരുന്ന Jesus Christs\ അദ്ദേഹം കണ്ടു.

അവൻ ചോദിച്ചു:"Domine, Quo Vadis?"
'പ്രഭോ, നീ എവിടേക്കാണ് പോകുന്നത്?"


യേശു മറുപടി പറഞ്ഞു:
"ഞാൻ റോമിലേക്ക് പോകുന്നു... വീണ്ടും കുരിശുമരണം ഏറ്റുവാങ്ങാൻ."ആ രൂപം അപ്രത്യക്ഷമായി.പത്രോസിന്റെ മനസ്സിൽ ഒരു വലിയ ബോധം ഉണർന്നു. അവൻ ഒളിച്ചോടൽ ഉപേക്ഷിച്ചു വീണ്ടും റോമിലേക്ക് തിരികെ നടന്നു. എന്തും നേരിടാൻ.

ഈ കഥ നമ്മോട് ഒരു ആഴമുള്ള ചോദ്യം ചോദിക്കുന്നു: നാം ഭയത്തിൽ നിന്ന് ഓടുന്നുവോ? അല്ലെങ്കിൽ സത്യത്തെ അഭിമുഖീകരിക്കാൻ തിരികെ പോകുന്നുവോ? ജീവിതത്തിലെ കടുത്ത പ്രതിസന്ധികളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന മനുഷ്യനോട് ചോദിക്കുന്ന ചോദ്യമാണ് ഇത്.

**Quo Vadis?.. നീ എവിടേക്കാണ് പോകുന്നത്? സിയൻക്യേവിച്ചിന്റെ സാഹിത്യത്തിന്റെ ഏറ്റവും വലിയ ശക്തി അദ്ദേഹത്തിന്റെ കഥപറയുന്ന കഴിവാണ്. ചരിത്രം, വികാരം, ആത്മീയത ഇവയെല്ലാം ചേർന്ന അദ്ദേഹത്തിന്റെ രചനകളിൽ വായനക്കാരൻ വെറും കഥ വായിക്കുന്നില്ല; ആ കാലഘട്ടത്തിലേക്ക് നേരിട്ട് യാത്ര ചെയ്യുന്നതുപോലെ അനുഭവിക്കുന്നു.**

**അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ വെറും കഥയിലെ കഥാപാത്രങ്ങളല്ല.അവർ മനുഷ്യജീവിതത്തിന്റെ പ്രതീകങ്ങളായി മാറുന്നു. '"Every hero he wrote breathed not only life, but the spirit of a nation."ഇത് ഒരു എഴുത്തുകാരന്റെ വ്യക്തിപരമായ വിജയം മാത്രമല്ലായിരുന്നു. പോളിന്റെ സാംസ്കാരിക ശക്തി ലോകത്തിന് മുന്നിൽ തെളിഞ്ഞ ഒരു നിമിഷം കൂടിയായിരുന്നു.**

**1916-ൽ അദ്ദേഹം അന്തരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കൃതികൾ ഇന്നും ജീവിക്കുന്നു.ധൈര്യം, വിശ്വാസം, ആത്മാഭിമാനം, മനുഷ്യജീവിതത്തിന്റെ മഹത്വം, ഇവയാണ് അദ്ദേഹത്തിന്റെ സാഹിത്യത്തിന്റെ നിത്യശക്തി. സിയൻക്യേവിച്ചിന്റെ പേര് ലോകസാഹിത്യത്തിൽ ഒരു എഴുത്തുകാരന്റെ പേര് മാത്രമല്ല. അത് ഒരു ജനതയുടെ ചരിത്രവും ആത്മാവും**





സംരക്ഷിച്ച സാഹിത്യശബ്ദമാണ്.അദ്ദേഹത്തിന്റെ കൃതികൾ നമ്മെ ഓർമ്മിപ്പിക്കുന്നു:

""Through words, a nation's soul can live forever."

ഒരു ദേശത്തിന്റെ ആത്മവിശ്വാസവും മനുഷ്യജീവിതത്തിന്റെ മഹത്വവും വാക്കുകളുടെ ശക്തിയിലൂടെ ശാശ്വതമാക്കാൻ സാഹിത്യത്തിന് കഴിയുമെന്ന് അദ്ദേഹത്തിന്റെ ജീവിതവും രചനകളും നമ്മെ പഠിപ്പിക്കുന്നു.

**പ്രധാന കൃതികൾ...**

**The Trilogy (1884-1888)**.. പോളണ്ടിന്റെ സ്വാതന്ത്ര്യസമരവും വീരചരിത്രവും

**Quo Vadis (1896)**.. പുരാതന റോമിലെ ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ കഥ

**With Fire and Sword**.. പോളണ്ടിന്റെ യുദ്ധ ചരിത്രത്തിന്റെ സാഹസിക അവതരണം

**The Deluge**.. ദേശത്തിന്റെ ത്യാഗവും മനുഷ്യ ധൈര്യവും

**Fire in the Steppe**.. പ്രതിസന്ധികളിൽ പോലും നിലനിൽക്കുന്ന മനുഷ്യധൈര്യം.

ചരിത്രം ചിലപ്പോൾ മൗനമാകും.രാജ്യങ്ങൾ തകർന്നുപോകും.സമയത്തിന്റെ പൊടിയിൽ മനുഷ്യരുടെ ഓർമ്മകൾ മറഞ്ഞുപോകും. എന്നാൽ ചില എഴുത്തുകാർ ഉണ്ടാകും.. അവർ വാക്കുകൾ കൊണ്ട് ചരിത്രത്തെ വീണ്ടും ഉയിർത്തെഴുന്നേല്പിക്കും. അതിനാലാണ് ഇന്നും ലോകം ഒരു ചോദ്യം കേൾക്കുന്നത്: Quo Vadis?..മനുഷ്യാ...നീ എവിടേക്കാണ് പോകുന്നത്?

ആ ചോദ്യം നമ്മോട് ചോദിച്ചു കൊണ്ടു തന്നെ Henryk Sienkiewiczന്റെ സാഹിത്യം ഇന്നും ജീവിക്കുന്നു.



March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society


World Literature & World Cinema Part-IX



# ജെർസി കവാലെറോ ( Jerzy Kavalerowics)

## ക്വോ വാദിസ് എന്ന സിനിമയുടെ സംവിധായകൻ

**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
(ബീം ഫിലിം സൊസൈറ്റി)



ജെർസി കവാലെറോ.

വിഖ്യാത ചലച്ചിത്രകാരനായ ആന്ദ്രേ വാജ്ദയോടും മറ്റുമൊപ്പം 1950 – 60 കളിലെ 'പോളിഷ് ഫിലിം സ്കൂളി'ന്റെ പ്രധാന പ്രയോക്താക്കളിലൊരാളായിരുന്നു ജെർസി കവാലെറോ. 1922 ൽ ഇന്നത്തെ യുക്രേനിയൻ അതിർത്തിയിലുള്ള ഒരു ഗ്രാമത്തിലായിരുന്നു പോളിഷ് വംശജനായ കവാലെറോയുടെ ജനനം.

രണ്ടാം ലോക മഹായുദ്ധാനന്തരം കിഴക്കൻ യൂറോപ്പിൽ രൂപം കൊണ്ട സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളിൽ ഒന്നായ ' പീപ്പിൾസ് റിപ്പബ്ലിക് ഓഫ് പോളണ്ടിൽ , ഇറ്റാലിയൻ നിയോറിയലിസത്തിന്റെ സ്വാധീനത്തിൽ വളർന്നു വന്ന നവസിനിമാ പ്രസ്ഥാനമായിരുന്നു 'പോളിഷ് സിനിമാ സ്കൂൾ.' യുദ്ധത്തെ തുടർന്ന് പോളണ്ടിലുണ്ടായ സാമൂഹ്യ ചലനങ്ങളുടെ വളക്കൂറിലാണ് സിനിമാ സ്കൂളിന്റെ വളർച്ച.

ചരിത്ര സംബന്ധിയായ രചനകൾക്ക് നേരിടേണ്ടി വന്ന കടുത്ത പ്രതിബന്ധങ്ങളോടേറ്റുമുട്ടിയാണ് വാജ്ദെയേയും കവാലെറോയേയും പോലുള്ള പ്രതിഭകൾ വളർന്നു വന്നത്. പോളിലെ കമ്യൂണിസ്റ്റ് പാർട്ടിയായ ' പോളിഷ് യുണൈറ്റഡ് വർക്കേഴ്സ് പാർട്ടി 'യിൽ അംഗമായിരിക്കുമ്പോഴും സോഷ്യലിസ്റ്റ് റിയലിസത്തിൽ നിന്നും വഴി മാറിയാണ് കവാലെറോ സഞ്ചരിച്ചത്.

സഹസംവിധായകനായി തുടങ്ങിയ കവാലെറോയുടെ ആദ്യ സ്വതന്ത്ര സംരംഭം 1951 ൽ പുറത്തിറങ്ങിയ 'The Village Mill ' ആണെങ്കിലും പോളിഷ് സിനിമയിൽ വരവറിയിച്ചത് 1956 ലെ 'Shadow ' എന്ന കുറ്റാന്വേഷണ ചിത്രമാണ്. തീവണ്ടിയിൽ നിന്നും പുറത്തെറിയപ്പെട്ട ഒരു മനുഷ്യന്റെ കൊലപാതകാന്വേഷണവുമായി





ബന്ധപ്പെടുന്ന മൂന്ന് വ്യക്തികൾ നൽകുന്ന മൂന്ന് വ്യത്യസ്ത വ്യാഖ്യാനങ്ങളുടെ വൈരുദ്ധ്യങ്ങളിലൂടെയാണ് കഥ നീങ്ങുന്നത്. നായക- പ്രതിനായക സങ്കൽപ്പങ്ങൾ കാഴ്ചപ്പാടുകൾക്കനു സരിച്ച് മാറി മറയുന്നു എന്നതാണ് സിനിമ മുന്നോട്ടുവയ്ക്കുന്ന പ്രമേയം. 1959 ൽ പുറത്തിറങ്ങിയ Night Train എന്ന ചിത്രവും Polish Film School പ്രസ്ഥാന ത്തിന്റെ എണ്ണപ്പെട്ട സംഭാവന കളിലൊന്നായി കരുതപ്പെടുന്നു. 1961 ൽ കാൻ ഫെസ്റ്റിവലിൽ പ്രത്യേക ജൂറിപുരസ്കാരം നേടിയ 'Mother Joan of the Angels' ഒരു കന്യാസ്ത്രീ മഠത്തിലെ അന്തേവാസി കളിലെ പ്രേതബാധയും അതൊഴിപ്പിക്കു ന്നതുമായി ബന്ധപ്പെട്ട സംഭവങ്ങളും പ്രതിപാദിക്കുന്നതാണ്.

ഈജിപ്റ്റിലെ പ്രാചീന ഭരണാധികാരി കളായ ഫറോവമാരുടെ കഥ പറയുന്ന Pharaoh (1966) അദ്ദേഹത്തിന്റെ പ്രശസ്ത മായ ഒരു ചരിത്ര സിനിമയാണ്.2001 വരെ നീണ്ടു നിന്ന അദ്ദേഹത്തിന്റെ സിനിമാ ജീവിതത്തിലെ പ്രധാന സിനിമകളാണ് Death of a President (1977), Austeria (The Inn ) (1980), The Hostage of Europe (1989), ടോൾസ്റ്റോയിയുടെ ചെറുകഥയെ ആസ്പദമാക്കി രചിച്ച Why (1995) എന്നിവ.



2001 ൽ പൂർത്തിയാക്കിയ Quo Vadis ആണ് കവിലെറോയുടെ അവസാന സിനിമ. റോമിൽ, ന്യൂറോ ചക്രവർത്തിയുടെ കാല ത്തെ ക്രിസ്ത്യൻ വംശഹത്യയുടെ പശ്ചാത്തലത്തിൽ നടക്കുന്നതാണ് Quo Vadis ന്റെ പ്രമേയം.




March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



റോമൻ പൗരപ്രമുഖനായ മർക്കസ് വിനീഷ്യസിന് റോമിന്റെ തടവുകാരിയായ ലിജിയ എന്ന ക്രിസ്ത്യൻ യുവതിയോട് തോന്നുന്ന പ്രണയവും അത് സഫലമാക്കുന്നതിനിടയിൽ റോമൻ ഭരണകൂടവുമായി ബന്ധ



പ്പെട്ടുണ്ടാകുന്ന പ്രതിബന്ധങ്ങളുമാണ് സിനിമ പറഞ്ഞു പോകുന്നത്. 2011 ലെ കണക്കനുസരിച്ച് ഏറ്റവും വലിയ ബഡ്ജറ്റിൽ നിർമ്മിക്കപ്പെട്ട പോളിഷ് സിനിമയാണ് Quo Vadis.



1955 മുതൽ 1972 വരെ പോളണ്ടിലെ KADR പ്രൊഡക്ഷൻ യൂണിറ്റിന്റെ തലവനായിരുന്നു കവാലെറോ. ബെർലിൻ, മോസ്കോ തുടങ്ങി നിരവധി ചലച്ചിത്ര മേളകളിൽ ജൂറിയായിരുന്നിട്ടുള്ള ജെർസി കവാലെറോ 2007 ഡിസംബർ 27 ന് വാഴ്സയിൽ വച്ച് അന്തരിച്ചു.



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

# ഫൗസ്റ്റ് (Faust): സാഹിത്യത്തിൽ നിന്ന് സിനിമയിലേക്കുള്ള ദാർശനിക യാത്ര:



പ്രൊഫ. ബേബി പോൾ
( ഫിൽക്ക )



Johann Wolfgang von Goethe

ലോകസാഹിത്യത്തിലും ലോക സിനിമയിലും ഒരുപോലെ വലിയ സ്വാധീനം ചെലുത്തിയ നാടകമാണ്ഫൗസ്റ്റ് (Faust). ജർമ്മൻ കവിയും ദാർശനികനും നാടകകൃത്തുമായ Johann Wolfgang von Goethe രചിച്ച ഈ മഹാകൃതി മനുഷ്യന്റെ അറിവിനോടുള്ള അതിരില്ലാത്ത ആഗ്രഹം, ആത്മാവിന്റെ സംഘർഷം, പ്രലോഭനം, നൈതികത എന്നീ വിഷയങ്ങളെ ആഴത്തിൽ പരിശോധിക്കുന്നു.

ഈ സാഹിത്യകൃതിയെ ആസ്പദമാക്കി നിരവധി നാടകങ്ങളും സംഗീതകൃതികളും സിനിമകളും ലോകമെമ്പാടും നിർമ്മിക്കപ്പെട്ടു. അവയിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് റഷ്യൻ സംവിധായകൻ Alexander Sokurov സംവിധാനം ചെയ്ത Faust എന്ന സിനിമ.

## ഗ്യോതെയും ഫൗസ്റ്റ് കൃതിയും

ജോഹാൻ വോൾഫ്ഗാങ് വോൺ ഗ്യോതെ (1749-1832) ജർമ്മൻ സാഹിത്യത്തിലെ ഏറ്റവും വലിയ വ്യക്തിത്വങ്ങളിലൊരാളാണ്. കവിത, നാടകം, നോവൽ, ശാസ്ത്രം, ദാർശനികചിന്ത എന്നിവയിലൊക്കെ അദ്ദേഹം സംഭാവനകൾ നൽകിയിട്ടുണ്ട്. ജർമ്മൻ സാഹിത്യത്തിലെ Weimar Classicism എന്ന സാംസ്കാരിക പ്രസ്ഥാനത്തിന്റെ പ്രധാന പ്രതിനിധിയായിരുന്നു അദ്ദേഹം.

ഗ്യോതെയുടെ ഏറ്റവും പ്രശസ്തമായ കൃതി Faust ആണ്. ഈ കൃതി എഴുതാൻ അദ്ദേഹം ഏകദേശം അമ്പത് വർഷത്തോളം എടുത്തു.

ഫൗസ്റ്റ് അറിവിനായി അശാന്തനായ ഒരു പണ്ഡിതനാണ്. മനുഷ്യജീവിതത്തിന്റെ



Alexander Sokurov

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca




യഥാർത്ഥ അർത്ഥം കണ്ടെത്താൻ കഴിയാതെ നിരാശനാകുന്ന ഫൗസ്റ്റ്, Mephistopheles എന്ന പിശാചുമായി ഒരു കരാർ ചെയ്യുന്നു. ലോകസുഖങ്ങളും യുവത്വവും അനുഭവിക്കാനായി തന്റെ ആത്മാവ് പിശാചിന് നൽകാൻ അദ്ദേഹം തയ്യാറാകുന്നു. ഈ കഥ മനുഷ്യന്റെ അപരിമിതമായ ആഗ്രഹത്തിന്റെയും നൈതിക സംഘർഷത്തിന്റെയും പ്രതീകമായി ലോകസാഹിത്യത്തിൽ നിലനിൽക്കുന്നു.

### സോകുറോവിന്റെ സിനിമ

2011-ൽ പുറത്തിറങ്ങിയ Faust എന്ന സിനിമ റഷ്യൻ സംവിധായകനായ അലക്സാണ്ടർ സോകുറോവിന്റെ ശ്രദ്ധേയമായ കൃതികളിലൊന്നാണ്. അദ്ദേഹത്തിന്റെ സിനിമകൾ ദാർശനികവും ആത്മീയവുമായ ചോദ്യങ്ങളെ അന്വേഷിക്കുന്നതിൽ പ്രസിദ്ധമാണ്. ഈ ചിത്രം അദ്ദേഹത്തിന്റെ 'Power Tetralogy' എന്ന പരമ്പരയിലെ അവസാന ചിത്രമാണ്.

സിനിമയിൽ ഫൗസ്റ്റായി അഭിനയിക്കുന്നത് Johannes Zeiler ആണ്. Mephistopheles എന്ന കഥാപാത്രത്തെ Anton Adasinsky അവതരിപ്പിക്കുന്നു. Gretchen എന്ന കഥാപാത്രമായി Isolda Dychauk അഭിനയിക്കുന്നു. സിനിമയുടെ പ്രധാന ഭാഷ ജർമ്മനാണ്, എന്നാൽ റഷ്യയും ജർമ്മനിയും ചേർന്നാണ് നിർമ്മാണം നടത്തിയത്.

ഈ ചിത്രം 2011-ലെ Venice Film Festival Â Golden Lion Award നേടി. ലോകസിനിമയിൽ ദാർശനികതയും ദൃശ്യസൗന്ദര്യവും ചേർന്ന ഒരു ആർട്ട്-ഹൗസ് ചിത്രമായി ഇത് ശ്രദ്ധിക്കപ്പെട്ടു.

### കഥയുടെ ദാർശനികത

സോകുറോവിന്റെ Faust പരമ്പരാഗത കഥ പറച്ചിലിൽ നിന്ന് വ്യത്യസ്തമായ രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

സിനിമയിൽ ഫൗസ്റ്റ് മനുഷ്യശരീരവും ആത്മാവും സംബന്ധിച്ച രഹസ്യങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന ഒരു ശാസ്ത്രജ്ഞനാണ്. എന്നാൽ അറിവിന്റെ അതിരുകൾ അവനെ തൃപ്തിപ്പെടുത്തുന്നില്ല. ഈ അശാന്തതയാണ് അവനെ മെഫിസ്റ്റോഫെലിസിന്റെ പ്രലോഭനത്തിലേക്ക് നയിക്കുന്നത്.



മനുഷ്യന്റെ ആഗ്രഹവും അധികാരലോലുപതയും ആത്മീയതയും തമ്മിലുള്ള സംഘർഷമാണ് പ്രധാനമായും സിനിമയിൽ അന്വേഷിക്കുന്നത്.ഫൗസ്റ്റിന്റെ യാത്ര മനുഷ്യന്റെ അന്തർലോകത്തിലെ ആശങ്കകളുടെയും ചോദ്യങ്ങളുടെയും പ്രതീകമായി മാറുന്നു.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

## ദൃശ്യശൈലിയും സിനിമാറ്റോഗ്രഫിയും

**സോകുറോവിന്റെ സിനിമകൾ ദൃശ്യഭാഷയുടെ കാര്യത്തിൽ വളരെ വ്യത്യസ്തമാണ്. Faust സിനിമയിലും അത് വ്യക്തമായി കാണാം. ചിത്രത്തിന്റെ ദൃശ്യങ്ങൾ പഴയ യൂറോപ്യൻ ചിത്രകലയുടെ ശൈലി ഓർമ്മിപ്പിക്കുന്നവയാണ്.**

**ക്യാമറ ലെൻസുകളുടെ പ്രത്യേക ഉപയോഗം, മങ്ങിയ പ്രകാശം, നീണ്ട ദൃശ്യങ്ങൾ എന്നിവ സിനിമയ്ക്ക് ഒരു സ്വപ്നാത്മകവും ധ്യാനാത്മകവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.**

**സിനിമയുടെ ദൃശ്യങ്ങൾ പലപ്പോഴും യാഥാർത്ഥ്യവും സ്വപ്നവും തമ്മിലുള്ള അതിരുകൾ മങ്ങിക്കുന്ന രീതിയിലാണ്. അതുകൊണ്ടു തന്നെ Faust ഒരു സാധാരണ കഥാസിനിമയായി കാണപ്പെടുന്നില്ല; മറിച്ച് ഒരു ദാർശനിക ദൃശ്യാനുഭവമായി മാറുന്നു.**

## സാംസ്കാരികവും സിനിമാറ്റിക് പ്രാധാന്യവും

**ഫൗസ്റ്റ് യൂറോപ്യൻ സംസ്കാരത്തിൽ വളരെ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മനുഷ്യൻ തന്റെ പരിധികൾ കടക്കാനുള്ള അമിതമായ ആഗ്രഹത്തെ സൂചിപ്പിക്കാൻ** 'Faustian ambition' എന്ന പദം പോലും പിന്നീട് ഉപയോഗിക്കപ്പെട്ടു. സോകുറോവിന്റെ സിനിമ ഈ ആശയത്തെ ആധുനിക ദൃശ്യഭാഷയിൽ വീണ്ടും അവതരിപ്പിക്കുന്നു.

ഈ ചിത്രം സാഹിത്യവും സിനിമയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഒരു മികച്ച ഉദാഹരണമാണ്. ഗ്യോതെയുടെ ദാർശനിക കൃതിയെ സിനിമയുടെ ദൃശ്യഭാഷയിൽ പുനർ വായിക്കുന്ന ശ്രമമാണ് സോകുറോവിന്റെ Faust.

## ഫൗസ്റ്റ് എന്ന ദാർശനിക പ്രതീകം

ഫൗസ്റ്റ്,മനുഷ്യന്റെ അറിവിനോടുള്ള അതിരില്ലാത്ത ആഗ്രഹത്തിന്റെ കഥയാണ്. അതേസമയം അത് മനുഷ്യന്റെ ആത്മീയ സംഘർഷത്തിന്റെ കഥയും കൂടിയാണ്. ഗ്യോതെ യുടെ സാഹിത്യകൃതിയിലും സോകുറോവിന്റെ സിനിമയിലും ഈ ആശയം വ്യത്യസ്ത കലാഭാഷകളിലൂടെ അവതരിപ്പിക്കപ്പെടുന്നു.

അതുകൊണ്ടു തന്നെ Faust ഒരു സാഹിത്യകഥയോ സിനിമയോ മാത്രമല്ല; മനുഷ്യസംസ്കാര ത്തിന്റെ ആഴത്തിലുള്ള ചോദ്യങ്ങളെ അന്വേഷിക്കുന്ന ഒരു ദാർശനിക പ്രതീകമായി അത് ഇന്നും നിലനിൽക്കുന്നു. ●



March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-IX

# ഗേയ്ഥെ



**പി. എസ്. ജ്യോതിഷ്കുമാർ**
(ഫിൽക്ക)




യോഹാൻ വുൾഫ്ഗാങ് വോൺ ഗേയ്ഥെ (ജനനം: ഓഗസ്റ്റ് 28, 1749, ഫ്രാങ്ക്ഫർട്ട് - മരണം: മാർച്ച് 22, 1832, വെയ്മർ) കവി, നാടകകൃത്ത്, നോവലിസ്റ്റ്, ശാസ്ത്രജ്ഞൻ, ഭരണതന്ത്രജ്ഞൻ, നാടക സംവിധായകൻ, വിമർശകൻ, അമേച്വർ കലാകാരൻ എന്നീ നിലകളിൽ യൂറോപ്പിനെ സ്വാധീനിച്ച പ്രതിഭയായിരുന്നു .ആധുനിക യുഗത്തിലെ ഏറ്റവും മികച്ച ജർമ്മൻ സാഹിത്യകാരനായിട്ടാണ് അദ്ദേഹം കണക്കാക്കപ്പെടുന്നത്.

ജർമ്മനിയിലെ ഉന്നതരായ ദാർശനികർക്കും സംഗീത സംവിധായകർക്കും തുല്യമായ അന്താരാഷ്ട്ര പദവിയുള്ള ഏക ജർമ്മൻ സാഹിത്യകാരനാണ് ഗേയ്ഥെ.പതിനെട്ടാം നൂറ്റാണ്ടിന്റെ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ജർമ്മൻ സാഹിത്യ സംസ്കാരത്തിൽ അദ്ദേഹത്തിന്റെ കൃതികൾ 'ക്ലാസിക്കൽ' ആയി വിശേഷിപ്പിക്കപ്പെടുന്നു. യൂറോപ്യൻ കാഴ്ചപ്പാടിൽ, റൊമാന്റിക് പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രതിനിധിയായി അദ്ദേഹം അറിയപ്പെടുന്നു. നവോത്ഥാന കാലഘട്ടത്തിൽ വില്യം ഷേക്സ്പിയറിനും മധ്യകാലഘട്ടത്തിൽ ഡാന്റെയ്ക്കും ഉള്ള അതേ സ്ഥാനമാണ് ആധുനിക സംസ്കാരത്തിൽ ഗേയ്ഥെയ്ക്കുള്ളത്.

അദ്ദേഹത്തിന്റെ 'ഫൗസ്റ്റ്' (Faust) എന്ന കൃതി, ജോൺ മിൽട്ടന്റെ 'പാരഡൈസ് ലോസ്റ്റി'ന് ശേഷം യൂറോപ്പിലെ ഏറ്റവും മികച്ച ദീർഘ കാവ്യമായി കരുതപ്പെടുന്നു. തന്റെ സമകാലികരിൽ ഭൂരിഭാഗം പേരെയും പോലെയല്ലായിരുന്നു അദ്ദേഹം; ജീവിതത്തിന്റെ ആദ്യ പകുതിയിലുടനീളം തന്റെ രചനകൾക്കോ ഉപജീവനത്തിനോ വേണ്ടി ഭരണാധികാരികളുടെ ഔദാര്യമോ ഔദ്യോഗിക പദവികളോ അദ്ദേഹത്തിന് ആവശ്യമായി വന്നില്ല. സമ്പന്നമായ ഒരു വാണിജ്യ- സാമ്പത്തിക കേന്ദ്രമായ ഫ്രാങ്ക്ഫർട്ടിലായിരുന്നു ഗേയ്ഥെ ഗേയ്ഥെയുടെ ജനനവും വളർച്ചയും. അക്കാലത്ത് അതൊരു സ്വയംഭരണാധികാരമുള്ള നഗരരാഷ്ട്രമായിരുന്നു. ഗേയ്ഥെയുടെ പിൽക്കാല ജീവിതത്തിൽ പ്രധാന പങ്കു വഹിച്ച രാജകുടുംബങ്ങൾക്കോ പ്രഭുക്കന്മാർക്കോ അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് യാതൊരു

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX




സ്വാധീനവുമുണ്ടായിരുന്നില്ല; മധ്യവർഗ്ഗ മൂല്യങ്ങളുള്ള ഒരു സമ്പന്ന കുടുംബത്തിലെ നഗരവാസിയായ കുട്ടിയായാണ് അദ്ദേഹം വളർന്നത്.

സമ്പന്നനായ ഒരു തുന്നൽക്കാരനിൽ നിന്ന് ഹോട്ടൽ ഉടമയായി മാറിയ വ്യക്തിയുടെ മകനായിരുന്നു ഗേയ്ഥെയുടെ പിതാവ് യൊഹാൻ കാസ്പർ ഗേയ്ഥെ (1710-82). ലീപ്സിഗ്, സ്ട്രാസ്ബർഗ് എന്നിവിടങ്ങളിൽ നിന്ന് നിയമപഠനം പൂർത്തിയാക്കി , ഇറ്റലി, ഫ്രാൻസ്, ലോ കൺട്രീസ് (നെതർലൻഡ്സ് പ്രദേശം) എന്നിവിടങ്ങളിൽ പര്യടനം നടത്തിയ അദ്ദേഹം, തന്റെ പാരമ്പര്യമായി ലഭിച്ച സ്വത്തുക്കൾ ഉപയോഗിച്ച് വിശ്രമജീവിതം നയിക്കുകയായിരുന്നു. പുസ്തകങ്ങളും പെയിന്റിംഗുകളും ശേഖരിക്കുന്നതിനും തന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുമാണ് അദ്ദേഹം സമയം ചെലവഴിച്ചത്.

ഗേയ്ഥെയുടെ മാതാവ് കാതറീന എലിസബത്ത് ടെക്സ്റ്റർ (1731-1808), ഫ്രാങ്ക്ഫർട്ടിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന്റെ മകളായിരുന്നു. ഏഴ് മക്കളി ൽ മൂത്തവനായിരുന്നു ഗേയ്ഥെ . പിൽക്കാലത്ത് തന്റെ സമകാലികരായ സാഹിത്യകാരന്മാരെ 'സഹോദരങ്ങൾ' എന്ന് അദ്ദേഹം വിശേഷിപ്പിച്ചിരുന്നെങ്കിലും അവരോടുള്ള ബന്ധ ത്തിൽ എപ്പോഴും ഒരു അവ്യക്തത നില നിന്നിരുന്നു. കൂടാതെ, മരണത്തിന്റെ സാഹിത്യപരവും കലാപരവുമായ ആവിഷ്കാരങ്ങളോട് അദ്ദേഹത്തിന് വലിയ വിരക്തിയായിരുന്നു.

പതിനാറ് വയസ്സുവരെ ഗേയ്ഥെയും സഹോദരിയും വീട്ടിലിരുന്ന് ട്യൂട്ടർമാരുടെ കീഴിലാണ് വിദ്യാഭ്യാസം നേടിയത്. മകന്റെ വിദ്യാഭ്യാസത്തെക്കുറിച്ച് പിതാവിന് കൃത്യമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. താൻ പിന്തുടർന്ന അതേ പാത ഗേയ്ഥെയും പിന്തുടരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു: നിയമപഠനം നടത്തുക, വെറ്റ്സ്ലറിലെ സാമ്രാജ്യത്വ കോടതിയിൽ (Reichskammergericht) പ്രായോഗിക പരിചയം നേടുക, ഒടുവിൽ ഇറ്റലി സന്ദർശിച്ച് ലോകപരിജ്ഞാനം പൂർത്തിയാക്കുക. അതിനുശേഷം വിവാഹം കഴിച്ച് സ്ഥിരതാമസമാക്കണമെന്നും, തന്റെ പിതാവിന് സാധിക്കാത്തതുപോലെ നഗരഭരണകൂടത്തിൽ ഉത്തരവാദിത്തപ്പെട്ട ഒരു പദവിയിൽ എത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അല്പം വൈകിയാണെങ്കിലും, ഇഷ്ടമില്ലാതിരുന്നിട്ടും ഗേയ്ഥെ തന്റെ പിതാവിന്റെ നിർദ്ദേശങ്ങൾ പാലിച്ചു. എങ്കിലും, പിതാവിന്റെ മരണത്തിന് വർഷങ്ങൾക്ക് ശേഷമാണ് അദ്ദേഹം ഇതിന്റെ അവസാന ഘട്ടങ്ങൾ പൂർത്തിയാക്കിയത്.



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



അങ്ങനെ 1765-ൽ ഗേയ്ഥെ നിയമപഠനത്തിനായി ലീപ്സിഗിലേക്ക് തിരിച്ചു. കഴിഞ്ഞ 40 വർഷമായി ജർമ്മൻ സാഹിത്യ നവോത്ഥാനത്തിന്റെ കേന്ദ്രമായിരുന്നു അവിടുത്തെ സർവകലാശാല. പ്രശസ്ത കലാനിരൂപകൻ യൊഹാൻ വിൻകെൽമാന്റെ സുഹൃത്തും അധ്യാപകനുമായ ആദം ഫ്രെഡറിക് ഓസർ നയിച്ചിരുന്ന ഡ്രോയിംഗ് അക്കാദമിയിൽ ചേർന്നതോടെ ഗേയ്ഥെ പരോക്ഷമായി വിൻകെൽമാന്റെ അനുയായിയായി മാറി. സർവകലാശാലയിൽ എത്തുമ്പോൾഗേയ്ഥെയുടെ പക്കൽ ഏകദേശം പൂർത്തിയായ ഒരു ബൈബിൾ നാടകവും നീതിബോധം പകർന്നുനൽകുന്ന ഒരു നോവലുമുണ്ടായിരുന്നു. എന്നാൽ സുഹൃത്തുക്കളെ അത് വായിച്ചുകേൾപ്പിച്ച ശേഷം, തന്റെ പരിഷ്കരിച്ച അഭിരുചിക്ക് അവ അനുയോജ്യമല്ലെന്ന് പറഞ്ഞ് അദ്ദേഹം അവ ആഡംബരപൂർവ്വം തീയിട്ടു നശിപ്പിച്ചു. പകരം ശൃംഗാര കവിതകളും 'ഡി ലോൺ ഡെസ് വെർലീബ്റ്റൻ' (Die Laune des Verliebten - 1767) എന്ന ഇടയനാടകവും എഴുതാൻ തുടങ്ങി.

അവിടെവച്ച് അദ്ദേഹം കാത്ചെൻ ഷോൺകോപ് എന്ന ഹോട്ടൽ ഉടമയുടെ മകളുമായി പ്രണയത്തിലായി. എന്നാൽ അവൾ തിരഞ്ഞെടുത്തത് ലീപ്സിഗിലെ ഡെപ്യൂട്ടി ബർഗോ മാസ്റ്ററായി മാറിയഒരു അഭിഭാഷകനെയായിരുന്നു. ഇതിലുള്ള പ്രതികാരം എന്നോണം ഗേയ്ഥെ തന്റെ ആദ്യത്തെ പക്വമായ നാടകമായ 'ഡി മിറ്റ്ഷുൾഡിഗൻ' (Die Mitschuldigen 1787) രചിച്ചു. തെറ്റായ ഒരാളെ വിവാഹം കഴിച്ച ഒരു സ്ത്രീയുടെ ഒരു വർഷത്തെ സങ്കടങ്ങൾ വിവരിക്കുന്ന ഒരു പദ്യ കോമഡിയായിരുന്നു അത്. ഈ കാലയളവിൽ അദ്ദേഹത്തിന്റെ വൈകാരിക നില തകരുകയും ആരോഗ്യം മോശമാവുകയും ചെയ്തു ക്ഷയരോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമായ അദ്ദേഹം 1765 സെപ്റ്റംബറിൽ ബിരുദമൊന്നും നേടാതെ ഫ്രാങ്ക്ഫർട്ടിലേക്ക് മടങ്ങി.

തുടർന്നുണ്ടായ മറ്റൊരു രോഗബാധ അദ്ദേഹത്തെ മരണത്തിന്റെ വക്കിലെത്തിച്ചു. ഇതിനു ശേഷം സ്വതന്ത്ര ചിന്താഗതിക്കാരനായിരുന്ന അദ്ദേഹം താൽക്കാലികമായി ഇവാഞ്ചലിക്കൽ ക്രിസ്തുമതത്തിലേക്ക് മാറി. ഇതേ സമയത്ത് തന്നെ അദ്ദേഹം ആൽക്കെമിയെക്കുറിച്ച് (രസതന്ത്രത്തിന്റെ പഴയ രൂപം) ഗൗരവമായി പഠിക്കുകയും, അറിവിനും അധികാരത്തിനും വേണ്ടി പിശാചിന് ആത്മാവിനെ വിൽക്കുന്ന 'ഫൗസ്റ്റ്' (Faust) എന്ന ഇതിഹാസ കഥാപാത്രത്തെക്കുറിച്ച് ഒരു നാടകം എഴുതുന്നതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു.





പിൽക്കാലത്ത് അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കൃതിയായി മാറിയത് ഇതായിരുന്നു. 1770 ഏപ്രിൽ മുതൽ 1771 ഓഗസ്റ്റ് വരെ ഗേയ്ഥെ ഡോക്ടറേറ്റിനായി സ്ട്രാസ്ബർഗിൽ പഠിച്ചു. എന്നാൽ, അപ്പോഴേക്കും അദ്ദേഹം തന്റെ ക്രിസ്തീയ ഭക്തിയുടെ കാലഘട്ടത്തിൽ നിന്ന് പുറത്തുവന്നിരുന്നു. പുരാതന ജൂതമതത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള സഭാ നിയമത്തിലെ (ecclesiastical law) തികച്ചും വിവാദപരമായ ഒരു വിഷയമാണ് അദ്ദേഹം തന്റെ ഗവേഷണ പ്രബന്ധത്തിനായി തിരഞ്ഞെടുത്തത്. പത്തു കൽപ്പനകളുടെ (Ten Commandments) പദവിയെ ചോദ്യം ചെയ്ത ആ പ്രബന്ധം, ഒരുപക്ഷേ അദ്ദേഹം ഉദ്ദേശിച്ചത് പോലെ തന്നെ, അംഗീകരിക്കാൻ കഴിയാത്തവിധം വലിയ വിവാദമായി മാറി. ഇതിനെത്തുടർന്ന്, അദ്ദേഹം നിയമത്തിൽ ലൈസൻഷ്യേറ്റ് (licentiate) നേടുന്നതിനായി ലാറ്റിൻ ഭാഷയിലുള്ള പരീക്ഷ എഴുതി .

തന്റെ സമകാലികരായ പല സാഹിത്യകാരന്മാരും ദൈവശാസ്ത്രത്തിലോ തത്വശാസ്ത്രത്തിലോ ക്ലാസിക്കൽ ഭാഷാപഠനത്തിലോ പശ്ചാത്തലമുള്ളവരായിരുന്നു. എന്നാൽ അവർക്കിടയിൽ, പ്രായോഗിക ബുദ്ധിയുള്ള ഒരു വ്യക്തിയായി വളരാൻ ഗേയ്ഥെയെ തന്റെ നിയമപഠനം പിൽക്കാല ജീവിതത്തിന്റെ പല ഘട്ടങ്ങളിലും സഹായിച്ചു.

എന്നാൽ സ്ട്രാസ്ബർഗ് ഗേയ്ഥെയുടെ ജീവിതത്തിൽ ഒരു ബൗദ്ധികവും വൈകാരികവുമായ ഉണർവ്വിന്റെ വേദി കൂടിയായിരുന്നു; അതൊരു മതപരിവർത്തനം പോലെയുള്ള ശക്തമായ അനുഭവമായിരുന്നു. 1770 -71 ശൈത്യകാലത്ത്, പ്രശസ്തനായ യുവ സാഹിത്യ ചിന്തകൻ യൊഹാൻ ഗോട്ട ഫ്രൈഡ് വോൺ ഹെർഡർ ഒരു കണ്ണ് ശസ്ത്രക്രിയയ്ക്കായി സ്ട്രാസ്ബർഗിൽ താമസിക്കുന്നുണ്ടായിരുന്നു. ഇരുളടഞ്ഞ ഒരു മുറിയിൽ അവർ നടത്തിയ നീണ്ട സംഭാഷണങ്ങളിലൂടെ, ഭാഷയെയും സാഹിത്യത്തെയും ഒരു പുതിയ രീതിയിൽ ഏകദേശം നരവംശശാസ്ത്രപരമായ (anthropological) കാഴ്ചപ്പാടിലൂടെ നോക്കിക്കാണാൻ ഗേയ്ഥെ പഠിച്ചു.

ഭാഷയും സാഹിത്യവും ഒരു ദേശീയ സംസ്കാരത്തിന്റെ പ്രകടനമാണെന്നും, ഒരു പ്രത്യേക ജനതയുടെ ചരിത്രപരമായ സവിശേഷതകളിൽ നിന്ന് രൂപപ്പെടുന്നതാണെന്നും അദ്ദേഹം മനസ്സിലാക്കി. ഷേക്സ്പിയർ, സ്കോട്ടിഷ് അതിർത്തിയിലെ നാടൻ പാട്ടുകളുടെ അജ്ഞാതരായ രചയിതാക്കൾ, അല്ലെങ്കിൽ പതിനാറാം നൂറ്റാണ്ടിലെ ജർമ്മനിയിലെ മാർട്ടിൻ ലൂഥർ തുടങ്ങിയ വ്യക്തികളുടെ പ്രതിഭയിൽ ഇത്തരം സാംസ്കാരിക തനിമകൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.




March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

ഹെർഡർ താമസിയാതെ ഗേയ്ഥെയെ തന്റെ കാലഘട്ടത്തിലെ അത്തരമൊരു ദൗത്യം നിർവഹിക്കാൻ വിധിക്കപ്പെട്ട വ്യക്തിയായി കാണാൻ തുടങ്ങി. ഹെർഡറുടെ നാടൻ സാഹിത്യത്തോടുള്ള താൽപ്പര്യത്തിന് മറുപടിയായി, സ്ട്രാസ്ബർഗിന് പുറത്തുള്ള ജർമ്മൻ ഗ്രാമങ്ങളിലെ വൃദ്ധകളിൽ നിന്ന് ഗേയ്ഥെ ഒരു ഡസനോളം നാടൻ പാട്ടുകൾ ശേഖരിക്കുകയും സ്വന്തമായി ചിലത് എഴുതാൻ ശ്രമിക്കുകയും ചെയ്തു. അൽസാസ് (Alsace) ഗ്രാമപ്രദേശങ്ങളിലൂടെയുള്ള കുതിരസവാരിക്കിടെ, തന്റെ മാതൃഭാഷയുടെ ജനകീയ വേരുകളെക്കുറിച്ച് അദ്ദേഹം ബോധവാനായി. ഇതോടൊപ്പം തന്നെ, ലോറൻസ് സ്റ്റേണിന്റെ 'എ സെന്റിമെന്റൽ ജേർണി' (1768) പോലുള്ള സമകാലിക ഇംഗ്ലീഷ് സാഹിത്യത്തിന്റെ സ്വാധീനത്താൽ പ്രകൃതിഭംഗിയുടെ വൈകാരിക ആകർഷണം അദ്ദേഹം തിരിച്ചറിഞ്ഞു.

സ്ട്രാസ്ബർഗ് കത്തീഡ്രൽ ഒരു വാസ്തുവിദ്യാ വിസ്മയമാണെന്നും അദ്ദേഹം മനസ്സിലാക്കി. അതിന്റെ ഗോതിക് ശൈലി ഫ്രഞ്ചിനേക്കാൾ ജർമ്മനാണെന്ന് അദ്ദേഹം തെറ്റായി കരുതിയിരുന്നുവെങ്കിലും, അന്ന് പൊതുവെ അവഗണിക്കപ്പെട്ടിരുന്ന ആ ശൈലിയെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം 'വോൺ ഡോയിച്ചർ ബോകൻസ്റ്റ്' (1773; ജർമ്മൻ വാസ്തുവിദ്യയെക്കുറിച്ച് ) എന്ന ഉപന്യാസം എഴുതാൻ തുടങ്ങി.

ഇതിനെല്ലാമുപരി, അദ്ദേഹം വീണ്ടും പ്രണയത്തിലായി. റൈൻ നദിക്ക് അടുത്തുള്ള സെസെൻഹൈം എന്ന ചെറി യ ഗ്രാമത്തിൽ, ഒരു ലൂഥറൻ പാസ്റ്ററുടെ വീട്ടിൽ, ഹെർഡർ പകർന്നുനൽകിയ ജർമ്മൻ ജീവിതരീതിയുടെ സാക്ഷാത്കാരം ഗേയ്ഥെ കണ്ടെത്തി.

പാസ്റ്ററുടെ മകളായ ഫ്രീഡറിക് ബ്രിയോണുമായുള്ള അദ്ദേഹത്തിന്റെ ബന്ധം തീവ്രമായിരുന്നുവെങ്കിലും ഹ്രസ്വമായിരുന്നു. വിവാഹത്തോടും അത് അടിച്ചേൽപ്പിക്കുന്ന പ്രതിബദ്ധതകളോടും അദ്ദേഹത്തിന് ഭയമായിരുന്നു. സർവ്വകലാശാലയിൽ നിന്ന് ബിരുദം നേടിയ ഉടൻ അദ്ദേഹം ഫ്രീഡറിക്കിനെ പെട്ടെന്ന് ഉപേക്ഷിച്ച് ഫ്രാങ്ക്ഫർട്ടിലേക്ക് മടങ്ങി. ഇത് അവളെ മാനസികമായി തളർത്തി. വഞ്ചിക്കപ്പെട്ട സ്ത്രീ എന്ന പ്രമേയം അടുത്ത എട്ട് വർഷത്തോളം ഗേയ്ഥെയുടെ രചനകളിൽ ഉടനീളം കാണാം.



ഫ്രാങ്ക്ഫർട്ടിൽ ഗേയ്ഥെ ഒരു അഭിഭാഷകനായി ഔദ്യോഗിക ജീവിതം തുടങ്ങിയെങ്കിലും, ഹെർഡർ അദ്ദേഹത്തിന് തുറന്നുകൊടുത്ത സാഹിത്യത്തിന്റെ പുതിയ ലോകം അദ്ദേഹത്തെ ഏറെ ആകർഷിച്ചു. ഫ്രീഡറിക്കിനെ ഉപേക്ഷിച്ചതിലുള്ള കുറ്റബോധവും, പതിനാറാം നൂറ്റാണ്ടിലെ 'റോബർ-ബാറൺ' ആയിരുന്ന ഗോട്സ് വോൺ ബെർലിഷിംഗന്റെ ഓർമ്മക്കുറിപ്പുകളും ചേർത്ത് അദ്ദേഹം ഒരു നാടകം തയ്യാറാക്കി. ഹെർഡർ അംഗീകരിക്കുന്ന രീതിയിലുള്ള, ഷേക്സ്പിയർ ശൈലിയും ജർമ്മൻ തനിമയും ഒത്തുചേർന്ന ഒന്നായിരുന്നു അത്.

1771-ലെ ശരത്കാലത്ത് ആറാഴ്ച കൊണ്ട് പൂർത്തിയാക്കിയ ഈ കൃതി പിൽക്കാലത്ത് 'ഗോട്സ് വോൺ ബെർലിഷിംഗൻ' (Götz von Berlichingen) എന്ന് അറിയപ്പെട്ടു. പിന്നീട് സർ വാൾട്ടർ സ്കോട്ട് ഇത് വിവർത്തനം ചെയ്യുകയും, സ്വന്തം നാടിന്റെ ചരിത്രം നോവലുകൾക്കായി ഉപയോഗിക്കാൻ ഗേയ്ഥെയുടെ ഈ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുകയും ചെയ്തു. ഈ നാടകത്തിൽ വൈസ്ലിംഗൻ എന്ന ദുർബലനായ ഒരു കഥാപാത്രത്തെ ഗേയ്ഥെ ഉൾപ്പെടുത്തിയിരുന്നു; ഉന്നതമായ ഔദ്യോഗിക പദവിക്കായി പ്രണയിനിയെയും സ്വന്തം വർഗ്ഗത്തെയും വഞ്ചിക്കുന്ന ആളായിരുന്നു അദ്ദേഹം.'ഗോട്സ്' ഉടൻ പ്രസിദ്ധീകരിക്കപ്പെട്ടില്ലെങ്കിലും കയ്യെഴുത്തുപ്രതികളിലൂടെ സുഹൃത്തുക്കൾക്കിടയിൽ പ്രശസ്തനായി.

ഇതിനിടെ, 'ഫ്രാങ്ക്ഫർട്ടർ ഗെലെഹ്രെ അൻസെഗൻ' (Frankfurter Gelehrte Anzeigen) എന്ന പുതിയ മാസികയിൽ പുസ്തക നിരൂപണങ്ങൾ എഴുതാൻ ഗേയ്ഥെ ക്ഷണിക്കപ്പെട്ടു. ജർമ്മൻ നാട്ടുരാജ്യങ്ങളിലെ ഏകാധിപത്യ ഭരണത്തിനെതിരെ നിലകൊണ്ടിരുന്ന ഈ



മാസികയുടെ ഭാഗമായതോടെ, അദ്ദേഹം 'സ്റ്റം ഉൻഡ് ഡ്രാംഗ്' (Sturm und Drang - Storm and Stress) എന്നറിയപ്പെട്ട സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രധാനിയായി മാറി. ഈ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ ലിബറലിസവും ജർമ്മൻ ദേശീയ സംസ്കാരത്തോടുള്ള പ്രതിബദ്ധതയും 'ഗോട്സ്' എന്ന നാടകത്തിൽ വ്യക്തമായി കാണാം.

1772-ലെ വസന്തകാലത്ത്, പിതാവിന്റെ പദ്ധതികൾ പിന്തുടർന്ന് പ്രായോഗിക നിയമ പരിചയം നേടുന്നതിനായി ഗേയ്ഥെ വിശുദ്ധ റോമൻ സാമ്രാജ്യത്തിന്റെ പരമോന്നത കോടതി നിലനിൽക്കുന്ന വെറ്റ്സ്ലറിലേക്ക് (Wetzlar) പോയി. അവിടെവെച്ച് അദ്ദേഹം വീണ്ടും പ്രണയത്തിലായി. എന്നാൽ ഇത്തവണ വിവാഹത്തിന്റെ അപകടമൊന്നും ഉണ്ടായിരുന്നില്ല, കാരണം അദ്ദേഹം പ്രണയിച്ച ഷാർലറ്റ് ('ലോട്ടെ') ബഫ് ഇതിനകം മറ്റൊരു വിവാഹ നിശ്ചയം കഴിഞ്ഞവളായിരുന്നു. അവളോടും അവളുടെ പ്രതിശ്രുത വരനോടും ഒപ്പം വൈകാരികമായി വേദനിപ്പിക്കുന്ന ഒരു വേനൽക്കാലം ചെലവഴിച്ച ശേഷം, സെപ്റ്റംബറിൽ ഗേയ്ഥെ അവിടെനിന്നും ഫ്രാങ്ക്ഫർട്ടിലേക്ക് മടങ്ങി.കുറച്ചു കാലം കഴിഞ്ഞ്, തനിക്ക് പരിചയമുണ്ടായിരുന്ന കാൾ വിൽഹെം ജെറുസലേം എന്ന മറ്റൊരു യുവ അഭിഭാഷകൻ സ്വയം വെടിവെച്ചു

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca



മരിച്ച വാർത്ത അദ്ദേഹം അറി ഞ്ഞു; വിവാഹിതയായ ഒരു സ്ത്രീയോടുള്ള നിരാശാജനകമായ പ്രണയം കാരണമാണ് അദ്ദേഹം ഇത് ചെയ്തതെന്നായിരുന്നു സംസാരം.

1773-ൽ ഗേയ്ഥെ നിയമകാര്യങ്ങൾക്കായി കുറച്ച് സമയം മാറ്റിവെച്ചെങ്കിലും, അദ്ദേഹത്തിന്റെ ഭൂരിഭാഗം സമയവും സാഹിത്യ പ്രവർത്തനങ്ങൾക്കായിട്ടാണ് ചെലവഴിച്ചത്. ഈ കാലയളവിലാണ് 'പ്രൊമിത്യൂസ്' (Prometheus) എന്ന നാടകഭാഗം രചിക്കപ്പെട്ടത്. കൂടാതെ, 'ഗോട്സ്' (Götz) എന്ന നാടകത്തിന്റെ പരിഷ്കരിച്ച പതിപ്പ് സ്വകാര്യമായി പ്രസിദ്ധീകരിക്കാനുള്ള തയ്യാറെടുപ്പുകളും അദ്ദേഹം നടത്തി. ഈ പ്രസിദ്ധീകരണം സാമ്പത്തികമായി വലിയ പരാജയമായിരുന്നുവെങ്കിലും, ഗേയ്ഥെയെ ഒരൊറ്റ രാത്രി കൊണ്ട് പ്രശസ്തനാക്കി.

1774-ൽ അതിനേക്കാൾ വലിയൊരു സാഹിത്യവിജയം അദ്ദേഹത്തിന് യൂറോപ്പിലുടനീളം ഖ്യാതി നേടിക്കൊടുത്തു. വെറ്റ്സ്ലറിലെ തന്റെ അനുഭവങ്ങളെലോട്ടെയുമായുള്ള ബന്ധവും ജെറുസലേമിന്റെ ആത്മഹത്യയുംകോർത്തിണക്കി ജീൻ-ജാ ക്വസ് റൂസ്സോയുടെ 'ജൂലി' (Julie) എന്ന കൃതിയുടെ മാതൃകയിൽ അദ്ദേഹം ഒരു കത്തു രൂപത്തിലുള്ള നോവൽ (novel in letters) തയ്യാറാക്കി. 'ഡി ലെയ്ഡൻ ഡെസ് യുങ്കൻ വെർതേഴ്സ്' (Die Leiden des jungen Werthers 'ദ സോറോസ് ഓഫ് യംഗ് വെർതർ') എന്ന ഈ നോവൽ ആ വർഷം ആദ്യം വെറും രണ്ട് മാസം കൊണ്ട് എഴുതിതീർത്തതാണ്. ആ ശരത്കാലത്ത് പുറത്തിറങ്ങിയ ഈ കൃതി ഒരു തലമുറയുടെ തന്നെ ഭാവനയെ കീഴടക്കി. താമസിയാതെ ഇത് ഫ്രഞ്ചിലേക്കും 1779-ൽ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യപ്പെട്ടു.

പ്രധാന കഥാപാത്രത്തിന്റെ കാഴ്ചപ്പാടിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള രചനാശൈലി മനസ്സിന്റെയും ചിന്തകളുടെയും തകർച്ചയെ ഉള്ളിൽ നിന്ന് ചിത്രീകരിക്കാൻ സഹായിച്ചു. വായനക്കാർക്കിടയിൽ ഉണ്ടായ ശക്തമായ പ്രതികരണത്തിന് ഇതും ഒരു കാരണമായിരുന്നു. വ്യഭിചാരത്തെയും ആത്മഹത്യയെയും ന്യായീകരിക്കുന്നു എന്ന് തോന്നിപ്പിച്ച ഈ കൃതി വലിയ രീതിയിലുള്ള ധാർമ്മിക രോഷത്തിന് കാരണമായെങ്കിലും, അടുത്ത 35 വർഷക്കാലം ഗേയ്ഥെ പ്രധാനമായും 'വെർതറുടെ' സ്രഷ്ടാവ് എന്ന നിലയിലാണ് അറിയപ്പെട്ടത്.

ജർമ്മനിയിലുടനീളമുള്ള ആളുകൾ അദ്ദേഹത്തെ സന്ദർശിക്കാൻ എത്തി. അവരിൽ ഒരാളായിരുന്നു വെയ്മറിലെ (Weimar) 17 വയസ്സുകാരനായ രാജകുമാരൻ ചാൾസ് അഗസ്റ്റസ് (കാൾ അഗസ്റ്റ്). തന്റെ നാട്ടുരാജ്യത്തിന്റെ ഭരണം ഏറ്റെടുക്കാൻ തയ്യാറെടുക്കുകയായിരുന്ന അദ്ദേഹം 1774 ഡിസംബറിൽ ഗേഥെയെ കണ്ടുമുട്ടിയപ്പോൾ കവിയുടെ ആകർഷകമായ വ്യക്തിത്വത്തിൽ പൂർണ്ണമായും ആകൃഷ്ടനായി.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

1773 മുതൽ 1776 വരെയുള്ള വർഷങ്ങൾ ഗേയ്ഥെയുടെ ജീവിതത്തിലെ ഏറ്റവും മികച്ച സർഗ്ഗാത്മക കാലഘട്ടമായിരുന്നു. കവിതകളും മറ്റ് കൃതികളും (പ്രധാനമായും അപൂർണ്ണമായവ) ഈ സമയത്ത് അദ്ദേഹത്തിൽ നിന്ന് പ്രവഹിച്ചു. ഫ്രീഡറിക്കിന്റെ പ്രമേയത്തെ അടിസ്ഥാനമാക്കി ഒരു വാരത്തിനുള്ളിൽ എഴുതിയ ദുരന്തനാടകമാണ് 'ക്ലാവീഗോ' (Clavigo - 1774). ഇതേ കാലയളവിലാണ് 'സ്റ്റെല്ല' (Stella), 'എഗ്മോണ്ട്' (Egmont) എന്നീ നാടകങ്ങൾക്കും അദ്ദേഹം തുടക്കമിട്ടത്.

യാഥാർത്ഥ്യബോധവും വൈകാരികതയും കലർന്ന 'സ്റ്റെല്ല' (1776), രണ്ട് സ്ത്രീകളെ പ്രണയിക്കുന്ന ഒരാൾ തന്റെ പ്രതിസന്ധി പരിഹരിക്കാൻ കണ്ടെത്തുന്ന അസാധാരണമായ ഒരു മാർഗ്ഗത്തെക്കുറിച്ചാണ് (ménage à trois മൂന്നുപേർ ഒരുമിച്ച് താമസിക്കുന്ന രീതി) പറയുന്നത്. (സമാനമായ ഒരു രീതി തന്നെയാണ് 1776-ൽ എഴുതിയ 'ഡി ഗെഷ്വിസ്റ്റർ' (Die Geschwister) എന്ന ഏകാംഗനാടകത്തിലും അദ്ദേഹം പരീക്ഷിച്ചത്).

'ഗോട്സി'നേക്കാൾ പക്വമായ ചരിത്ര നാടകമായ 'എഗ്മോ' (1788), സ്പെയിനിൽ നിന്നുള്ള ഡച്ച് സ്വാതന്ത്ര്യസമരത്തെ ആസ്പദമാക്കിയുള്ളതാണ്. ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും



സൈനിക ഏകാധിപത്യത്തിന്റെയും സാംസ്കാരിക ദാരിദ്ര്യത്തെ ഈ കൃതിയിലൂടെ അദ്ദേഹം ശക്തമായി വിമർശിക്കുന്നു. കൂടാതെ, ഇതേ കാലയളവിലാണ് ഗേയ്ഥെയുടെ ഏറ്റവും പ്രശസ്തമായ 'ഫൗസ്റ്റ്' (Faust) എന്ന കൃതി യുടെ വികസിപ്പിച്ചുകൊണ്ടിരുന്ന കയ്യെഴുത്തു പ്രതികൾ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കൾ ആദ്യമായി കാണാനിടയായത്.

1775-ാമാണ്ട് ഗേയ്ഥെയെ സംബന്ധിച്ച് നിർണ്ണായകമായ തീരുമാനങ്ങളുടെ വർഷമായിരുന്നു. വീണ്ടും ഒരു അസംതൃപ്തമായ പ്രണയബന്ധം അദ്ദേഹത്തെ ഒരു ചോദ്യത്തിന് മുന്നിലെത്തിച്ചു. ഫ്രാങ്ക്ഫർട്ടിൽ വിവാഹം കഴിച്ച് സ്ഥിരതാമസമാക്കിയാലും തന്റെ സാഹിത്യപരമായ സർഗ്ഗാത്മകത നിലനിർത്താൻ അദ്ദേഹത്തിന് കഴിയുമോ? ഫ്രാങ്ക്ഫർട്ടിലെ ഒരു ബാങ്കിംഗ് കുടുംബത്തിലെ മകളും ആകർഷകമായ വ്യക്തിത്വത്തിന്നുടമയുമായ ആൻ എലിസബത്ത് ('ലിലി') ഷോൺമാനുമായി അദ്ദേഹത്തിന്റെ വിവാഹനിശ്ചയം കഴിഞ്ഞു. എന്നാൽ ഒരു ചട്ടക്കൂടിനുള്ളിൽ ഒതുങ്ങാൻ അദ്ദേഹം അപ്പോഴും ഭയപ്പെട്ടിരുന്നു.

അങ്ങനെ 1775 മെയ് മാസത്തിൽ, ലിലിയോട് ഒരു വാക്കുപോലും പറയാതെ, തന്നെനെത്തിയ അപരിചിതരായ ചില ആരാധകർക്കൊപ്പം അദ്ദേഹം ദക്ഷിണ ജർമ്മനിയിലേക്ക് പെട്ടെന്ന് ഒരു യാത്ര തിരിച്ചു. വിവാഹിതയായ തന്റെ സഹോദരി കോർണേലിയയെ സന്ദർശിക്കുക എന്നതായിരുന്നു പുറമെ പറഞ്ഞിരുന്ന ലക്ഷ്യമെങ്കിലും, രാഷ്ട്രീയവും വ്യക്തിപരവുമായ സ്വാതന്ത്ര്യത്തിന്റെ കേന്ദ്രമായി അന്ന് കരുതപ്പെട്ടിരുന്ന സ്വിറ്റ്സർലൻഡിലേക്ക് പോകാനും അദ്ദേഹം പദ്ധതിയിട്ടിരുന്നു. ഒരുപക്ഷേ, തന്റെ പിതാവിന്റെ വിദ്യാഭ്യാസ പദ്ധതിയിൽ വിവാഹത്തിനമുൻപുള്ള



അവസാന ഘട്ടമായിരുന്ന ഇറ്റലി സന്ദർശിക്കുന്നതിനെക്കുറിച്ചും അദ്ദേഹം ചിന്തിച്ചിട്ടുണ്ടാകാം.

തന്റെ നോവലിലെ കഥാപാത്രമായ 'വെർതർ' ധരിച്ച് പ്രശസ്തമാക്കിയ വസ്ത്രങ്ങൾ നീലടെയിൽക്കോട്ടും മഞ്ഞ കലർന്ന ബഫ് നിറത്തിലുള്ള വെയിസ്റ്റ്കോട്ടും പാന്റും ധരിച്ചാണ് ആ സംഘം ഒടുവിൽ സൂറിച്ചിലെത്തിയത്. അവിടെ നടത്തിയ ഒരു ബോട്ട് യാത്രയ്ക്കിടെയാണ് ഗേയ്ഥെയുടെ ഏറ്റവും മികച്ച കവിതകളിലൊന്നായ 'ഔഫ് ഡെം സീ' (Auf dem See 'തടാകത്തിൽ') പിറന്നത്.

തുടർന്ന് മലനിരകളിലൂടെ അദ്ദേഹം നടത്തിയ പദയാത്രയിലുടനീളം ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു. ഒടുവിൽ സെന്റ് ഗോട്ട് ഹാർഡ് ചുരത്തിൽ എത്തിയപ്പോൾ ഇറ്റലിയിലേക്കുള്ള വഴി അദ്ദേഹം നോക്കി നിന്നെങ്കിലും, മനസ്സില്ലാമനസ്സോടെ ലിലിയെയും ജന്മനാടിനെയും ലക്ഷ്യമാക്കി അദ്ദേഹം തിരികെ നടന്നു.

ഫ്രാങ്ക്ഫർട്ടിൽ തിരിച്ചെത്തി ആഴ്ചകൾക്കുള്ളിൽ തന്നെ ലിലിയുമായുള്ള ഗേയ്ഥെയുടെ വിവാഹനിശ്ചയം വേർപിരിഞ്ഞു. തന്റെ ജന്മനാട് ഒരു പ്രാദേശിക ഇടുങ്ങിയ ചിന്താഗതിയുള്ള ഇടമാണെന്നും, ഒരു യഥാർത്ഥ ദേശീയ ജർമ്മൻ സാഹിത്യം ലക്ഷ്യമിടുന്ന ഒരാൾക്ക് അവിടുത്തെ പരിധികൾ വളരെ ചെറുതാണെന്നും അദ്ദേഹത്തിന് തോന്നിത്തുടങ്ങിയിരുന്നു. വെയ്മറിലെ പുതിയ യുവ പ്രഭുവിന്റെ കൊട്ടാരം സന്ദർശിക്കാനുള്ള ക്ഷണം അദ്ദേഹത്തിന് ലഭിച്ചു. ഒരു പക്ഷേ, പ്രബുദ്ധരായ ഭരണാധികാരികളുടെ ജർമ്മനി തന്റെ കഴിവുകൾ തെളിയിക്കാൻ കൂടുതൽ മികച്ച വേദിയാകുമെന്ന് അദ്ദേഹം കരുതിയിരിക്കാം.

എന്നാൽ ശരത്കാലം മുഴുവൻ കാത്തിരുന്നിട്ടും,തന്നെ കൂട്ടിക്കൊണ്ടു പോകാൻ ചാൾസ് അഗസ്റ്റസ് വാഗ്ദാനം ചെയ്ത കുതിരവണ്ടി എത്തിയില്ല. ഒടുവിൽ പിതാവുമായുള്ള ധാരണയനുസരിച്ച് അദ്ദേഹം ഇറ്റലിയിലേക്ക് തിരിക്കാൻ തീരുമാനിച്ചു. എന്നാൽ അദ്ദേഹം യാത്ര തിരിച്ചതിന് തൊട്ടു പിന്നാലെ ആ കാത്തിരുന്ന വണ്ടി എത്തുകയും, ഹൈഡൽബെർഗിൽ വെച്ച് അദ്ദേഹത്തെ കണ്ടെത്തുകയും ചെയ്തു. ഇതോടെ അദ്ദേഹത്തിന്റെ എല്ലാ പദ്ധതികളും മാറിമറിഞ്ഞു. 1775 നവംബർ 7-ന് അദ്ദേഹം വെയ്മറിൽ എത്തിച്ചേർന്നു. എന്നാൽ അദ്ദേഹത്തിന്റെ സ്വപ്നമായിരുന്ന ഇറ്റാലിയൻ യാത്ര പൂർത്തിയാക്കാൻ പിന്നെയും പതിനൊന്ന് വർഷങ്ങൾ കൂടി കാത്തിരിക്കേണ്ടി വന്നു.

വെയ്മറിൽ (Weimar), ഫ്രാങ്ക്ഫർട്ടിൽ ഒരുപക്ഷേ 40 വർഷങ്ങൾ കാത്തിരിക്കേണ്ടി വരുമായിരുന്ന അല്ലെങ്കിൽ ഒരിക്കലും ലഭിക്കുമായിരുന്നില്ലാത്ത ഒരു പൊതുഭരണ പദവി ഗേയ്ഥെയ്ക്ക് ലഭിച്ചു. വെറുമൊരു പ്രശസ്ത വ്യക്തി എന്ന നിലയിലുള്ള സന്ദർശനത്തേക്കാൾ ഉപരിയായി അദ്ദേഹത്തിന്റെ സേവനം അവിടെ ആവശ്യമാണെന്ന് താമസിയാതെ



വ്യക്തമായി. പ്രഭു (Duke) അദ്ദേഹത്തിനായി നഗരമതിലിന് തൊട്ടുപുറത്ത് ഒരു ചെറിയ വീടും തോട്ടവും വാങ്ങുകയും അവയുടെ അറ്റകുറ്റപ്പണികൾക്കായി പണം നൽകുകയും ചെയ്തു. വെയ്മറിൽ എത്തി ആറുമാസത്തിന് ശേഷം, ഗേയ്ഥെ ഭരണസമിതിയായ 'പ്രിവി കൗൺസിലിൽ' (Privy Council) അംഗമായി നിയമിതനായി. പ്രഭുവിനെ ഉപദേശിക്കാൻ അദ്ദേഹത്തെക്കൂടാതെ മറ്റ് രണ്ട് അംഗങ്ങൾ കൂടി ആ സമിതിയിലുണ്ടായിരുന്നു. കൂടാതെ, ഹെർഡറെ അവിടുത്തെ ലൂഥറൻ സഭയുടെ തലവനായി (Primate)നിയമിക്കാനും ഗേയ്ഥെയുടെ ഇടപെടലിലൂടെ സാധിച്ചു.

ആദ്യകാലങ്ങളിൽ ചാൾസ് അഗസ്റ്റസിനെ അകമ്പടി സേവിക്കുന്നതിനും കൊട്ടാരത്തിലെ വിനോദപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും പുറമെ കുറഞ്ഞ ചുമതലകളെ ഗേയ്ഥെയ്ക്ക് ഉണ്ടായിരുന്നുള്ളൂ. എന്നാൽ താമസിയാതെ അദ്ദേഹം ഭരണപരമായ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു തുടങ്ങി. പ്രബുദ്ധതയുടെ (Enlightenment) തത്വങ്ങൾക്കനുസൃതമായി, പ്രഭുക്കന്മാർക്ക് വേണ്ടി മാത്രമല്ല, എല്ലാ പ്രജകളുടെയും നന്മയ്ക്കായി ഭരിക്കപ്പെടുന്ന ഒരു പരിഷ്കൃത രാജ്യം എന്ന ആശയമായിരുന്നു അദ്ദേഹത്തിന് പ്രചോദനമായത്.

1779-ൽ ഖനനത്തിന്റെയും ഹൈവേകളുടെയും ചുമതലകൾക്ക് പുറമെ അദ്ദേഹം യുദ്ധകമ്മീഷന്റെ ചുമതല കൂടി ഏറ്റെടുത്തു. 1782-ൽ ട്രഷറി ചാൻസലർ സ്ഥാനം ഒഴിഞ്ഞപ്പോൾ, രണ്ട് വർഷത്തേക്ക് ആ പദവിയും അദ്ദേഹം വഹിച്ചു. ഈ പദവി അദ്ദേഹത്തെ വെയ്മറിലെ പ്രമുഖ പ്രതിനിധിയും ഏകദേശം ഒരു പ്രധാനമന്ത്രിക്ക് തുല്യമായ സ്ഥാനത്തുള്ള വ്യക്തിയുമാക്കി മാറ്റി. ഇതിന്റെ ഭാഗമായി അദ്ദേഹത്തെ പ്രഭു പദവിയിലേക്ക് ഉയർത്തേണ്ടത് അത്യാവശ്യമായി വന്നു. അങ്ങനെ 1782-ൽ അദ്ദേഹം 'വോൺ ഗേയ്ഥെ' (von Goethe) ആയി മാറുകയും ഫ്രോവൻപ്ലാനിലെ വലിയ വീട്ടിലേക്ക് താമസം മാറുകയും ചെയ്തു. ഇടയ്ക്ക് ഒരു ചെറിയ ഇടവേള ഒഴിച്ചാൽ ശിഷ്ടകാലം മുഴുവൻ വെയ്മറിൽ അദ്ദേഹത്തിന്റെ വീട് ഇതായിരുന്നു.

ഗേയ്ഥെ കൊട്ടാരജീവിതത്തിന്റെ ലോകത്തേക്ക് ആകൃഷ്ടനായിരുന്നു. താൻ ജനിച്ച മധ്യവർഗ്ഗ സ്വതന്ത്ര നഗരത്തേക്കാളും അല്ലെങ്കിൽ അന്ന് നിലനിന്നിരുന്ന ഭരണഘടനാപരമായ സാമ്രാജ്യത്തെക്കാളും, ജർമ്മനിയുടെ രാഷ്ട്രീയ ഭാവി ഇത്തരം സ്വേച്ഛാധിപത്യ നാട്ടുരാജ്യങ്ങളാണെന്ന് അദ്ദേഹം അബോധാവസ്ഥയിലാണെങ്കിലും തിരിച്ചറിഞ്ഞിരുന്നു. കൂടാതെ, കുലീനരും അച്ചടക്കമുള്ളവരുമായ ഒരു കൂട്ടം ആളുകൾ പൊതുനന്മയ്ക്കായി സ്വയം സമർപ്പിക്കുന്ന ഒരു സമൂഹത്തെക്കുറിച്ചുള്ള ആശയവും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. ഈ ചിന്താഗതി അദ്ദേഹത്തിന്റെ 'ഡി ഗെഹൈംനിസ്സെ' (Die Geheimnisse 'രഹസ്യങ്ങൾ', 1784-85) എന്ന അപൂർണ്ണ ഇതിഹാസത്തിലും പിന്നീട് 'വിൽഹെം മെയ്സ്റ്റർ' (Wilhelm Meister) നോവലുകളിലും പ്രതിഫലിക്കുന്നുണ്ട്.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

# അലക്സാണ്ടർ സൊകുറോവ് : റഷ്യൻ ഫിലിം മാസ്റ്റർ



**സാബു ശങ്കർ**
(നോവലിസ്റ്റ് , ഫിലിം റൈറ്റർ , സംവിധായകൻ)



**അലക്സാണ്ടർ സൊകുറോവ**


റഷ്യൻ ആർക് എന്ന സിനിമ കണ്ട ശേഷം അലക്സാണ്ടർ സൊകുറോവ് എന്ന ചലച്ചിത്ര കാരനെ കുറിച്ച് ഏറെ ചിന്തിച്ചിരുന്നു . ചലച്ചിത്രഭാഷയുടെ വ്യാകരണവുമായി ബന്ധപ്പെട്ട ഒരു സ്വാധ്യായം തന്നെയായിരുന്നുവത് . സിനിമയുടെ ഭാഷ രൂപപ്പെടുന്ന സാധ്യതകളെ കുറിച്ച് ആദ്യ പഠനങ്ങൾ ഗഹനമായി നടത്തിയത് റഷ്യൻ ചലച്ചിത്ര അധ്യാപകനായ ലേവ് കുലെഷോവ് ആയിരുന്നു .

1987 ൽ ഒന്നാം പതിപ്പായി പ്രസാധനം ചെയ്ത , സിനിമയുടെ സൗന്ദര്യ ശാസ്ത്രത്തിനു ഒരാമുഖം എന്ന ഗ്രന്ഥത്തിന് ശേഷം 1992 ൽ പ്രസിദ്ധീകരിച്ച , എന്റെ രണ്ടാമത്തെ ചലച്ചിത്ര ഗ്രന്ഥം കുലെഷോവിന്റെ ഗവേഷണ പഠനങ്ങളെ കുറിച്ചുള്ളതായിരുന്നു . മൊണ്ടാഷ് സങ്കേതവും വൈരുദ്ധ്യാത്മക മൊണ്ടാഷ് സങ്കേതവും പിന്നിട്ട ചലച്ചിത്ര ഭാഷ പരീക്ഷണങ്ങളിലൂടെ കടന്നുപോയ ദശാബ്ദങ്ങൾ സിനിമയുടെ ദാർശനികവും ശൈലീപരവുമായ ചരിത്രഘട്ടങ്ങൾ തന്നെയാണ് .

കലയെ സംബന്ധിച്ച നിരൂപണഭാഷയിൽ പറഞ്ഞാൽ , സർറിയലിസവും എക്സ്പ്രഷണലിസവും നിയോ റിയലിസവും സോഷ്യൽ റിയലിസവും സോഷ്യലിസ്റ്റ് സർറിയലിസവും മിസ് എൻ സീൻ സങ്കേതവും സൈക്കോ മാജിക് സർറിയലിസവും മെറ്റാറിയലിസവും ഒക്കെ വഴിത്തിരിവുകളായ ദൃശ്യസംരചനകൾ ലോകസിനിമയുടെ പരിണാമചിത്രണം കൂടിയാണ് . ഷോട്ടുകൾ



ലെവ് കുലെഷോവ് : ചലച്ചിത്രപാണിനി എന്ന ഗ്രന്ഥം സ്വീകരിക്കുന്ന വിശ്വപ്രസിദ്ധ റഷ്യൻ സംവിധായകൻ അലക്സാണ്ടർ സൊകുറോവ് - ഡോ. വി. രാജകൃഷ്ണൻ, പരിഭാഷകൻ, ഗ്രന്ഥകാരൻ സാബു ശങ്കർ എന്നിവരോടൊപ്പം.




സാധർമ്മ്യം നിലനിർത്തിക്കൊണ്ട് യുക്തിപൂർവം കാഴ്ചയുടെ മാന്ത്രികാനുഭൂതി സൃഷ്ടിക്കുന്നു . അതിനേക്കാൾ കുറേക്കൂടി വിദഗ്ധമായ മറ്റൊരു ശൈലിയാണ് റഷ്യൻ ആർക് എന്ന സിനിമയിൽ അലക്സാണ്ടർ സൊകുറോവ് ആവിഷ്കരിച്ചത് . ഒരു കപ്പലിലെന്ന പോലെ പല നിലകളുള്ള ഒരു സൗധത്തിൽ നൂറ്റാണ്ടുകളുടെ ചരിത്രവിശേഷം അപഗ്രഥിക്കുന്ന ചിത്രീകരണത്തിൽ ഒറ്റ ഷോട്ടുമാത്രം . കട്ട് ഇല്ലാത്ത ക്ളാസിക് ശൈലി .

സന്നിവേശിപ്പിച്ചുകൊണ്ടുള്ള എഡിറ്റിംഗ് എന്ന സാങ്കേതിക കർമ്മത്തിൽ നിന്ന് വ്യതിചലിച്ച് , ദൃശ്യത്തിന്റെ സ്വാഭാവിക ഒഴുക്കിലും പ്രതലത്തിലും കഥനരീതിക്ക് കൂടുതൽ ഇടം നൽകി , സ്ഥലകാലത്തിന്റെ സാധ്യതയിൽ ആവിഷ്ക്കാരം നടത്തുവാനുള്ള ശ്രമങ്ങൾ നടന്നു .

ഹംഗേറിയൻ സംവിധായകൻ മിക്ളോസ് യാൻചോയുടെ ഇലക്ട്ര മൈ ലൗ എന്ന സിനിമയിൽ 13 ദീർഘ ഖണ്ഡങ്ങൾ മാത്രമേയുള്ളൂ . സാധാരണ രീതിയിലുള്ള എഡിറ്റിംഗ് ഇല്ലെന്നു തന്നെ പറയാം . സ്ഥലകാലത്തിൽ പല നിരകളിലായി ഉള്ളടക്കം വിടർത്തുന്നു .

നാൽപ്പതിലേറെ ലോകസിനിമകൾ സംവിധാനം ചെയ്ത അലക്സാണ്ടർ സൊകുറോവിനെ പരിചയപ്പെടാനും അഭിമുഖം നടത്താനും സാധിച്ചത് 2017 ൽ ഐ.എഫ് എഫ് കെ യുടെ സമയത്താണ് .

ലേവ് കുലെഷോവ് : ചലച്ചിത്ര പാണിനി എന്ന പുസ്തകത്തിന്റെ മൂന്നാം പതിപ്പ് തയ്യാറാകുന്ന വേളയിൽ അലക്സാണ്ടർ സൊകുറോവിനെ നേരിൽ കാണാനുള്ള ഭാഗ്യം അപൂർവ്വ അനുഭവമാണ് . 1984 ൽ ക്യൂബൻ സംവിധായകൻ തോമസ് ഗതിറസ് ഏലിയായുമായും 1995 ൽ ഹംഗേറിയൻ സംവിധായക മാർത്ത മെസോറസുമായും അഭിമുഖം നടത്തിയ പോലുള്ള അനുഭവം തന്നെ .



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

ലേവ് കുലെഷോവ് : ചലച്ചിത്ര പാണിനി എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് കണ്ടപ്പോൾ തന്നെ അലക്സാണ്ടർ സൊകുറോവ് തെല്ല് വിസ്മയം കൊണ്ടു . റഷ്യയിൽ ചലച്ചിത്രകാരന്മാരുടെ ഗുരുശ്രേഷ്ഠനായ ഒരു വ്യക്തിയെ കുറിച്ചാണ് മലയാളത്തിൽ ഒരു പുസ്തകം ! അലക്സാണ്ടർ സൊകുറോവ് പരിഭാഷകന്റെ സഹായത്തോടെ സൗഹൃദ സംഭാഷണം തുടങ്ങി . ആ സംഭാഷണത്തിൽ നിന്നും അദ്ദേഹത്തിന്റെ അനുമതിയോടെ പ്രസ്തുത ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പിന് അവതാരിക തയ്യാറാക്കി . രണ്ടാം പതിപ്പ് അദ്ദേഹം കൊണ്ടുപോകുകയും ചെയ്തു .





വർഷങ്ങൾ കഴിഞ്ഞ് അലക്സാണ്ടർ സൊകുറോവ് സംവിധാനം ചെയ്ത ഫൗസ്റ്റ് എന്ന വിഖ്യാത സിനിമ വിശ്വസാഹിത്യവും വിശ്വസിനിമയും എന്ന ചലച്ചിത്രമേള പരമ്പരയിൽ പ്രദർശിപ്പിക്കുമ്പോൾ റഷ്യൻ ആർകിനെ കുറിച്ചും ചലച്ചിത്രഭാഷയുടെ വ്യാകരണത്തിലെ വിസ്മയകരമായ ചിത്രീകരണത്തെ കുറിച്ചും സാനന്ദം ഓർത്തുപോകുന്നു .



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

( കവിത )

# ഫൗസ്റ്റിന്റെ അപമസഞ്ചാരം



**രാജാംബിക**
( വൈസ് പ്രസിഡന്റ്, ഫിൽക്ക )




ശവത്തിലെ അവയവമോരോന്നും
കീറിമുറിച്ചു
സൂക്ഷ്മമായി പരിശോധിച്ചു അസ്വസ്ഥ
ചിത്തനാം ഭിഷഗ്വരൻ -
പ്രൊഫസർ - ഗവേഷകൻ ഫൗസ്റ്റ് വലഞ്ഞു
ആത്മാവ് എന്താണ് ?
അതെവിടെയാണിരിക്കുന്നത് ?

ദൈവത്തിനു മാത്രമേ അറിയൂ,
ചോദ്യങ്ങളിലുഴറുന്നു
മനുഷ്യന്റെ ശത്രു ആരാണ്  ? ഉള്ളിൽ
വാഴുന്ന ശക്തിയോ ?
ദൈവം എല്ലായിടത്തും ഉണ്ടെന്നൊരു
വിശ്വാസം
എന്നാൽ ആത്മാവ് ശരീരത്തിൽ
ഒരിടത്തുമില്ലല്ലോ ?

നാടോടിക്കഥയിലെ സാത്താൻ
മെഫിസ്റ്റോഫെലിസിൻ പ്രതിരൂപൻ
പ്രേതരൂപിയാം പലിശക്കാരൻ മൗറീഷ്യസ്
മൊഴിഞ്ഞു :
സാത്താൻ എവിടെയുണ്ടോ അവിടെ
പണവും ഉണ്ട്.
ലോകം മുഴുവനും അപ്രത്യക്ഷമാകാൻ
ആഗ്രഹിക്കുന്നു ഞാൻ .

ഈ ലോകമില്ലെങ്കിലെങ്ങനെ നിന്നെ
കാണും ?
ഇടറുന്ന ഹൃദയത്തിനാശ്വാസമെവിടെ ?
കനകപുഷ്പത്തിനു സൗരഭ്യമില്ല
കാഴ്ചകൾക്കൊരു ഉൾക്കണ്ണുമില്ല .

ഫൗസ്റ്റിനെ നോക്കി ഊറിച്ചിരിച്ചു
മൗറിഷ്യസ് :
ലോകം നശിച്ചാലും നീയും ഞാനുമുണ്ട്
പ്രൊഫസർ .
എല്ലാത്തിനും ചില നിയമങ്ങളുണ്ട്,
മരണമുണ്ട് ,
ക്രമരഹിതമായ നിയമം മനുഷ്യനെ
നയിക്കുന്നു ...

എന്റെ ആത്മാവിൽ ദൈവം ഒളിച്ചിരിക്കുന്നു
അഗാധതയിൽ നിന്നത്
പുറത്തേക്ക് തുളുമ്പുന്നു
എല്ലാ ശക്തികളും ആത്മാവിലാണ്
മൗറീഷ്യസ്
അജ്ഞാതമീ ആത്മാവ് കാവൽക്കാരൻ
ആദിയിൽ വചനമുണ്ടായി
ആൽഫയും ഒമേഗയുമായ ദൈവവചനം .

അല്ല , ആദിയിൽ ചിന്തയുണ്ടായി ,
ഇടപാടുകളുണ്ടായി ,
ഓരോ മണിക്കൂറും അത് പ്രവർത്തിച്ചു
ലോകം വിടർന്നു

പ്രപഞ്ചത്തിനൊരു ആത്മാവുണ്ടെന്നോ ?
എവിടെ നിന്നാണ് ആത്മാവുണ്ടായത് ?
എങ്കിലത് മനുഷ്യന് പിറവിനൽകിയ
കുരങ്ങിൽ നിന്നാവാം
ഏത് ദേവാലയത്തിലാണ് ഇതിനൊരു
ഉത്തരം കിട്ടുക ?

ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ
സാത്താനെയും വിശ്വസിക്കുവാനോ ?
അതിലെന്തു യുക്തി ?
അതിലെന്തു ഭക്തി ?
നന്മ നിലനിൽക്കുന്നില്ലെങ്കിൽ
തിന്മ മാത്രമേ ഉണ്ടാവൂ.
മണ്ണിൽ നിന്ന് മണ്ണിലേക്ക്...

ചാരത്തിൽ നിന്ന് ചാരത്തിലേക്ക്...
പൊടിയിൽ നിന്ന് പൊടിയിലേക്ക് ...
നരകം തിന്മയുള്ളവർക്ക് മാത്രമാണ്.
അങ്ങനെയല്ലീ ലോകം പ്രൊഫസർ ,
ഒരു കുഞ്ഞു ചെടിപോലും ഒരാളെ
സന്തുഷ്ടനാക്കുന്നു
രതിയും പ്രായവും പദവിയും പണവും
സ്വതന്ത്ര വഴികൾ

മനുഷ്യനെ സൃഷ്ടിച്ചത് മനുഷ്യനാണ് ,
രക്തമുള്ള മനുഷ്യൻ
പ്രണയത്തിന്റെ കണ്ണുകളിൽ മധുരമുള്ള
ജീവിതമുണ്ട്

പ്രതിയാരുമല്ല , ദൈവത്തിന്
ശിക്ഷിക്കാനാവില്ല
മരണം രുചികരമായ ഭോജ്യമാണ്
ചിലർ മരിക്കുമ്പോഴാണ് മറ്റുചിലർ
ജീവിതം രുചിക്കുന്നത്
കുമ്പസാരിക്കാൻ ഒന്നുമില്ല പ്രൊഫസർ
വരൂ , ഈ നഗരത്തിന്റെ
അധോലോകത്തിലേക്ക്
മരണം വിധിക്കുന്ന ദൈവത്തിൽ
വിശ്വസിക്കാൻ ആർക്കുണ്ട് ധൈര്യം ?
ദൈവം സ്നേഹമാണോ ?
ദൈവം സത്യമാണോ ?

ജീവിത പുസ്തകത്തിൽ അഭിനിവേശങ്ങൾ
രമണീയം ...
അന്തർലോകത്തിലേക്കവർ നടന്നു
മെഫിസ്റ്റോ ഫെലിക്സായവൻ നയിച്ചു
സ്നാനഘട്ടിലെ യുവസുന്ദരി ഗ്രെച്ചർ
അഭിനിവേശത്തിലമർന്നു നായകൻ ഫൗസ്റ്റ് .
അവളോടൊപ്പമൊരുരാത്രി മാത്രം
ശയിക്കാൻ
ആത്മാവ് പണയം വച്ചവൻ അതിർത്തി
യറിഞ്ഞു



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



അവളോടൊപ്പമലിഞ്ഞു മറവിതൻ
ജലാശയത്തിൽ
ആഹ്ലാദിക്കുന്നു ജീവിത മാർഗ്ഗദർശി
മൗറീഷ്യസ് .
എഴുതിത്തീരാൻ ഏറെയുണ്ട് ,
പാപചിന്തയിൽ ഭയന്നു നായകൻ
എന്നെങ്കിലുമാത്മാവിനെ കണ്ടെത്തുമോ ?

രക്താക്ഷരങ്ങളിൽ പിടയുന്നുവോ ദൈവം ?
ആത്മാവിനെ തേടുന്ന യാത്രയ്ക്കിടയിൽ
അറിയാതെ സ്വാത്മാവിനെ തന്നെ
പണയം വച്ചവൻ
ഇടുങ്ങിയ ദുർഘടപാതയിൽ ,
നിത്യദുഃഖത്തിൽ ,
മരണത്തിന്റെ തണുപ്പിൽ നിന്ന്
മോചനം വേണം
കഠിന യാത്രയിൽ പ്രലോഭനത്തിൽ
നിന്ന് രക്ഷ നേടണം
പതഞ്ഞൊഴുകുന്ന അരുവിയിൽ
വീണ്ടും ജനിക്കണം
ഒഴിഞ്ഞുപോകട്ടെ പ്രേതാരൂപിയാം
പ്രലോഭകൻ
ഒടുക്കുന്നു പാറകൾക്കിടയിൽ
മൗറീഷ്യസിനെ .
തിന്മയുടെ വേരുകൾ പിഴുതെറിഞ്ഞ്
നേർവഴിതെളിയുന്നു ,

ആത്മാവിനെ തിരിച്ചുകിട്ടുന്നു ,
പുതിയ സൂര്യൻ ഉദിക്കുന്നു,
നന്മകൾ പുഷ്പിക്കുന്നു,
നാളെകൾ ശുഭപ്രതീക്ഷകൾ
മെഫിസ്റ്റോഫെലിസിൻെറ നിഴലുകൾ
പിന്തുടരാതിരിക്കട്ടെ .
ഊഷ്മാവ് ഉയരത്തിലേക്ക് ഉയരുന്നു

തണുപ്പ് താഴ്വരയിലേക്കിറങ്ങുന്നു
ഭൂമിയുടെ ഹൃദയത്തിലേക്ക്, താളത്തിലേക്ക് ,
മഹത്വത്തിന്റെ ഗീതം ഉയരുന്നു
സഹനം എല്ലാം പഠിപ്പിക്കുന്നു
നിതാന്തമായ ഏകാന്തത...
ആത്മാവ് എല്ലാം നിശ്ചയിക്കുന്നു
അതിൽ ദൈവം ചിരിക്കുന്നു .



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX

# മലമുകളിലെ മാന്ത്രികാനുഭവങ്ങൾ ഏറ്റുവാങ്ങിയ ലോലഹൃദയൻ



ജോൺ തോമസ്
(ഫിൽക്ക)



ജർമ്മൻ പട്ടണമായ ഹാംബർഗിൽ നിന്നും സ്വിറ്റ്സർലൻഡിലെ ആൽപ്സ് മലനിരകളിൽ സ്ഥിതിചെയ്യുന്ന ദാവോസിലേക്കുള്ള , ഹാൻസ് കാസ്റ്റോർപ് എന്ന നായക കഥാപാത്രത്തിന്റെ ട്രെയിൻ യാത്രയോടെയാണ് നോബൽ സമ്മാനാർഹമായ തോമസ് മന്നിന്റെ 'മാജിക് മൗണ്ടൻ' എന്ന നോവൽ ആരംഭിക്കുന്നത്.


ഒന്നാം ലോകമഹായുദ്ധത്തിന് തൊട്ടു മുൻപുള്ള യൂറോപ്പാണ് നോവലിന്റെ പശ്ചാത്തലം. എഞ്ചിനീയറിങ് ബിരുദം എടുത്തതിനുശേഷം ഉദ്യോഗത്തിൽ പ്രവേശിക്കാൻ തയ്യാറെടുക്കുന്ന ചെറുപ്പക്കാരനാണ് കാസ്റ്റോർപ്.

മാതാപിതാക്കളുടെ മരണത്തെ തുടർന്ന് ധനികരായ ബന്ധുക്കളാൽ വളർത്തപ്പെട്ടവനാണ് മനുഷ്യജീവിതത്തിന്റെ ഗതിവിഗതികളെ സാകൂതവും അഗാധവും ആയി നോക്കി ക്കാണുന്ന കാസ്റ്റോർപ്. അയാളുടെ ബന്ധുവും സുഹൃത്തും ദാവോസിനടുത്തുള്ള സമ്പന്നരായ ക്ഷയ രോഗികൾക്കുവേണ്ടിയുള്ള മലനിരകളിലെ സാനറ്റോറിയത്തിൽ ചികിത്സയിൽ കഴിയുന്നവനുമായ പട്ടാള ഉദ്യോഗസ്ഥൻ ജൊവാക്കിം സീംസണെ സന്ദർശിക്കുകയെന്നതാണ് യാത്രോദ്ദേശ്യം.

കാലവും സ്ഥലവും മനുഷ്യനിൽ വരുത്തുന്ന മാറ്റത്തെ കുറിച്ചുള്ള പരാമർശങ്ങൾ നോവലിന്റെ തുടക്കത്തിൽ വായിക്കാം. അച്ഛനും മുത്തച്ഛനും ഹാൻസും അടക്കം മാമ്മോദിസ മുങ്ങിയ കൽത്തൊട്ടി ചൂണ്ടിക്കാട്ടപ്പെടുമ്പോൾ പാരമ്പര്യത്തെ കുറിച്ചുള്ള ആലോചനകളിൽ മഗ്നനാകുന്ന ഹാൻസിനെയും അവിടെ കാണാം.



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca




തുടർന്ന് സാനറ്റോറിയം നിലകൊള്ളുന്ന മലനിരകളിൽ കാണുന്ന തരുലതാദികളും കാലപ്പകർച്ചയും ഒക്കെ തന്നെ വിശദമായ വർണ്ണനയ്ക്ക് വിഷയീഭവിക്കുന്നു.

മലമുകളിൽ നിലകൊള്ളുന്ന 'ബർഗോഫ് 'എന്ന ആ സാനറ്റോറിയം അതിൽ തന്നെ ഒരു ലോകമാണ്. ഹാൻസിന് നൽകപ്പെടുന്ന മുറി തൊട്ടടുത്ത ദിവസം ഒരു രോഗിയുടെ മരണം നടന്നതിനാൽ ഒഴിഞ്ഞു കിട്ടിയതാണ്. ആ സാനറ്റോറിയത്തിൽ പ്രത്യേകിച്ചും അവിടുത്തെ ഭക്ഷണ മുറിയിലും സായാഹ്ന സവാരികളിലും പരിചയപ്പെടുന്ന ഓരോ വ്യക്തിയും വ്യത്യസ്ത രാജ്യങ്ങളിൽ നിന്ന് വരുന്നവരും വ്യത്യസ്ത അഭിരുചികൾ പുലർത്തുന്നവരും ആണ്.

രോഗമാണ് അവരെ ഒന്നിപ്പിക്കുന്ന ഘടകം. മരണാസന്നരായവർ. ജീവിതകാലം മുഴുവൻ രോഗഭീതിയും പേറി തുടർചികിത്സയുമായി കഴിയുന്നവർ. മരണം സുനിശ്ചിതമായതിനാൽ ഉല്ലാസഭരിതരായി ജീവിക്കുന്നവർ.. തുടങ്ങി പ്രവർത്തനക്ഷമമല്ലാത്ത ശ്വാസകോശത്തിന് പകരം ശരീരത്തിനുള്ളിൽ ഘടിപ്പിക്കപ്പെട്ട യന്ത്ര സഹായത്തോടെ ശ്വാസം വിടുന്നതു കൊണ്ട് വിസിൽനാദത്തിന് തുല്യമായ അപശബ്ദം പുറപ്പെടുവിച്ച് കഴിയുന്നവർ വരെയുണ്ട് ഈ കൂട്ടത്തിൽ.

അവസാനം പറഞ്ഞ കൂട്ടത്തിൽ പെട്ട ഹെർമൻ ക്ളീഫീൽഡ് എന്ന പെൺകുട്ടിയുടെ സാന്നിദ്ധ്യം നൊമ്പരപ്പെടുത്തുന്ന ഒരു അനുഭവമാണ്. മരണത്തിൽ നിന്നും മനുഷ്യരെ തിരിച്ചു വിളിക്കാൻ കഴിയുന്ന പെൺകുട്ടിയെ പോലെയുള്ള വിചിത്രരായ മനുഷ്യരും ഉണ്ട്. ഇങ്ങനെ വൈവിധ്യമേറിയ കഥാപാത്രങ്ങളാണ് ആ സാനറ്റോറിയത്തിൽ ഉള്ളത്.

വാദ്യോപകരണ സംഗീതത്തിൽ വശമുള്ളവർ, ചിത്രകാരന്മാർ തുടങ്ങി വ്യത്യസ്ത തരത്തിലുള്ള കലാകാരന്മാരും ഇക്കൂട്ടത്തിൽ ഉണ്ട്. തീൻ മേശയിൽ മാന്യമായി പെരുമാറുന്ന റഷ്യൻ രോഗികളുടെ കൂട്ടവും മാന്യമായ പെരുമാറ്റം കാഴ്ചവയ്ക്കാത്ത റഷ്യൻ



രോഗികളും വായനക്കാരിൽ ചിരി പടർത്തും. ഏത് അനുഭവങ്ങളെയും ഒപ്പിയെടുക്കുന്ന ലോലചിത്തനായ കാസ്റ്റോർപ്പിന്റെ മനസ്സിൽ താൻ സവിശേഷമായി കാണുന്നതും കേൾക്കുന്നതുമെല്ലാം പതിയുന്നു.

ഈ സാനറ്റോറിയത്തിലെ പ്രധാന ഭിഷഗ്വരനായ ഹൊഫ്റത്ത് ബേൺസ് അസാധാരണമായ വ്യക്തിത്വമാണ്. അതുപോലെ തന്നെയാണ് അദ്ദേഹത്തിന്റെ സഹായിയായ ക്രോക്കോവ്സ്കി എന്ന മന:ശാസ്ത്രജ്ഞനും.

ഡോ.ബേൺസിന്റെ തലവെട്ടം കണ്ടാൽ മതി ശബ്ദമുഖരിതമായ ഏതു മുറിയും നിശബ്ദമാകും. ഈശ്വരനെ പോലെ സർവ്വവ്യാപിയും സർവ്വശക്തനുമായ ഒരു കഥാപാത്രമാണ്

ഓരോ അന്തേവാസിയുടെയും രോഗവിവരങ്ങളുടെ സൂക്ഷിപ്പുകാരൻ കൂടിയായ ഡോ. ബേൺസ്. ക്രോക്കോവ്സ്കി രോഗികൾക്ക് വേണ്ടി നടത്തുന്ന പ്രഭാഷണ പരമ്പരയുണ്ട്. അതിൽ പ്രണയം രോഗത്തിന് മൂർച്ഛ കൂട്ടുന്ന ഘടകങ്ങളിൽ ഒന്നായി അദ്ദേഹം അവതരിപ്പിക്കുന്നു.

സമപ്രായക്കാരനായ ബന്ധവുമൊത്ത് ചുരുങ്ങിയ ദിവസങ്ങൾ ചെലവഴിച്ച ശേഷം മടങ്ങിപ്പോകാൻ വന്ന കാസ്റ്റോർപ്പിൽ കണ്ട രോഗലക്ഷണങ്ങളാൽ അയാളുടെ ശ്വാസ കോശവും രോഗബാധിതമാണെന്ന് ഡോക്ടർ ബേൺസ് വിധിയെഴുതുന്നു. അങ്ങനെ അയാളും സാനറ്റോറിയത്തിലെ ചിട്ടവട്ടങ്ങൾ പാലിക്കുന്ന രോഗിയായി മാറുന്നു. അപ്രകാരം രോഗം നൽകുന്ന സ്വാതന്ത്ര്യവുമായി സാനറ്റോറിയത്തിലെ ജീവിതം കണ്ടും കേട്ടും അനുഭവിച്ചും ഏഴു വർഷം തുടർന്ന ശേഷമാണ് വളരെയധികം മാറ്റങ്ങൾക്ക് വിധേയമായ അയാൾ പുറം ലോകത്തേക്ക് പോകുന്നത്.

സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് കീർഗിസ്ഥാനിലെ സുന്ദരിമാരുടെ നയനങ്ങളെ അനുസ്മരിപ്പിക്കുന്ന കണ്ണോടുകൂടിയ സുന്ദരനായ ആൺകുട്ടിയോടുള്ള ആകർഷണം കാസ്റ്റോർപ്പ് മനസ്സിൽ സൂക്ഷിച്ചിരുന്നു.ആ കുട്ടിയെ അനുസ്മരിപ്പിക്കുന്ന സൗന്ദര്യത്തോടും ആരെയും കുസാത്ത പെരുമാറ്റത്തോടും കൂടി ഒരു യുവതി സാനറ്റോറിയത്തിലേക്ക് കടന്നുവരുന്നു. തുറന്ന കതക് ശബ്ദമുണ്ടാക്കി അടച്ച് ഏവരുടെയും ശ്രദ്ധ തന്നിലേക്ക് ക്ഷണിച്ചുകൊണ്ട് ഭക്ഷണ മുറിയിലേക്ക് കടന്നുവരുന്ന മദാം ഷൗഷാറ്റ് എന്ന ആ യുവതിയിൽ ദൃശ്യ മാത്രയിൽ തന്നെ കാസ്റ്റോർപ്പ് ആകൃഷ്ടനാകുന്നു.

അവളെ പിന്തുടരുകയും അവളെ കുറിച്ച് അറിയുവാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. പരിശോധനാ മുറിക്കടുത്തുള്ള എക്സ്-റേ റൂമിൽ നിന്നും അവളുടെ ശ്വാസകോശത്തിന്റെ എക്സ്-റേ ഫോട്ടോ മോഷ്ടിച്ച് എടുക്കുന്നു പോലും ഉണ്ട്.

അവളുടെ ശരീര വടിവിൽ അപൂർവ്വ സൗന്ദര്യം ദർശിക്കുന്ന ഡോ.ബേൺസ് ഈ പ്രത്യേകത നിഴലിച്ചു കാണത്തക്ക രീതിയിൽ അവളുടേതായി താൻ വരച്ചു കൊണ്ടിരിക്കുന്ന എണ്ണഛായാ ചിത്രം അത്ഭുതം കൂറി നിൽക്കുന്ന കാസ്റ്റോർപ്പിന് കാട്ടിക്കൊടുക്കുന്നുമുണ്ട്. ആ സൗന്ദര്യധാമത്തെ പിന്തുടരാനുള്ള ശ്രമങ്ങൾ വിഫലമാകുന്നുവോ എന്ന് തിരിച്ചുള്ള പ്രതികരണം കാണാത്തപ്പോൾ അയാൾക്ക് തോന്നുന്നു പോലും ഉണ്ട്.

അവസാനം ഈ നോവലിലെ ഏറ്റവും മികച്ച അധ്യായം എന്ന് വിശേഷിപ്പിക്കാവുന്ന 'വാൾപുർജിസ് നൈറ്റ്'ൽ ഭക്ഷണത്തിനും പാനോപചാരത്തിനും ശേഷം അന്തേവാസികൾ ഒട്ടുമുക്കാലും താന്താങ്ങളുടെ കിടപ്പ് മുറികളിലേക്ക് പോയിക്കഴിഞ്ഞതിനു ശേഷം ഏതാണ്ട് വിജനമായ മുറിയിൽ സംഗീതത്തിന്റെ അകമ്പടിയോടെ, അവൾ തന്നിൽ കടുത്ത പ്രണയം നിലനിർത്തുന്നവനും ലോലഹൃദയനും എല്ലാ ജീവിതാവസ്ഥകളോടും വൈകാരികമായി പ്രതികരിക്കുന്നവനുമായ കാസ്റ്റോർപ്പിനോട് മനസ്സ് തുറന്നുള്ള സ്നേഹപ്രകടനം കാഴ്ചവയ്ക്കുന്നു. വാഗ്നറുടെ സംഗീതം പോലെ ശില്പഭദ്രതയുള്ളതെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ നോവലിലെ അദ്ധ്യായങ്ങളിൽ ഒന്നാണിത്.

വിട്ടുമാറാത്ത രോഗം മൂലം ഇടവേളകളിൽ സാനിറ്റോറിയത്തിൽ എത്തുന്ന അവൾ പിറ്റേന്ന് താൻ തന്റെ നാട്ടിലേക്ക്, ഭർത്തൃ

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



സമീപത്തേക്ക് പോവുകയാണെന്ന് പറയുന്നു.

തുടർന്ന് അവൾ സാനറ്റോറിയത്തിലേക്ക് ഒരു വരവ് കൂടി വരുന്നുണ്ട്. ജീവിതം ആർത്തുല്ലസിക്കാനുള്ളതാണെന്ന സന്ദേശം പേറുന്ന മൈൻഹിം പീപ്പർകോൺ എന്ന അതിഥിസൽക്കാരപ്രിയനായ ഡച്ചുകാരൻ ധനാഢ്യന്റെ കൂട്ടുകാരിയായിട്ട്.

തന്റെ കൂട്ടുകാരി കാസ്റ്റോർപ്പിന്റെ ഗൂഢ പ്രണയത്തിന് ഇരയാണെന്ന് മനസ്സിലാക്കുന്ന പീപ്പർകോൺ അവൾ മുറിയിൽ ഇല്ലാതിരുന്ന ഒരു സന്ധ്യയിൽ രോഗ കിടക്കയിൽ കിടന്നു കൊണ്ട് ഹാൻസുമായുള്ള സുദീർഘമായ സംഭാഷണത്തിന് ഒടുവിൽ അവർ ഇരുവരും സന്ധി ചെയ്യുന്ന ഒരു രംഗം ഉണ്ട്.

അവരിരുവരും പ്രണയിക്കുന്ന മദാം ഷൗഷാറ്റ് അപൂർവ വ്യക്തിത്വത്തിന് ഉടമയും സ്വാതന്ത്ര്യബോധം പുലർത്തുന്നവളുമായ വനിതാരത്നമാണെന്ന് പീപ്പർ കോൺ സാക്ഷ്യപ്പെടുത്തുന്നു. തന്റെ അന്ത്യത്തിനു ശേഷം ഹാൻസ് അവളുടെ സുഹൃത്തായി തുടരണമെന്ന ഉപദേശവും അയാൾ നൽകുന്നു.

അന്ന് രാത്രിയിൽ പാമ്പിൻ വിഷം കുത്തിവെച്ച് പീപ്പർകോൺ ആത്മഹത്യ ചെയ്യുന്നു. മദാം ഷൗഷാറ്റ് സാനറ്റോറിയം വിട്ടു പോവുകയും ചെയ്യുന്നു. കാലപ്രവാഹത്തിൽ ബന്ധങ്ങളും താല്പര്യങ്ങളും ആസ്വാദനവും ഒന്നും ശാശ്വതമല്ലെന്ന് വ്യക്തമാക്കുന്ന യാത്ര.

യൂറോപ്പിൽ എമ്പാടും രാഷ്ട്രങ്ങൾ തമ്മിൽ ആക്രമണോത്സുകതയും യുദ്ധസന്നാഹവും നിലനിൽക്കുന്ന കാലയളവിൽ ആണ് ഈ കൃതി രചിക്കപ്പെടുന്നത്. രാഷ്ട്രീയം, ആത്മീയത, മതം തുടങ്ങിയ വിഷയങ്ങളിൽ ഗഹനമായ ചർച്ചകളും തർക്ക വിതർക്കങ്ങളും ഇതിലെമ്പാടുമുണ്ട്.

രണ്ടു പ്രധാന കഥാപാത്രങ്ങളാണ് അതിന് നെടുനായകത്വം വഹിക്കുന്നത്. ജ്ഞാനോദയം, യുക്ത്യാധിഷ്ഠിത ചിന്ത ,ശാസ്ത്ര പുരോഗതി തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തിയുള്ള നിലപാട് സ്വീകരിക്കുകയും 'ഫ്രീമെയ്സൺസ്' എന്ന സാമൂഹ്യപുരോഗതിക്കായുള്ള പ്രസ്ഥാനത്തിൽ അംഗമായിരിക്കുകയും ചെയ്യുന്ന സെറ്റംബ്രിനി എന്ന ഇറ്റലിക്കാരനും, ദൈവികമായ വെളിപാടുകളിൽ അടിസ്ഥാനപ്പെടുത്തിയുള്ള ക്രിസ്തീയ ആദ്ധ്യാത്മികതയിൽ മുറുകെ പിടിക്കുകയും യുക്തിയുടെ നിരാസത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന നാഫ്ത എന്ന കഥാപാത്രവും പരസ്പരം ഏറ്റുമുട്ടുന്നു



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX



ഈ രണ്ടുപേരും കാസ്ടോർപ്പിന്റെ സൗഹൃദം വിലമതിക്കുന്നുണ്ടെങ്കിലും അയാളുടെ ചായ്‌വ് കൂടുതലായും സെറ്റംബ്രിനിയുടെ നിലപാടുകളോടായിരുന്നു. താർക്കികരായ രണ്ടു സുഹൃത്തുക്കളും കൂടി ഒരു ദ്വന്ദ്വ യുദ്ധത്തിന് തയ്യാറെടുക്കുകയും അതിൽ സെറ്റംബ്രിനി ആകാശത്തേക്ക് വെടിയുതിർത്ത് തന്റെ ഊഴം പാഴാക്കികളയുകയും നാഫ്ത സ്വയം വെടിവെച്ച് ജീവത്യാഗം ചെയ്യുകയും ചെയ്യുന്നു.

ആവർത്തനവിരസതയും വൈവിധ്യം ഇല്ലായ്മയും കൊണ്ട് സാനറ്റോറിയത്തിലെ ജീവിതം വിരസമായിത്തീരുന്നു. ഇക്കാരണത്താൽ കാലഗണന പോലും സാധ്യമാവാതെ വരുന്ന അവസ്ഥ സംജാതമാകുന്നു.

തുടർന്ന് രോഗിയായ കാസ്റ്റോർപ് മഞ്ഞു മൂടികിടക്കുന്ന മലയിടുക്കുകളിലൂടെ ഡോക്ടറുടെ വിലക്ക് ലംഘിച്ച് വിസ്മയക്കാഴ്ചകളിൽ ആറാടി അനുഭവങ്ങൾ ആർജിച്ച് വഴിതെറ്റി നടത്തുന്ന മഞ്ഞിലൂടെയുള്ള 'സ്കീയിംഗ്' വിവരിക്കുന്ന 'സ്നോ' എന്ന അദ്ധ്യായം ഈ നോവലിനെ ലോകോത്തരമാക്കുന്ന ഒന്നാണ്.

ആരെ കാണാനാണോ കാസ്റ്റോർപ് സാനറ്റോറിയത്തിൽ എത്തിയത് ആ ബന്ധവും സുഹൃത്തുമായ ജൊവാക്കിം രോഗം മൂർച്ഛിച്ച് അന്തരിക്കുന്നു. ഇത് കാസ്റ്റോർപ്പിന്റെ ഹൃദയത്തെ അഗാധമായി സ്പർശിക്കുന്നു.

ഏഴുവർഷം സാനിറ്റോറിയത്തിൽ കഴിഞ്ഞ കാസ്റ്റോർപ്പ് രോഗമുക്തനായതായി ഡോക്ടർ പ്രഖ്യാപിക്കുന്നു. ആർജിതാനുഭവങ്ങൾ രൂപാന്തരപ്പെടുത്തുന്ന കാസ്റ്റോർപ്പ് അന്തരിച്ച ബന്ധുവിനോടുള്ള കടപ്പാട് എന്ന വണ്ണം ഒരു പട്ടാളക്കാരനാവാൻ തീരുമാനിക്കുന്നു.



നോവൽ അവസാനിക്കുന്നത് 'അങ്ങനെ ഹാൻസ് കാസ്റ്റോർപ്പിന്റെ കഥ അവസാനിച്ചു' എന്ന് പറഞ്ഞു കൊണ്ടാണ്. അഥവാ ഇനി എന്തെങ്കിലും പറയണമെങ്കിൽ അത് മറ്റൊരു കഥയായിരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ടും.

വിക്ടർ യൂഗോയ്ക്കും ദസ്തയേവ്സ്കിക്കും ടോൾസ്റ്റോയിക്കും ശേഷം അഗാധ ചിന്തകളും ആഴത്തിലുള്ള വർണ്ണനയും കൊണ്ട് ശ്രദ്ധേയമായ നോവലാണ്, 'അത്ഭുതകരമായി പിറന്ന കൃതി'യെന്ന് പോലും വിശേഷിപ്പിക്കപ്പെട്ട തോമസ് മന്നിന്റെ 'മാജിക് മൗണ്ടൻ'.

• • • • • • • • • • • • • • • •

March Film Festival

ഫിലിം വിഷൻ
Digital Magazine Published by Filca Film Society

World Literature & World Cinema Part-IX

filca

# തോമസ് മാന്റെ നോവൽ മാജിക് മൗണ്ടൻ ആസ്പദമാക്കിയുള്ള ചലച്ചിത്രം



**സാബു ശങ്കർ**
(നോവലിസ്റ്റ് , ഫിലിം റൈറ്റർ , സംവിധായകൻ)



തോമസ്മാൻ

നോബൽ പുരസ്കാര ജേതാവ് തോമസ് മാന്റെ നോവൽ ആസ്പദമാക്കിയുള്ള സിനിമ. 'മാജിക്ക് മൗണ്ടൻ'.1982 ൽ ആസ്ട്രിയ - ഫ്രാൻസ് -ജർമ്മനി എന്നീ രാജ്യങ്ങളുടെ സഹകരണത്തോടെ നിർമ്മിച്ചത്. 153 മിനിറ്റ് ദൈർഘ്യം. സംവിധാനം - ഹാൻസ് ഡബ്ലിയു ഗീബെൻഡർഫെർ .

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, ഒരു കപ്പൽശാലയിൽ എഞ്ചിനീയറായി ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരനായ ഹാൻസ് കാസ്റ്റോർപ്പ്, ഡാവോസിനടുത്തുള്ള ഒരു ക്ഷയരോഗ സാനിറ്റോറിയത്തിൽ തന്റെ കസിൻ ജോക്കിം സീംസെൻ എന്ന സൈനിക ഉദ്യോഗസ്ഥനെ സന്ദർശിക്കാൻ സ്വിസ് ആൽപ്സിലെ ക്ഷയരോഗികൾക്കുള്ള സാനിറ്റോറിയമുള്ള ബെർഗോഫിലേക്ക് മലകയറുന്നു. മൂന്ന് ആഴ്ച ബെർഗോഫിൽ തുടരാൻ ഉദ്ദേശിക്കുന്ന ഹാൻസ് , അവിടെയുള്ളവരുടെ ചുറ്റുവട്ടത്തിൽ ആകൃഷ്ടനാവുന്നു. താമസം തുടരുന്നു . അവിടെ വ്യാപിക്കുന്ന രോഗാതുരമായ അന്തരീക്ഷത്താൽ ക്രമേണ അണുബാധിതനാവുന്നു .


തോമസ്മാന്റെ നോവൽ നമ്മെ മറ്റൊരു ലോകത്തേക്ക് കൊണ്ടുപോകുന്നു. കഥാപാത്രങ്ങൾ അവരുടെ അഞ്ച് കോഴ്സ് അത്താഴത്തോടൊപ്പം പൈനാപ്പിൾ കഴിക്കുന്നത് പോലെ സാനിറ്റോറിയത്തിലെ നിയമങ്ങൾ വ്യത്യസ്തമാണ്. മാന്ത്രിക പർവതം പോലുള്ള കെട്ടിടത്തിലെ കർശനമായ ചട്ടങ്ങൾ നല്ലതിനോ ചീത്തയ്ക്കോ ആവാം. അത് എന്തിനെക്കുറിച്ചാണെന്ന് മനസ്സിലാക്കാൻ അന്വേഷകർ അതിലേക്ക് പ്രവേശിക്കണം.

മറ്റുള്ളവരെപ്പോലെ ഒരു രോഗിയായി കണക്കാക്കപ്പെടാൻ വളരെയധികം ആഗ്രഹിച്ച അദ്ദേഹം തന്റെ അന്വേഷണത്തിന്റെ ഭാഗമായി ഏഴ് വർഷത്തോളം സാനിറ്റോറിയത്തിൽ തുടരുന്നു. ഈ സമയത്ത്, മതേതര മാനവികവാദിയായ സെറ്റെംബ്രിനിയും ഏകാധിപത്യ ജെസ്യൂട്ട് ആയ നാഫ്തയും പരസ്പരം ഏറ്റുമുട്ടുന്ന ഉഗ്രമായ ദാർശ

നിക സംവാദങ്ങളിൽ പങ്കെടുക്കാൻഅദ്ദേഹത്തിന് അവസരം ലഭിക്കുന്നു. റഷ്യൻ സുന്ദരിയും എന്നാൽ നിഗൂഢയുമായ ക്ലോഡിയ ചൗച്ചട്ടുമായി പ്രണയത്തിലുമായി .

ഹാൻസ് കാസ്റ്റോർപ്പ് സാനിറ്റോറിയത്തിലെ വിവിധ കഥാപാത്രങ്ങളിലൂടെ എന്തോ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്.റഷ്യൻ മാഡം ചൗചാറ്റ്, ഗംഭീര വ്യക്തിത്വമുള്ള ഡച്ചുകാരൻ പീപ്പർകോൺ, ഇറ്റാലിയൻ സെറ്റെംബ്രിനി, ജൂത ജെസ്യൂട്ട് നാഫ്ത... വൈവിധ്യമാർന്ന വിഷയങ്ങളാണ് അവർ ചർച്ച ചെയ്യുന്നത് .

മാജിക് മൗണ്ടൻ നിരവധി പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു വലിയ പുസ്തകമാണെന്ന് പറയാം. വളരെ ചിന്താപരവും സംവേദനാത്മകവുമായ ഒരു പുസ്തകം. മുതിർന്നവർക്കായി എഴുതിയ ഒരു നോവലാണിതെന്നാണ് വിർജീനിയ വൂൾഫിന്റെ അഭിപ്രായം. ചെറുപ്പക്കാരെ രസിപ്പിക്കാൻ ഒരു ആക്ഷനും ഇല്ല. വായനക്കാരും കഥാപാത്രങ്ങളും അനുഭവിക്കുന്ന വികാരങ്ങൾ ബുദ്ധിപരമാണ്. വരികൾക്കിടയിലെ സ്നേഹത്തിന്പോലും മാനവികമായ ഒരു രഹസ്യം ഉണ്ട്. അതെല്ലാം തന്നെ സിനിമയിലും വ്യക്തമാണ് .






സമൂഹത്തിൽ കുടുംബങ്ങളെ ഉപേക്ഷിക്കാനോ നിരപരാധികളെ കൊല്ലാനോ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ഉത്സാഹത്തെ തോന്നിപ്പിക്കുന്നു. 'എന്താണ് ജീവിതം?' എന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങളിൽ കഥാനായകൻ ആഴത്തിൽ ഇടപഴകുന്നുണ്ട്. 'ഞാൻ എന്തുചെയ്യണം?'. 'ആരെയാണ് കുറ്റപ്പെടുത്തേണ്ടത്?'. മനുഷ്യന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു ചോദ്യമാണിത്.

ഗീതം, വൈദ്യശാസ്ത്രം, സാങ്കേതികം എന്നീ രീതികളിൽ, തോമസ് മാൻ നമ്മെ ചോദ്യങ്ങളുടെ ലോകത്തേക്ക് തള്ളിവിടുന്നു. ഒരു മഹാനായ മാന്ത്രികന്റെ സാന്നിധ്യത്തിൽ എന്നപോലെ, ഏറ്റവും ചെറിയ ആറ്റങ്ങൾ മുതൽ ഏറ്റവും വലിയ നക്ഷത്രങ്ങൾ വരെ, മറ്റ് കഥാപാത്രങ്ങളും വായനക്കാരും ഹാൻസ് കാസ്റ്റോർപ്പും ഉത്തരങ്ങൾ തേടുമ്പോൾ ഒരു സങ്കീർണ്ണലോകം കടന്നുപോകുന്നതായി തോന്നും. അത് യാഥാർഥ്യത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു .

ആറ്റം ഊർജ്ജം നിറഞ്ഞ ഒരു പ്രപഞ്ചവ്യവസ്ഥ പോലെയാണ്. അതിൽ ഗ്രഹങ്ങൾ സൂര്യനുതുല്യമായ ഒരു കേന്ദ്രത്തിന് ചുറ്റും ഭ്രാന്തമായി കറങ്ങുന്നു. ധൂമകേതുക്കൾ അതിന്റെ ഈഥറിലൂടെ പ്രകാശവേഗത്തിൽ ഓടുന്നു. കാമ്പിന്റെ ഗുരുത്വാകർഷണത്താൽ



അവയുടെ വികേന്ദ്രീകൃത ഭ്രമണപഥങ്ങളിൽ പിടിച്ചു നിൽക്കുന്നു. അത് വെറുമൊരു രൂപകമല്ല. ഒരു ബഹുകോശ ജീവിയുടെ ശരീരത്തെ 'കോശങ്ങളുടെ നഗരം' എന്ന് വിളിക്കുന്നത് പോലുള്ള ഒരു രൂപകമാണ് മാജിക് മൗണ്ടൻ .

ഒരു നഗരം, ഒരു സംസ്ഥാനം, ഒരു സമൂഹം എന്നിവ ജൈവ ജീവിതവുമായി താരതമ്യപ്പെടുത്താവുന്നവയല്ല. മറിച്ച് പ്രകൃതിയുടെ ഏറ്റവും ആന്തരികമായ ഇടങ്ങൾ തന്നെയാണ് . അവിടെയും നക്ഷത്രങ്ങളുടെ മാക്രോ മാക്രോ കോസ്മിക് ലോകാനുഭവം ഉണ്ടായേക്കാം. മാജിക് മൗണ്ടൻ എന്ന രൂപകം പ്രേക്ഷകരുടെ ധ്യാനാത്മകത ആവശ്യപ്പെടുന്നു .

1914 -ന്റെ ഒടുവിൽ ഹാൻസ് കാസ്റ്റോർപ്പ് ഡിസ്ചാർജ് ചെയ്യപ്പെടുന്നു - മറ്റ് രോഗികളോടൊപ്പം . മാന്ത്രിക പർവതത്തിൽ നിന്ന് അയാൾ മലയിറങ്ങുന്നു. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരതകളിലേക്കാണ് അവർ എത്തിച്ചേരുന്നത് . വീണ്ടും നിരവധി ചോദ്യങ്ങളിലേക്ക് ; അപഗ്രഥനങ്ങളിലേക്ക് .

മാജിക് മൗണ്ടനിലെ ഉള്ളടക്കം ഒരുതരം ഗവേഷണങ്ങളാണ്.സിനിമയിലും അത് കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നു. അതിനാൽ അസാധാരണമായ സംഭാഷണങ്ങൾ കാണികൾ പ്രത്യേകം ശ്രദ്ധിക്കണം . രണ്ട് കഥാപാത്രങ്ങൾ എല്ലാറ്റിനുമുപരി ഇതിൽ പ്രധാനപ്പെട്ടതാണ് -ലോഡോവിക്കോ സെറ്റെംബ്രിനിയും ലിയോ നാഫ്തയും. അക്ഷരാർത്ഥത്തിൽ പരസ്പരം അടുത്ത് താമസിക്കുന്ന ഈ രണ്ടുപേരും നോവലിലെ ഹാൻസ് കാസ്റ്റോർപ്പിന് മികച്ച അധ്യാപകർ കൂടിയാണ് .

ഹാൻസ് കാസ്റ്റോർപ്പ് സാനിറ്റോറിയത്തിൽ ചികിത്സയ്ക്കായി സ്വയം സമർപ്പിക്കുന്നതുപോലെ, ദി മാജിക് മൗണ്ടൻ അനുഭവിക്കാൻ പ്രേക്ഷകൻ സ്വയം സമർപ്പിക്കണം



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX
filca

# തോമസ് മൻ (മാജിക് മൗണ്ടൻ)



ഡോ. പി. അജികുമാർ
(ഫിൽക്ക)



നോബൽ സമ്മാനജേതാവായ ജർമ്മൻ നോവലിസ്റ്റും സാമൂഹ്യ വിമർശകനും സർവ്വോപരി മനുഷ്യ സ്നേഹിയുമായ എഴുത്തുകാരനായിരുന്നു 'പോൾതോമസ് മൻ'.

ജർമ്മനിയിലെ ല്യൂബെക്കിൽ 1845 -ൽ പിറന്ന 'മന്നി'നെ ഇരുപതാം നൂറ്റാണ്ടിലെ യൂറോപ്യൻ സാഹിത്യത്തെ ഏറെ സ്വാധീനിച്ച എഴുത്തുകാരനായി കണക്കാക്കുന്നു. സാമൂഹിക ജീവിതം, മനുഷ്യ മനശ്ശാസ്ത്രം, സംസ്കാരം, രാഷ്ട്രീയ പ്രശ്നങ്ങൾ എന്നിവയെ 'മൻ' ആഴത്തിൽ അവതരിപ്പിച്ചു.

വ്യാപാരിയായിരുന്നെങ്കിലും കലകളോടും സാഹിത്യത്തോടും താൽപര്യമുള്ള പിതാവിൽ നിന്നും സാഹിത്യത്തോടും എഴുത്തിനോടുമുള്ള താൽപര്യം ബാല്യത്തിൽ തന്നെ 'തോമസ് മന്നി'നു ലഭിച്ചു.

ബിംബാത്മകവും വിരോധാഭാസവുമായ മൂർച്ചയുള്ള രചനകളിലൂടെ യൂറോപ്പിന്റെയും ജർമ്മനിയുടെയും ആത്മാവിനെ മൻ വിശകലന വിധേയമാക്കി. ബൈബിൾ, ജർമ്മൻ കഥകളും ഗൊയ്ഥേ, ഷോപ്പനോവർ, ഫ്രഡറിക് നീഷേ എന്നിവരുടെ സ്വാധീനവും ആശയങ്ങളും ഇദ്ദേഹത്തിന്റെ കൃതികളിൽ കാണാനാകും.

'ഫ്രോയ്ഡി'ന്റെയും 'യുങ്ങി'ന്റെ യും മനോവിജ്ഞാനീയ പാതകൾ 'മന്നി'ന് സുപരിചിതമായിരുന്നു. ഗൊയ്ഥേയും ഷില്ലറും മന്നിലെ കലാകാരന്റെ വളർച്ചയെ സ്വാധീനിച്ചു. ഗൊയ്ഥേയുടെ ക്ലാസ്സിക് പക്ഷപാതവും ഷില്ലറുടെ ശുദ്ധകലാവാദവും ചേർന്ന സരിണിയായിരുന്നു 'മന്നി'ന്റെ സാഹിത്യം.


1929 ൽ, 'ബുഡൻ ബ്രൂക്സ് (1901) ', 'മാജിക് മൗണ്ടൻ'(1924),കൂടാതെ ഒട്ടനവധി ചെറുകഥകൾക്കുമുള്ള അംഗീകാരമായി അദ്ദേഹം നോബൽ സമ്മാനാർഹനായി.

'ല്യൂബെക്കി'ലെ ഒരു കച്ചവട കുടുംബത്തിന്റെ മൂന്നു തലമുറകളിലൂടെയുള്ള പതനത്തിന്റെ കഥയാണ് 'ബുഡൻ ബ്രൂക്സ്' പറയു

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-IX


ന്നത്. ഇതിൽ നോവലിസ്റ്റിന്റെ കുടുംബവും ആത്മാംശവും ഉള്ളതായി വിലയിരുത്തുന്നു. ഒരു പരമാധികാര രാജവാഴ്ചയുടെ പതനം വിവരിക്കുന്ന ഈ നോവൽ ജർമ്മനിയുടെ ദാർശനികവും സൗന്ദര്യാത്കവുമായ പാരമ്പര്യത്തിന് സംഭവിച്ച അപഭ്രംശം ധ്വന്യാത്മകമായി തുറന്നു കാട്ടുന്നു. രാജ്യത്തിന്റെ യാഥാസ്ഥിതിക രാഷ്ട്രീയ സാംസ്കാരിക കാഴ്ചകൾ ഇതിൽ കാണാൻ കഴിയും.

ഒരവധിക്കാലം വെനീസിൽ ചെലവഴിച്ച 'തോമസ് മൻ' തന്റെ ഹോട്ടലിൽ ഒരു പോളിഷ് യുവാവിനെക്കണ്ട് ആകൃഷ്ടനായതാണ് 1913 ൽ പുറത്തിറങ്ങിയ 'ഡെത്ത് ഇൻ വെനിസി ന്' പ്രചോദനം. വ്യക്തിപരം എന്ന് പറയാമെങ്കിലും കാലത്തിന്റെ പക നിറഞ്ഞ പരിണാമം ഇതിൽ കാണാം. വ്യക്തിസത്തയിൽ നിന്ന് രൂപപ്പെട്ട





അനുഭവങ്ങളിൽ തളയ്ക്കപ്പെട്ടവനാണ് ഇതിലെ 'അഷൻ ബേക്കൻ'.അയാൾ നേരിടുന്ന ദുരന്തങ്ങൾക്ക് പിന്നിൽ കാലത്തിന്റെ കറുത്ത കരങ്ങളുണ്ട്.

പഴയ നിയമത്തിലെ ജോസഫിന്റെ കഥയ്ക്കു 'മൻ 'നൽകുന്ന സ്വതന്ത്ര ഭാഷ്യമാണ് ' ജോസഫ് ആൻഡ് ഹിസ് ബ്രദേഴ്സ് ' (1933 - 1943 ). യുങ്ങ് അവതരിപ്പിച്ച ബാഹ്യ പ്രകൃതത്തെയും ആന്തരിക ഭാവത്തെയും അതിന്റെ സംഘർഷത്തെയും ഇവിടെ വിശകലന വിധേയമാക്കുന്നു. ഈജിപ്റ്റിന്റെ പാരമ്പര്യ




വും സ്വന്തം കുടുംബ ത്തിന്റെ പാരമ്പര്യവും രണ്ട് വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ഒരു വ്യക്തിയിൽ പ്രതിഫലിക്കുന്നതും അന്യവൽക്കരിക്കപ്പെടുന്നതും 'മൻ' ഇതിൽ അവതരിപ്പിക്കുന്നു.

ഇടിഞ്ഞു വീഴാറായ കാലത്തിന്റെയും അതിൽ വിശ്വസിക്കുന്ന ജനതയുടെയും പര്യവസാനം മറ്റൊരു കൃതിയായ 'റോയൽ ഹൈനസ്സി'ൽ ചിത്രീകരിച്ചിരിക്കുന്നു.അപകടകരമായി മായി ജീവിക്കുക എന്ന നീഷെയുടെ ദർശനത്തിന്റെ സ്വാധീനം തോമസ് മന്നിൽ കാണാനാകും. ജീവിതത്തിന് ചില പുതിയ സാധ്യതകളുണ്ടെന്നും അത് അപകടകരമായി ജീവിക്കുക എന്ന ബോധത്തിൽ നിന്നും ഉയിർക്കൊള്ളേണ്ടതാണെന്നും 'മൻ ' വിശ്വസിച്ചിരുന്നു.



യൂറോപ്പിന്റെ സാംസ്കാരിക ജീവിതത്തിന് സംഭവിച്ച മൂല്യച്യുതിയും ജർമ്മനിയുടെ ഒഴിവാക്കാനാവാത്ത ശിഥിലീകരണവും 'മന്നി'നെ വൈകാരികമായി ഏറെ സ്വാധീനിച്ചു. അങ്ങനെ ആധുനിക മനുഷ്യന്റെ വേട്ടയാടപ്പെട്ട മനസ്സിനെ ചിത്രീകരിച്ച കൃതിയാണ്' ' മാജിക് മൗണ്ടൻ' (1924 ) .

രോഗാതുരമായ ഒരു കാലത്തെ അടയാളപ്പെടുത്താൻ അദ്ദേഹം ക്ഷയരോഗ സാനിറ്റോറിയത്തെ പ്രതീകമാക്കി. സാനിറ്റോറിയത്തിൽ കഴിയുന്ന തന്റെ മാതുലനെ കാണാനും കുറച്ചു ദിവസം അവിടെ തങ്ങുവാനും ഉദ്ദേശിച്ചുപോയ ' ഹാൻസ് ക്യാസ്റ്റോർവ്' പലകാരണങ്ങളാൽ ഏഴുവർഷക്കാലം അവിടെ കുടുങ്ങിപ്പോകുന്നു.ക്ഷയരോഗാശുപത്രിയിൽ അയാൾ കണ്ടുമുട്ടുന്ന വ്യത്യസ്ത കഥാപാത്രങ്ങളിലൂടെ സമകാലീന യൂറോപ്യൻ സമൂഹത്തിന്റെ അന്ത: ഛിദ്രങ്ങൾ 'മൻ' അനാവരണം ചെയ്യുന്നു.

ഒരു സംഗീത സംവിധായകന്റെ ജീവിതത്തിലൂടെ, രണ്ടാം ലോകമഹായു ദ്ധത്തിലേക്ക് പ്രവേശിക്കുന്ന ജർമ്മനി യുടെ സാംസ്കാരികാധ:പതനത്തിന്റെ കഥയാണ് ' ഡോക്ടർ ഫൗസ്റ്റസി'ൽ (1947) പറയുന്നത്.





തോമസ് മൻ അവസാനമായി രചന നിർവ്വഹിച്ചതും എന്നാൽ അപൂർണ്ണവുമായ നോവലാണ് 'ഫെലിക്സ് ക്രുള്ളിന്റെ കുമ്പസാരം'.

നാസി ഭരണകാലത്ത് ജർമ്മനിയിലെ രാഷ്ട്രീയ സാഹചര്യങ്ങൾ കാരണം അദ്ദേഹത്തിന് രാജ്യത്തു നിന്നും മാറിത്താമസിക്കേണ്ടി വന്നു. തുടർന്ന് സ്വിറ്റ്സർലണ്ടിൽ കുടിയേറിയ 'തോമസ് മൻ' 1955 ആഗസ്റ്റ് 12 ന് സൂറിച്ചിൽ കഥാവശേഷനായി.

ആഴമുള്ള ചിന്തകളും മനശ്ശാസ്ത്രപരമായ വിശകലനങ്ങളും കൊണ്ട് സമ്പന്നമാണ് 'മന്നി' ന്റെ കൃതികൾ. മനുഷ്യ ജീവിതത്തിന്റെ സങ്കീർണ്ണതകളെ അതിന്റെ എല്ലാ അർത്ഥത്തിലും അദ്ദേഹം കലാപരമായി ആവിഷ്കരിച്ചു. കലയും ജീവിതവും തമ്മിൽ, കുടുംബവും സമൂഹവും തമ്മിൽ, ബൗദ്ധിക ജീവിതവും സാമാന്യ ജീവിതവും തമ്മിൽ, ഇങ്ങനെ വൈവിധ്യമാർന്ന സംഘർഷാത്മകത അദ്ദേഹത്തിന്റെ സൃഷ്ടികളിൽ കാണാം.

സമൂഹത്തിന്റെ കൊള്ളരുതായ്മകളെ വിമർശനാത്മകമായി ചിത്രീകരിക്കുന്നതോടൊപ്പം , കലാകാരന്റെ ധർമ്മം എന്താണെന്നും എന്തിനും മീതെയാണ് സ്വാതന്ത്ര്യം എന്നും 'തോമസ് മന്നി' ന്റെ കൃതികൾ ഉദ്ഘോഷിക്കുന്നു.

March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society


World Literature & World Cinema Part-IX

filca

# ഹാൻസ്. ഡബ്ല്യു. ഗൈസെൻഡോർഫർ: മാജിക് മൗണ്ടൻ സിനിമയുടെ സംവിധായകൻ



ഗിരിജ സുരേന്ദ്രൻ
( ഫിൽക്ക)



ജർമ്മൻ സംവിധായകൻ, എഴുത്തുകാരൻ, ചലച്ചിത്ര നിർമ്മാതാവ് എന്നീ നിലയിൽ അറിയപ്പെട്ടിരുന്ന ഒരു വ്യക്തിയാണ് ഗൈസെൻഡോർഫർ.

അദ്ദേഹം ന്യൂസ്റ്റാഡ്റ്റ് ആൻ ഡെർ ഐഷിൽ ഒരു പാസ്റ്ററുടെ കുടുംബത്തിലെ അംഗമായി വളർന്നു. പിതാവ് ഒരു സൈനിക പുരോഹിതൻ ആയിരുന്നു. ഗൈസെൻഡോർഫർ ജനിച്ചതിന് തൊട്ടു പിന്നാലെ അദ്ദേഹം മരിച്ചു.ഗൈസെൻഡോർഫർ പിന്നീട് വിൻഡ്സ്ബാക്ക് ജിംനേഷ്യത്തിൽ പഠിക്കുകയും ഹൈസ്കൂളിൽ നിന്ന് ബിരുദം നേടുകയും ചെയ്തു.

1962 മുതൽ 1967 വരെ, മാർബർഗ്, എർലാഞ്ചൻ, വിയന്ന, സൂറിച്ച് എന്നിവിടങ്ങളിൽ അദ്ദേഹം ജർമ്മൻ ഭാഷയും സാഹിത്യവും, നാടക പഠനങ്ങളും, മനഃശാസ്ത്രവും, ആഫ്രിക്കൻ ഭാഷകളും പഠിച്ചു.

പഠനകാലത്തും പഠനം ഉപേക്ഷിച്ചതിനുശേഷവും അദ്ദേഹം യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിലൂടെ സഞ്ചരിച്ചു. ടെലിവിഷൻ സ്റ്റേഷനുകൾ വാങ്ങിയ 16 എംഎം സിനിമകൾ അദ്ദേഹം ചിത്രീകരിച്ചു. ചില സന്ദർഭങ്ങളിൽ പുനർനിർമ്മിച്ച ശേഷം പ്രക്ഷേപണം ചെയ്തു.

1968-ൽ അദ്ദേഹം മ്യൂണിക്കിലേക്ക് താമസം മാറി. അവിടെ വിം വെൻഡേഴ്സ് പോലുള്ള മറ്റ് ചലച്ചിത്ര നിർമ്മാതാക്കൾക്കൊപ്പം തന്റെ ചലച്ചിത്ര പരിജ്ഞാനം വികസിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടറായി കുറച്ചുകാലം പ്രവർത്തിച്ചതിനുശേഷം, അദ്ദേഹം തന്റെ ആദ്യ ടെലിവിഷൻ ചിത്രങ്ങൾ സംവിധാനം ചെയ്തു.

1971-ൽ, ന്യൂ ജർമ്മൻ സിനിമാ പ്രസ്ഥാനത്തിലെ മറ്റ് സംവിധായകരുമായി ചേർന്ന് അദ്ദേഹം ഫിലിം വർലാഗ് ഡെർ ഓട്ടോറെൻ (ഓട്ടോഴ്സിന്റെ ചലച്ചിത്ര പ്രസാധകർ) സ്ഥാപിച്ചു. തുടർന്നുള്ള വർഷങ്ങളിൽ, അദ്ദേഹം സങ്കീർണ്ണമായ സാഹിത്യ ചലച്ചിത്രാവിഷ്കാരങ്ങൾ, ത്രില്ലറുകൾ, ചരിത്ര നാടകങ്ങൾ എന്നിവ സംവിധാനം ചെയ്തു.

അദ്ദേഹത്തിന്റെ 'ദി ഗ്ലാസ് സെൽ' എന്ന ചിത്രം 1979-ൽ മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു.




1982-ൽ, ഗെയ്സെൻഡോർഫർ സ്വന്തം നിർമ്മാണ കമ്പനിയായ ഗെയ്സെൻ ഡോർഫർ ഫിലിം- ഉൻഡ് ഫെർണെഷ് പ്രൊഡക്ഷൻ ജിഎംബിഎച്ച് അല്ലെങ്കിൽ ചുരുക്കത്തിൽ ജിഎഫ്എഫ് ജിഎംബിഎച്ച് സ്ഥാപിച്ചു.

1985 മുതൽ 2019 വരെ, ഡബ്ല്യുഡി ആറുമായി സഹകരിച്ച്, ദീർഘകാലമായി പ്രചരിച്ചിരുന്ന ആദ്യത്തെ ജർമ്മൻ ടെലിവിഷൻ പരമ്പരയായ ലിൻഡൻസ്ട്രാസ് നിർമ്മിച്ചു. ഇതിനായി ഗെയ്സെൻഡോർഫർ ഇടയ്ക്കിടെ സംവിധാനം ചെയ്തു.

2003-ൽ ജർമ്മൻ ഫിലിം അക്കാദമിയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായിരുന്നു ഗീസെൻഡോർഫർ. 2011-ൽ, എല്ലാ ജർമ്മൻ ചലച്ചിത്ര നിർമ്മാണങ്ങളും പ്രദർശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള വീഡിയോ-ഓൺ-ഡിമാൻഡ് പോർട്ടലായ alleskino.deയുടെ സഹസ്ഥാപകരിൽ ഒരാളായിരുന്നു .

പൊതുസ്ഥലത്ത്, ഗൈസെൻഡോർഫർ എപ്പോഴും ഒരുക്യാപ്റ്റന്റെ കമ്പിളി തൊപ്പി ധരിക്കാറുണ്ട്. അത് 'വൺ ഫ്ലൂ ഓവർ ദി കുക്കൂസ് നെസ്റ്റ്' എന്ന സിനിമയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു അതിലെ പ്രധാന കഥാപാത്രമായ ജാക്ക് നിക്കോൾസന്റെ ഒരു ശൈലി ആണെന്ന് പറയുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, കുട്ടിക്കാലത്ത് കഠിനമായ സൈനസൈറ്റിസ് ബാധിച്ചതിനെത്തുടർന്ന്, ഡോക്ടർമാർ എപ്പോഴും ഒരു തൊപ്പി ധരിക്കാൻ ഉപദേശിച്ചതിനാൽ ആണത്രേ.

സംവിധായികയായ ഹാന ഗൈസെൻഡോർഫർ, അദ്ദേഹത്തിന്റെ മകളാണ്.ന്യൂസ്റ്റാഡ് ഹൈസ്കൂൾ അധ്യാപികയും ട്രോംബോൺ ഗായകസംഘ ഡയറക്ടറും (1968 മുതൽ) ആണ്. സംഗീതസംവിധായകനായ ഡയറ്റർ ഗൈസെൻഡോർഫർ (1939-2012) അദ്ദേഹത്തിന്റെ സഹോദരനാണ്.



**Film Vision Monthly March 2026.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




★★★
★ 13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com